കാലം ഒരുപാട് കഴിഞ്ഞു, പിന്നീട് കോളേജിൽ പഠിക്കുന്ന കാലം, രാഷ്ട്രീയത്തിൽ ഞാനും കുറച്ചൊക്കെ സജീവമായിരുന്നു, ഞാൻ പഠിച്ചിരുന്ന പാലക്കാട് എൻ.എസ്.എസ്. എഞ്ചിനിയറിംഗ് കോളേജ് നിൽക്കുന്ന മണ്ഡലത്തിന്റെ എം.എൽ.എ കൂടിയായിരുന്നു അന്നത്തെ മുഖ്യമന്ത്രിയായിരുന്ന വി.എസ്. എല്ലാത്തിലും, പ്രത്യേകിച്ചു രാഷ്ട്രീയത്തിൽ വളരെ ഫ്ലെക്സിബിളായ ഒരാളായിരുന്നു ഞാൻ. ആ ഫ്ലെക്സിബിലിറ്റി ഞാൻ എന്റെ സഹപ്രവർത്തകരിൽ നിന്നും പ്രതീക്ഷിച്ചിരുന്നു. നമുക്ക് പരിചയമുള്ള, അർഹരാണ് എന്ന് എനിക്ക് തോന്നുന്ന ആളുകൾക്ക് ഒരു ശുപാർശ ചെയ്യുവാനും, മറ്റാരെയെങ്കിലും കൊണ്ട് ചെയ്യിപ്പിക്കാനും എനിക്ക് ഒരു മടിയില്ലായിരുന്നു. പക്ഷേ വി.എസ് ശുപാർശകൾ ചെയ്യുകയോ, ചെയ്യാൻ അനുവദിക്കുകയോ ചെയ്യാത്ത ഒരാളായിരുന്നു. എല്ലാത്തിലും കാർക്കശ്യം, ചതുരവടിവിലുള്ള സംസാരം, ഒരു വിട്ടുവീഴ്ചയും ഇല്ലാത്ത പെരുമാറ്റം, അതിൽ എല്ലാറ്റിലുമുപരി പാർട്ടി ചട്ടക്കൂടുകൾക്ക് പുറത്തു പലപ്പോളും പോകുന്ന സ്വഭാവം എന്ന് പലവിധ കാരണങ്ങൾ കൊണ്ടും ഞാൻ അപ്പോളേക്കും ഒരു വി.എസ്. വിരുദ്ധനായി മാറിയിരുന്നു. അത് കൊണ്ട് തന്നെ വി എസിനു ഒപ്പം പങ്കെടുക്കാൻ സാധ്യമായ ഒരു പരിപാടികളിലും ഞാൻ പങ്കെടുത്തിരുന്നില്ല എന്നതാണ് സത്യം. അത് കൊണ്ട് തന്നെ അദ്ദേഹത്തിനെ കാണാനും സംസാരിക്കാനും ഒക്കെ കിട്ടിയ പല അവസരങ്ങളും വേണ്ട എന്ന് മനഃപൂർവം വെക്കുകയും ചെയ്യും. ഇത് ഒക്കെകൂടാത്ത മറ്റൊരു കാരണവും കൂടെ ഉണ്ടായിരുന്നു, മലമ്പുഴക്കാർ പ്രതേകിച്ച് മുണ്ടൂരുള്ള കുറേയധികം പാർട്ടിക്കാർ എന്ന് പറയുന്നതാകും കുറച്ചുകൂടി ശരി. അവർ വലിയ രീതിയിൽ വി എസിന്റെ ഒരു ഫാൻസ് അസോസിയേഷൻ പോലെ പ്രവർത്തിക്കുന്നതായി എനിക്ക് തോന്നിയിരുന്നു അതിൽ കുറച്ചൊക്കെ കാര്യവുമുണ്ട് എന്ന് ഇപ്പോളും എനിക്ക് തോന്നാറുണ്ട്. ആശയങ്ങൾക്കാണ് വ്യക്തികൾക്കല്ല പ്രാധാന്യം എന്ന് വിശ്വസിക്കുന്ന എനിക്ക് അത് ഉൾകൊള്ളുവാനും കഴിഞ്ഞില്ല.

അങ്ങനെ വി എസിന്റെ മുഖ്യമന്ത്രി പദത്തിന്റെ കാലാവധി 2011ൽ കഴിയാറാകുന്ന സമയം, എന്റെ ഫൈനലിയറും കഴിയുന്ന സമയം. പല ഉഹാപോഹങ്ങൾക്കും അവസാനമായി വി എസ് വീണ്ടും മലമ്പുഴയിൽ മത്സരിക്കാൻ പോകുന്നുവെന്ന പ്രഖ്യാപനം എത്തി. തുടർഭരണത്തിനു നല്ല സാധ്യതകളുണ്ട് എന്ന് നിരീക്ഷകരും പാർട്ടിയും ഒക്കെ വിലയിരുത്തി. വി എസിനു മണ്ഡലത്തിൽ മാത്രം ഒതുങ്ങി പ്രചാരണം സാധ്യമല്ല അത് കൊണ്ട് തന്നെ മുഴുവൻ പ്രവർത്തകരും വളരെ കാര്യക്ഷമമായി പ്രവർത്തിക്കണം എന്ന് പാർട്ടി നിർദ്ദേശം വന്നു, അതിന്റെ ആദ്യ പടിയായി വി എസ് പാലക്കാട് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചതിനു ശേഷം ആദ്യമായി വരുന്ന ദിവസം, റെയിൽവേ സ്റ്റേഷനടുത്തുള്ള കുറച്ച് പ്രവർത്തകർ സ്വീകരിക്കാൻ എത്തണം എന്ന നിർദ്ദേശം ലഭിച്ചു. പോകാതെ തരമില്ല പാർട്ടി പറഞ്ഞതാണ്, അങ്ങനെ അവസാനം വി എസിനെ കാണാൻ, അല്ല സ്വീകരിക്കാൻ വലിയ മനസൊന്നുമില്ലാത്ത ഞാനും പോകാൻ തീരുമാനിച്ചു.

പക്ഷേ ഞങ്ങൾ പാലക്കാട് റെയിൽവേസ്റ്റേഷനിൽ എത്തുമ്പോഴേക്കും അവിടെ ഒരു മഹാജന സാഗരം. അമൃത എക്സ്പ്രസിലാണ് അദ്ദേഹം വരുന്നത്, ട്രെയിൻ അല്പം വൈകിയെന്ന് തോന്നുന്നു പക്ഷേ ആർക്കും അതിനെ കുറിച്ച് ഒരു ആശങ്കയും ഇല്ലാത്ത പോലെ എനിക്ക് തോന്നി, പാർട്ടി പ്രവർത്തകരുടെ ഒരു 10 ഇരട്ടി സാധാരണ ജനങ്ങൾ അദ്ദേഹത്തിനെ കാണാൻ അവിടെ ഉണ്ടായിരിന്നു എന്ന് എനിക്ക് മനസിലായി. വലിയ തിരക്കുണ്ടെങ്കിലും ഒരു ബഹളവും അവിടെ അതുവരെയില്ലാ. എല്ലാവരും വി എസ്നെ പ്രതീക്ഷിച്ചിരിക്കുന്നു. പെട്ടന്നാണ് നിശ്ശബ്ദതകളെ ഭേദിച്ചുകൊണ്ട് ട്രെയിൻ എത്തിയത്. വി എസ് വരുന്ന കംപാർട്ട്മെന്റ് അറിയാവുന്ന ഞങ്ങൾ ശരിയായ സ്ഥലത്ത് നിന്നു, പക്ഷേ അത് നിശ്ചയമില്ലാത്ത ആളുകൾ അദ്ദേഹം എവിടെയാണ് വന്നു ഇറങ്ങുക എന്നറിയാതെ ട്രെയിനിന് ഒപ്പവും എതിർ ദിശയിലും ഓടിക്കൊണ്ടിരുന്നു. ട്രെയിൻ അതിന്റെ വേഗത കുറച്ചു പതുക്കെ നിർത്തി. പ്രതീക്ഷിച്ച അതേ കംപാർട്ട്മെന്റിൽ നിന്നും വി എസ് എന്ന 88 വയസുകാരൻ പതുക്കെ ട്രെയിനിന്റെ പടികളിറങ്ങിയതും, പാലക്കാട്ടെ കരിമ്പനകളെ ത്രസിപ്പിക്കുമാർ ഉറക്കെ ജനങ്ങൾ ആർത്തുവിളിച്ചു "കണ്ണേ കരളേ വി എസെ ഞങ്ങളുടെ നെഞ്ചിലെ റോസാ പൂവേ". പിന്നെ അവിടെ ഞാൻ കണ്ടത് അതിനാടകീയ മുഹൂർത്തങ്ങളായിരുന്നു. ചിലർ കരയുന്നു, ചിലർ ചങ്കുപൊട്ടുമാറ് വി എസെ എന്ന് വിളിക്കുന്നു ചിലർ അദ്ദേഹത്തിന്റെ അടുത്ത് എത്താൻ ഓടുന്നു, പക്ഷേ ഇതിന്റെ ഒക്കെ മുന്നിൽ അക്ഷോഭ്യനായി ആ 88 വയസുകാരൻ ഗൗരവം ഒട്ടും മാറാതെ നിന്നു. ഒരു പാതി ചിരിയും മുഷ്ടി ഉയർത്തി അഭിവാദ്യവും മാത്രം നൽകി ടൗൺ ഹാളിൽ വെച്ച് എല്ലാവരെയും കാണാം എന്ന് പറഞ്ഞു, എന്റെ സുഹൃത്തും, പാർട്ടി നേതാവുമായ ദാസേട്ടന്റെ കൈയിൽ ചെറുതായി പിടിച്ചുകൊണ്ട് ആ തിരക്കിൽ നടന്നു വെളിയിലേക്ക് നടന്നുനീങ്ങി. ഞാനും അവർക്ക് ഒപ്പം നടന്നെങ്കിലും എന്റെ മനസ്സിൽ മുഴവൻ ഇവിടെ ഈ മനുഷ്യരുടെ പ്രവർത്തികളെ മുഴുവനായി റാഷണലൈസ് ചെയ്യാൻ പറ്റാത്ത വിഷമത്തിലായിരുന്നു, അത് കൊണ്ട് തന്നെ മുദ്രാവാക്യങ്ങൾ ഒന്നും ഏറ്റു വിളിക്കാതെ ഞാനും എന്തൊക്കയോ ചിന്തിച്ചുകൊണ്ട് പിറകിൽ നടന്നു.

പിന്നീട് തിരിച്ചു കോളേജിലേക്കുള്ള യാത്രയിലും പിന്നെ കുറേ ദിവസങ്ങൾ തന്നെയും എന്റെ ആലോചന മുഴുവൻ വി എസിനു ഈ 88-ാമത് വയസ്സിലും ലഭിക്കുന്ന ആരും കൊതിക്കുന്ന ജനങ്ങളുടെ വൈകാരികമായ അടുപ്പത്തെക്കുറിച്ചായിരുന്നു. ആ ആലോചനയിൽ എനിക്ക് തോന്നിയത് ഒരു പക്ഷേ ഞാൻ ആഗ്രഹിക്കുന്ന പോലെ എപ്പോളും സൗമ്യമായി പെരുമാറുന്ന, ആളുകളുടെ തോളിൽ കൈയിട്ട് നടക്കുന്ന, പാലുകാച്ചലിനും കല്യാണത്തിനും പോയി പങ്കെടുക്കുന്ന വരേക്കാൾ ജനമനസുകളിൽ ആഴത്തിൽ വേരുറപ്പിക്കാൻ സാധിക്കുന്നത് അവരുടെ പ്രശ്നങ്ങൾക്കും, വ്യാകുലതകൾക്കും, അതിജീവനത്തിനും, നീതിക്കും, അതിനെല്ലാം ഉപരിയായി പറയുന്ന വാക്കുകളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ നേതാക്കളെയാകും. ആ യോഗ്യത ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഉണ്ടായിരുന്ന നേതാവ് ഒരു പക്ഷേ വി എസ് തന്നെയാകും. വി എസിനെ കേവലം പാർട്ടി ചട്ടക്കൂടിനുള്ളിൽ മാത്രം നിർത്തിയാണ് ഞാൻ ചിന്തിച്ചിട്ടുള്ളത്, അങ്ങനെ മാത്രം കാണാതെ ഈ നാട്ടിലെ അരികുവത്കരിക്കപെട്ട മനുഷ്യർ വി എസിൽ ഒരു രക്ഷകനെ കണ്ടിരിക്കാം എന്ന് എന്നെ ആദ്യമായി ചിന്തിപ്പിച്ചത് ആളുകളുടെ ആ വൈകാരികപ്രകടനമായിരുന്നു. വി എസിനെ ആ ഒരു രീതിയിൽ ഞാൻ ആദ്യമായി മനസിലാക്കാൻ ശ്രമിക്കുന്നതും അന്ന് മുതലാകാം എന്ന് എനിക്ക് തോന്നുന്നു.

വി എസിന്റെ ചരിത്രവും വർത്തമാനവും അത് കേരളത്തിന്റെ ചരിത്രവും വർത്തമാനവും തന്നെയല്ലേ എന്ന് എനിക്ക് തോന്നി തുടങ്ങി. വളരെ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപെട്ട വി എസിനു നഷ്ടപ്പെടുവാൻ ഇനി ഒന്നും ഇല്ല എന്ന ബോധ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നിരിക്കണം. ആരും ഇല്ലാത്തവന് ദൈവവും ഇല്ല എന്ന് പറഞ്ഞു ജനങ്ങൾക്ക് വേണ്ടി ജീവിക്കാൻ ഇറങ്ങിയ വേലിക്കകത്തു ശങ്കരൻ മകൻ അച്യുതാനന്ദൻ. ആ രാഷ്ട്രീയജീവിതം ആരംഭിക്കുന്നത് അടിസ്ഥാനവർഗത്തിന്റെ ഭൂമിക്ക് വേണ്ടിയുള്ള അവകാശങ്ങൾക്ക് വേണ്ടിയായിരുന്നു, അത് പിന്നീട് സ്വാതന്ത്ര്യ സമരത്തിലും, തിരുവിതാംകൂറിലെ ദിവാന്റെ അമേരിക്കൻ മോഡൽ ഭരണനയത്തിനും എതിരായ അനവധി പോരാട്ടങ്ങളിലേക്കും അദ്ദേഹത്തിനെ എത്തിച്ചു. ദിവാൻ ഭരണം അവസാനിച്ചു, ബ്രിട്ടീഷ്കാർ തിരികെ പോയി, ഇന്ത്യ റിപ്പബ്ലിക്ക് ആയി, പലരും തങ്ങളുടെ സമരങ്ങൾ അവസാനിപ്പിച്ചു സ്വതന്ത്ര ഇന്ത്യ മഹാരാജ്യത്തിന്റെ തണലിൽ അവർ ഇനി ഒന്നും ചെയ്യാനില്ല എന്ന് കരുതി ഒന്നും ചെയാതെയിരിന്നു. പക്ഷേ വി എസ്, തന്റെ സമരങ്ങൾ അവസാനിപ്പിച്ചില്ല എന്ന് മാത്രമല്ല, വർധിത വീര്യത്തോടെ പുതു

പിറവി കൊണ്ട് രാഷ്ട്രത്തിന്റെ പുതിയ കാലത്തിന്റെ അസമത്വത്തിനും അനീതിക്കുമെതിരെ തന്റെ സമരങ്ങൾ തുടർന്നുകൊണ്ടായിരുന്നു. വി എസ്. അദ്ദേഹം മുന്നിൽ നിന്ന് നയിച്ച നൂറു കണക്കിന് സമരങ്ങളുടെ ചരിത്രം അതിനു സാക്ഷിപറയും. സ്ത്രീകളുടെ അവകാശ സമരങ്ങൾ, പ്ലാച്ചിമടയിലെ കൊക്കാകോള സമരവും, ഗാഡ്ഗിൽ വിഷയത്തിൽ അദ്ദേഹത്തിന്റെ കർക്കശമായ നിലപാട്, ഓപ്പൺ സോഴ്സ് നയരൂപീകരണം ഉൾപ്പെടെ സാധാരണ ജനങ്ങൾക്കും അവരുടെ നീതിക്കും വേണ്ടിയുള്ള നിലപാടുകളിൽ ഒരിക്കൽ പോലും അദ്ദേഹം വീഴ്ചവരുത്തിയിട്ടില്ല എന്ന ഉറച്ച ബോധ്യം പിന്നീട് ഓരോ വിഷയത്തിലും വി എസിനെ സൂക്ഷ്മമായി പഠിക്കുവാൻ തുടങ്ങിയ എനിക്ക് മനസിലായി. പക്ഷേ എന്നെ കൂടുതൽ ത്രസിപ്പിച്ചത് തന്റെ 90-ാമത് വയസിലും അദ്ദേഹം കാണിച്ച ചുറുചുറുക്കാണ്, 90 വയസിലും 20 വയസുള്ള ആരോഗ്യവാന്മാർക്ക് പോലും ഇല്ലാത്ത ഊർജവും ശക്തിയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അങ്ങനെ ഏറ്റവും പാശ്വവത്കരിക്കപെട്ട മനുഷ്യർക്ക് വേണ്ടി ശക്തിയുക്തം നിലകൊള്ളുന്ന വി എസിനെ, ജനങ്ങൾ അവരുടെ നെഞ്ചിലേറ്റുന്നതിനു പിന്നെ ഒരിക്കലും എനിക്ക് അത്ഭുതം തോന്നിയിട്ടില്ല, അല്ല വി എസ് എന്ന മനുഷ്യന്റെ ജീവിതമറിയുന്ന ആർക്കും ആ ബോധ്യം ഉണ്ടാക്കും എന്നതാണ് സത്യം.

ശാരീരികസ്ഥിതി കാരണം കഴിഞ്ഞ കുറച്ചു കാലമായി സജീവ രാഷ്ട്രീയത്തിൽനിന്ന് പിൻവാങ്ങിനിന്ന അദ്ദേഹം നമ്മളെ വിട്ട് പോകുമ്പോൾ രാഷ്ട്രീയകേരളത്തിനു മാത്രമല്ല സമരപോരാട്ടങ്ങളുടെ വർത്തമാന-ഭാവി ഭൂമികയിൽ ഒരു വലിയ ശൂന്യത അവസാനിപ്പിച്ചു കൊണ്ടാണ് പോകുന്നതെങ്കിലും വരും തലമുറയുടെ പോരാട്ടങ്ങൾക്ക് അഗ്നി ചിറകുകൾ നൽകി അദ്ദേഹത്തിന്റെ ജീവചരിത്രം ഇവിടെ അവശേഷിക്കും എന്ന് തീർച്ച.

കേരളം കണ്ട എക്കാലത്തെ വലിയ crowd puller, മരണം വരെയും താൻ വിശ്വസിച്ച ആശയങ്ങൾക്കും, തൊഴിലാളികൾക്കുമായി ജീവിച്ച, സമരങ്ങളുടെ അമരനായ അമരക്കാരൻ വേലിക്കകത്തു ശങ്കരൻ അച്യുതാന്ദന് അന്ന് റെയിൽവേ സ്റ്റേഷനിൽ വിളിക്കാതെ മാറ്റിവച്ച ആ മുദ്രാവാക്യത്തോടുകൂടി ഹൃദയപൂർവം ഞാൻ വിടനൽകുന്നു.

***കണ്ണെ കരളെ വിയസെ,***
***ഞങ്ങളുടെ നെഞ്ചിലെ റോസാപ്പൂവേ.***

എന്ന് സ്നേഹപൂർവ്വം
പഴയ ഒരു വി.എസ് പ്രതികൂലി



# നവഭാരതം

ഉണരട്ടെ, ഉണരട്ടെ,
നവയുഗ ഭാരതമുണരട്ടെ!
ഭാരതമക്കൾ ജനകോടികൾ
പുതു പുലരിയിലേയ്ക്ക് കുതിയ്ക്കട്ടെ

ആർത്തു ചിരിയ്ക്കും കുട്ടികൾ
ഇന്നിവിടോണപ്പൂക്കളമെഴുതട്ടെ
അവരുടെ നെഞ്ചിൽ നുരയും പാൽപ്പുഴ
സരയുവിലേയ്ക്ക് കുതിയ്ക്കട്ടെ

നമ്മുടെ പാതയിലമ്പിളി
തുമ്പപ്പൂക്കളമെഴുതട്ടെ
ഒന്നായ്ച്ചേരും നമ്മുടെ ഐക്യം
നന്മയിലേയ്ക്ക് നയിയ്ക്കട്ടെ

കാണം വിൽക്കാതോണം കൂടാൻ
ഈശൻ നമ്മിൽ കനിയട്ടെ
തിന്മകൾ മറയാൻ ഓണം പുലരാൻ
മാബലി നാട് ഭരിയ്ക്കട്ടെ

നന്മകൾ നിറയും നമ്മുടെ നാടോ
നാളെപ്പൊൻകുട അണിയട്ടെ
അതുകണ്ടെന്നുടെ ഉള്ളിൽ നിറയെ
പുളകപ്പൂക്കൾ വിരിയട്ടെ

അജ്ഞത മാറ്റാനറിവ് നിറയ്ക്കാൻ
അക്ഷരം കയ്യിലെടുക്കട്ടെ
അയിത്തം മാറ്റാൻ തീണ്ടല് മാറ്റാൻ
സാക്ഷരർ തെരുവിലിറങ്ങട്ടെ

മതവിദ്വേഷം തുലയട്ടെ
സാഹോദര്യം പുലരട്ടെ
ചോരക്കറകൾ മായ്ക്കാനായ
സ്നേഹപ്പുഴയൊന്നൊഴുകട്ടെ

അഭിമാനത്താൽ പൂരിതമാകും
നെഞ്ചിൽ ചോര തിളയ്ക്കട്ടെ
പാരിൻ നടുവിൽ ഭാരതമൊരു
ചെറു താരക പോലെ തിളങ്ങട്ടെ

ഉണരട്ടെ, ഉണരട്ടെ,
നവഭാരത ശിൽപ്പികളുണരട്ടെ!
നവയുഗ, നവയുഗ ഭാരതമുണരട്ടെ !



ഗോപകുമാർ പിള്ള

# അതിര്

ആഞ്ഞു വിരിച്ച് പറക്കും ചിറകിൽ
ആവേശത്തിൻ തിരയിളകി
അന്നൊരുകൂട്ടം പക്ഷികളങ്ങനെ
കടലു കടന്ന് പറക്കുന്നു
തിരയും തീരവുമൊക്കെ ചിറകടി
അകലത്തേക്ക് മറയ്ക്കുന്നു.
ചിലത് പറഞ്ഞും ചിറകു തളർന്നാൽ
പിറകിൽ താഴ്ന്നു പറന്നെല്ലാം
വരി വരിയായവർ കടലിന്നപ്പുറം
ഒരു കര തേടി പോകുന്നു..

അങ്ങേ കോണിൽ ചെന്നിറമായി
അർക്കൻ പതിയെ താഴുമ്പോൾ
ആ വരി മുന്നിൽ ആഞ്ഞു പറക്കും
മൂത്തവൻ അവരോടൊന്നോതി
ഇരുളാറായി ഇനിയും നമ്മൾക്ക്
ഒരുപടി ദൂരം പോവണം
ഇനി ആമന്തത്തിൽ കഥകളുമോതി
പതിയെ പോയാൽ ഇരവാകും
എന്നത് കേട്ടോരെല്ലാം ചിറകുകൾ
വീശി വിരിച്ച് പറക്കുമ്പോൾ
പിറകെ തെല്ലിട ദൂരം മാറി
പതിയെ പോവുന്നൊരുവൻ അവൻ
മുന്നിൽ പോവും മൂപ്പൻ പക്ഷികൾ
കേൾക്കാനെന്നത് പോൽ ചൊല്ലി..

അതിരുകൾ കെട്ടി മനുഷ്യർ
ഭരിക്കാത്തിടം ഏതേലും പറയാമോ
പാരിതിലെത്ര പക്ഷി മൃഗാദികൾ
എങ്കിലും എങ്ങനെ ഇവർ മാത്രം
വേലി തിരിച്ച് കളങ്ങൾ വരച്ചും
ഭൂമിയിൽ അതിരു വരയ്ക്കുന്നു
ഈ ലോകത്തിലെ ഇത്രയും അധികം
ജീവികൾ ഈ അതിരിൽ പെടുമോ
അങ്ങനെയെങ്കിൽ ദേശാടകരാം
നമ്മുടെ നാടേത് അതിരേത്..?



**ഷാനു ചന്ദ്രൻ** (സീഷാ)



കാതിൽ തട്ടിയ ചോദ്യം അതങ്ങനെ
ചിന്തകളായി പടരുമ്പോൾ
മുന്നേ പോവും പക്ഷിയിൽ ഒന്നവൻ
ഒന്നാവേഗം കുറയുന്നു
പെട്ടെന്നുത്തരം എന്തോ കിട്ടിയ പോലാ
കണ്ണുകൾ തെളിയുന്നു
പിന്നെയുറക്കെ കേൾക്കും പോലവൻ
എല്ലാരോടും പറയുന്നു..

നോക്കൂ, നമ്മൾ പോവും വഴിയിൽ
തിങ്ങി കൂടും മേഘങ്ങൾ
അവതൻ ഗതിയിനി എങ്ങോട്ടേക്കെന്ന്
അതിരു വരയ്ക്കാൻ കഴിയുന്നോ
താഴെ, പരന്നു പടർന്നു കിടക്കും
സാഗരവും നീ കാണുന്നോ
അതിലെ ജലമിനി എങ്ങോട്ടൊഴുകി
പോകണമെന്നവർ പറയുന്നോ
മഴ പെയ്യുമ്പോൾ മനുഷ്യരവർക്ക്
അതിനതിര് തിരിയ്ക്കാൻ ആവുന്നോ
നദികൾ പുഴകൾ ജലാശയം അങ്ങനെ
അതിരില്ലാത്തവ എന്തെല്ലാം
പക്ഷി മൃഗാദികൾ ഒന്നിനും
അവരുടെ അതിരെ തെല്ലു മതിപ്പില്ല..

പല വർഗ്ഗങ്ങൾ, ഭാഷ, വേഷം,
പലതും വെച്ച് മുറിച്ചിവിടം
പലതായി പറയുന്നീ ലോകത്തെ
ചിലരുടെ താല്പര്യത്തിലവർ
അതിരുകൾ തീർത്തതിനുള്ളിൽ
ഇരുന്നവർ ലോകസമത്വം പറയുന്നു
അതിരു വരച്ചതിനിരു പുറവും
നിന്നതിനെ ചൊല്ലി കലഹിച്ചും
വരകൾ മാറ്റി വരയ്ക്കും തമ്മിൽ
യുദ്ധം ചെയ്യും മണ്ണടിയും..

അതിരുകളില്ലാതീ മനോഹര
ഭൂമിയിൽ വാഴാൻ കഴിയാത്തോർ
ദേശം തോറും ചിറകു വിരിച്ച്
പറന്നു നടക്കാൻ കഴിയാത്തോർ
അന്നന്നത്തെ ഇര മാത്രം
മറ്റൊരു ചിന്തയും ഇല്ലാതെ
ജീവിക്കുന്നൊരു സുഖം എന്താണ്
എന്നൊരുനാളും കണ്ടറിയാത്തോർ
അതിരു തിരിച്ചും തമ്മിലടിച്ചും
അവരുടെ കാലം കഴിയുന്നു..

അങ്ങനെ ചിലത് പറഞ്ഞു പറന്നും
പക്ഷിക്കൂട്ടം പോവുന്നു
അതിരുകളില്ലാ കരകൾ തേടി
അകലത്തേക്ക് പറക്കുന്നു..!

# Art Work





Isabel Grace






Arjun






Rachel Vincent






Ayush Prashant





Vihaan S. Nair



# ഒറ്റക്കയ്യൻ

സീഷാ



ഗോപാല ചാമി ജയിൽ ചാടി..! രാവിലെ തന്നെ ടിവിയിലെ ബ്രേക്കിംഗ് ന്യൂസ് കണ്ടാണ് അവൻ ഉണർന്നത്. പല്ലു തേച്ചുകൊണ്ട് അതിനു മുന്നിലേക്ക് പോയി റിപ്പോർട്ടറുടെ ആവേശം നിറഞ്ഞ വിവരണം കേട്ട് നിന്നു. ജയിലഴികൾ മുറിച്ച് പുറത്ത് കടന്നെന്ന്. ഒറ്റ കയ്യും കൊണ്ട് ആ ജയിലിന്റെ വലിയ മതിൽ കെട്ടിൽ തുണി കെട്ടി ഇറങ്ങിയെന്ന്. ഇലക്ട്രിക് ഫെൻസ് ഉള്ള മതിൽ അയാൾ ഒരു കുഴപ്പവും വരാതെ ഊർന്നു പോയെന്ന്. എന്തൊക്കെയോ ദുരൂഹതകൾ പോലെ..

''അമ്മേ കാപ്പി..'' അമ്മ കാപ്പിയുമായി വന്നു.

''ഡാ.. നീയിന്നു ജോലി കഴിഞ്ഞ വരുമ്പോൾ ചിറ്റേടെ വീട്ടിലൊന്നു കേറണേ.. കുറച്ച് മാങ്ങ എടുത്ത് വെച്ചിട്ടുണ്ടെന്ന് അവൾ വിളിച്ച് പറഞ്ഞാരുന്നു.''

''മ്മ്..'' നീട്ടി മൂളിക്കൊണ്ട് കാപ്പിയും കയ്യിലെടുത്ത് അവൻ പറമ്പിലേക്ക് നടന്നു. ഗപ്പികളെ വളർത്തുന്ന ഒരു ചെറിയ ടാങ്ക് ആണ് ലക്ഷ്യം. ഇത് പതിവുള്ള കാര്യമാണ്. കാപ്പി കുടിച്ച് കഴിയുന്നത് വരെ അവരെ നോക്കിയിരിക്കും.

ഇന്ന് മനസ്സിൽ മുഴുവൻ ഗോപാല ചാമി തന്നെ. നീചനായ മനുഷ്യൻ. പതിനഞ്ചു വർഷങ്ങൾക്ക് മുൻപ് ഒരു പാവം പെൺകുട്ടിയെ ട്രെയിനിൽ നിന്നു തള്ളിയിട്ട് പീഡിപ്പിച്ച് കൊന്ന ഒറ്റക്കയ്യൻ. വധശിക്ഷ എന്തൊക്കെയോ കാരണത്താൽ മാറിപ്പോയി, ജയിലിൽ തുടരുന്നവൻ. ഇവനൊക്കെ എന്നേ മരിക്കേണ്ടവൻ തന്നെയല്ലേ. നിയമത്തിന്റെ ആനുകൂല്യത്തിൽ ഇപ്പോഴും സുഖമായി ജീവിക്കുന്നു. ജയിൽ ചാടി രക്ഷപെടുന്നു. ചിന്തകൾ അവനെ വിട്ടു പോവുന്നില്ല.



അല്ല, ഈ ഒറ്റക്കയ്യനെ നാട്ടിലെ ജനങ്ങൾക്ക് കണ്ടു പിടിക്കാൻ എളുപ്പമല്ലേ. വാർത്ത അറിയാത്തതായി ഇപ്പോൾ നാട്ടിൽ ആരും തന്നെ കാണുകയും ഇല്ല. എന്ത് ധൈര്യത്തിൽ ആണ് അയാൾ ജയിൽ ചാടിയത്. പുറംലോകത്ത് ഒരാൾക്ക് പോലും



അയാളോട് അനുകമ്പ ഉണ്ടാവില്ലല്ലോ. ഒരു കൂട്ടം നാട്ടുകാരുടെ കയ്യിൽകിട്ടിയാൽ അയാളെ അവർ തല്ലി കൊല്ലില്ല എന്നാരു കണ്ടു. 'ഹാ കൊല്ലട്ടെ..! ഇവനൊക്കെ ചാവുന്നതാ നല്ലത്..!' അവൻ സ്വയം പറഞ്ഞു. എന്നിട്ട് ടാങ്കിലേക്ക് നോക്കി കാപ്പി കുടിച്ച് ഇരുന്നു.

അടുത്ത പറമ്പിൽ ഒരു അനക്കം കേട്ടാണ് അവൻ തലപൊക്കി നോക്കിയത്. വാടകക്കാർ ഒഴിഞ്ഞു പോയതിൽ പിന്നെ നാലഞ്ചു മാസമായി ആ വീട് ഒഴിഞ്ഞു കിടപ്പാണ്. വല്ലപ്പോഴും ഉടമസ്ഥർ വന്നു പറമ്പിലെ കാടൊക്കെ ഒന്ന് ഒതുക്കും. കീരിയും ഈനാംപേച്ചിയും പാമ്പും ഒക്കെ പല തവണ കണ്ടിട്ടുണ്ട്. അത് വല്ലതും ഓടുന്നതാവും.

അല്ല.. അതൊരു മനുഷ്യ രൂപം തന്നെ. വാഴക്കൂട്ടത്തിന് ഇടയിലൂടെ അവൻ അത് കണ്ടു. വെളുത്ത ഷർട്ടും കറുത്ത പാന്റ്സും ധരിച്ച മെലിഞ്ഞ ഒരു താടിക്കാരൻ. ആരും കാണാതിരിക്കാൻ എന്നോണം പതുങ്ങിയാണ് ചലനങ്ങൾ. അയാൾ കുറച്ചുകൂടി മുന്നിലേക്ക് നടന്നു മാറുമ്പോൾ അവൻ അയാളെ വ്യക്തമായി കണ്ടു. അവന്റെ ഉള്ളിലൊരു വെള്ളിടി വെട്ടി. അയാളുടെ ഇടത്തേ കൈത്തണ്ട മുറിഞ്ഞു പോയിരിക്കുന്നു. ഒറ്റക്കയ്യൻ..! ഇത് അയാൾ തന്നെയല്ലേ.. ഗോപാല ചാമി..!

നടുക്കത്തിൽ നിന്നു പുറത്ത് വരാൻ അവനു കുറച്ച് സമയമെടുത്തു. രാവിലെ മുതൽ മനസിന് സ്വസ്ഥത തരാത്തവൻ. ആ കൊടും ക്രിമിനൽ ഇതാ തന്റെ കൺമുന്നിലൂടെ പോവുന്നു. എന്ത് ചെയ്യണം എന്നറിയാതെ അവൻ അവിടെ തന്നെ ഇരുന്നു. ഇപ്പോഴും അയാൾ അവന്റെ കൺമുൻപിൽ തന്നെയുണ്ട്. പതിയെ അയാൾ ആ പറമ്പിലെ കിണറ്റിൻ കരയിലെത്തി ആരും കാണുന്നില്ലെന്ന് ചുറ്റും നോക്കി ഉറപ്പിച്ച് ഒറ്റകൈ പിടിച്ച് പതുക്കെ അതിലേക്ക് ഇറങ്ങി. അയാൾ അതിൽ ഒളിക്കാനുള്ള ശ്രമമാണ്, അവനു മനസിലായി. ഉടനെ പോലീസിനെ വിളിക്കാം. അവൻ നടുക്കത്തിൽ നിന്ന് ഉണർന്നു. ഫോൺ മുറിയിലാണ്. അവൻ വേഗം മുറിയിലേക്ക് നടന്നു. വീടിനുള്ളിലേക്ക് കയറുമ്പോൾ എന്തോ ചിന്തയിലെന്നപോലെ അവന്റെ വേഗത കുറഞ്ഞു.

അയാളെ പോലീസ് കൊണ്ട് പോയാൽ എന്താണ് ഉണ്ടാവുക. ജയിൽ ചാടിയതിനു ശിക്ഷ കിട്ടുമായിരിക്കും. ജയിൽ കാലാവധി അല്പം കൂടി കൂടിയേക്കാം. അല്ലാതെ എന്ത് ഉണ്ടാവാൻ.

കുറച്ച് നാളായി നല്ല മഴയാണ്. കിണറ്റിൽ നിറയെ വെള്ളമുണ്ട്. അയാളുടെ ഒറ്റക്കൈ അബദ്ധത്തിൽ ഒന്ന് തെന്നിയാൽ അയാൾ അതിൽ വീണു ചത്തോളും. കുറച്ച് നേരം നോക്കാം. അവൻ തീരുമാനിച്ചു. വേഗം മുറിയിലേക്ക് നടന്നു, ഫോൺ എടുത്ത് പോക്കറ്റിൽ ഇട്ട് പുറത്തേക്ക് ഓടി. ''നിനക്ക് പോവാൻ സമയം ആയില്ലേ..'' അമ്മ അടുക്കളയിൽ നിന്ന് വിളിച്ച് ചോദിക്കുന്നുണ്ട്. അവൻ അത് ശ്രദ്ധിക്കാതെ വേഗം പറമ്പിലേക്ക് വന്നു. അടുത്ത പറമ്പിൽ അനക്കങ്ങൾ ഒന്നും ഇല്ല. അയാൾ ആ കിണറ്റിൽ തന്നെ. വാഴക്കൂട്ടങ്ങളുടെ മറപറ്റി ഗപ്പി ടാങ്കിനോട് ചേർന്ന് അവൻ ഇരുന്നു. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവന് സമാധാനം ഇല്ലാതെയായി. പോലീസിനെ വിളിച്ചില്ല. എങ്ങാനും അയാൾ ഇപ്പോൾ കിണറ്റിൽ നിന്ന് കയറി വേറെ എങ്ങോട്ടേക്കെങ്കിലും പോയാലോ. എനിക്ക് പിന്നെ ഒന്നും ചെയ്യാൻ പറ്റില്ലല്ലോ. ഇനി, ആ കിണറ്റിലെ വെള്ള



ത്തിൽ വീണു വെള്ളംകുടിച്ച് ചത്തിട്ടുണ്ടാവുമോ.. ഒന്ന് പോയി നോക്കിയാലോ.. അവനവിടെ ഇരിക്കാൻ കഴിഞ്ഞില്ല. പോയി നോക്കാം. അവൻ പതിയെ എഴുന്നേറ്റ് കിണറു ലക്ഷ്യമാക്കി നടന്നു. പറമ്പിന്റെ അതിരിൽ ദ്രവിച്ച് തുടങ്ങിയ ഒരു വേലിയുണ്ട്. കാലൊന്നു പൊക്കി വെച്ചാൽ കടക്കാവുന്നതേ ഉള്ളു. പകുതിയും പൊളിഞ്ഞു കിടപ്പാണ്. പെട്ടെന്നാണ് അവന് തോന്നിയത്, ഞാൻ പോയി നോക്കുമ്പോൾ അയാൾ എന്നെ കണ്ടാൽ...? ഒറ്റക്കയ്യൻ ആണെങ്കിലും ശക്തനാണ് അയാൾ. ഒരു പെൺകുട്ടിയെ ക്രൂരമായി കൊന്നയാൾ. ജയിൽ ചാടി ഇവിടെ വരെ എത്തിയ ഒരാൾ. അയാൾ രക്ഷപെടാൻ വേണ്ടി ആക്രമിക്കില്ല എന്ന് എന്താണ് ഉറപ്പ്. പൊളിഞ്ഞു കിടന്ന വേലിയിൽ നിന്നും സാമാന്യം നല്ല നീളമുള്ള ഒരു വലിയ തടി അവൻ വലിച്ചൂരി. അയാൾ തന്നെ കണ്ടാൽ രക്ഷപെടണമല്ലോ. അതുമായി ശബ്ദമുണ്ടാക്കാതെ കിണറിന്റെ അരികിലേക്ക് നടന്നു. അടുക്കും തോറും അവന്റെ നെഞ്ചിടിപ്പ് കൂടി കൂടി വന്നു. അയാൾ വെള്ളത്തിൽ വീണു ചത്തിട്ടുണ്ടാവുമോ. ഏതായാലും നോക്കുക തന്നെ. അവൻ പതിയെ കിണറ്റിലേക്ക് എത്തി നോക്കി. ആരെയും കാണുന്നില്ല. കിണറ്റിലാകെ പാഴ്ചെടികൾ വളർന്നു നിറഞ്ഞിരിക്കുന്നു. ഒന്നുകൂടി സൂക്ഷിച്ചു നോക്കി. അതാ ചെടികൾക്കിടയിലൂടെ രണ്ടു കണ്ണുകൾ അവനെ തന്നെ നോക്കുന്നു. അയാൾ അവനെ കണ്ടിരിക്കുന്നു. അവൻ എന്ത് ചെയ്യണം എന്നറിയാതെ പകച്ചു നിൽക്കുമ്പോൾ ആ രൂപം അവിടെ നിന്ന് എഴുന്നേറ്റ് വേഗം മുകളിലേക്ക് വലിഞ്ഞു കയറാൻ നോക്കുന്നു. അവന് മറ്റൊന്നും തോന്നിയില്ല, കയ്യിലിരുന്ന തടികൊണ്ട് അയാളെ ആഞ്ഞൊന്ന് അടിച്ചു. ചെടികൾക്ക് മുകളിലൂടെ ആ അടി കൃത്യമായി അയാളുടെ തലയിൽതന്നെ കൊണ്ടു. അടി കൊണ്ടതും കൈവിട്ട് അയാൾ കിണറ്റിലേക്ക് വീണു. രാവിലെ മുതലുള്ള ചിന്തകളും ആ നിമിഷം എവിടെ നിന്നോ കിട്ടിയ ധൈര്യവുംകൊണ്ട് അവൻ ആ തടി കൊണ്ട് അയാളെ വെള്ളത്തിലേക്ക് കുത്തി താഴ്ത്തി. സർവ ശക്തിയും എടുത്ത് അവൻ അങ്ങനെ തന്നെ നിന്നു. വെള്ളത്തിൽ നിന്നു വലിയ പ്രതികരണങ്ങൾ ഒന്നും ഇല്ലെന്ന് അവന് തോന്നി. ബോധം പോയിട്ടുണ്ടാവുമോ. അവൻ പതിയെ തടി മുകളിലേക്ക് ഉയർത്തി. അയാളുടെ അനക്കം ഇല്ല. ആ ശരീരം വെള്ളത്തിൽ താഴ്ന്നു പോയിരിക്കുന്നു. താൻ ചെയ്തത് എന്താണെന്നുള്ള ബോധം അവന് വരുന്നത് അപ്പോഴാണ്. താനൊരാളെ കൊന്നിരിക്കുന്നു. ശരീരം ആകെ ഒരു മരവിപ്പ് പോലെ. ഇനി എന്താണ് ചെയ്യുക.. അവന്റെ കാലുകൾ ചലിക്കുന്നില്ലെന്നു തോന്നി. എങ്കിലും അവൻ പാടുപെട്ട് വീട്ടിലേക്ക് നടന്നു. കയ്യിലിരുന്ന തടി വേലിയോട് ചേർത്ത് വെച്ച ശേഷം മുറിയിലേക്ക് പോയി. പോലീസിനെ വിളിക്കാം. താനൊരു കൊലപാതകം ചെയ്തെന്ന് അവരോട് പറയാം. ഇനി വരുന്നതൊക്കെ അനുഭവിക്കുക തന്നെ. പോലീസ്.. കോടതി.. പത്രക്കാർ.. ജയിൽ.. ജീവിതം തന്നെ കൈവിട്ടു പോയെന്ന് അവന് തോന്നി..

പെട്ടെന്നവൻ ഓർത്തു, പറയുന്നതിൽ കുറച്ച് മാറ്റങ്ങൾ വരുത്തിയാൽ രക്ഷപെട്ടാലോ... അയാളെ കിണറ്റിൽ നിന്നു രക്ഷിക്കാൻ തടി ഇട്ടു കൊടുത്തെന്നും, അതിൽ പിടിച്ചു കയറാൻ ശ്രമിക്കുമ്പോൾ കൈ തെന്നി വെള്ളത്തിൽ വീണെന്നും, അവിടെ നിന്നു കയറാൻ ആവാതെ മുങ്ങി മരിച്ചെന്നും പറഞ്ഞാലോ.. ചിലപ്പോൾ കൊലപാതകത്തിനുള്ള ശിക്ഷ കിട്ടാതിരിക്കും. അങ്ങനെ തന്നെ പറയാം. അവൻ തീരുമാനിച്ചു. വിറയ്ക്കുന്ന കൈകളുമായി ഫോൺ എടുത്തു. ഡയൽ ചെയ്യാൻ പറ്റുന്നില്ല, കൈ അനങ്ങാത്ത പോലെ. അവന് ഒരു കാര്യം മനസിലായി. പോലീസിനെ വിളിച്ച് അങ്ങനെ ഒരു കാര്യം പറയാനുള്ള ധൈര്യം തനിക്കില്ല. എന്തായാലും ചെയ്തത് ചെയ്തു. തെറ്റോ ശരിയോ, അറിയില്ല. ഇനി വരുന്നിടത്ത് വെച്ച് കാണാം. അവൻ തീരുമാനിച്ചു. വേഗം കുളിച്ച് വേഷം മാറി ബാഗും എടുത്ത് പുറത്തേക്ക് ഇറങ്ങി.

''നീയൊന്നും കഴിക്കുന്നില്ലേ..'' അമ്മ വിളിച്ച് ചോദിക്കുന്നുണ്ട്. ''ഇല്ല....'' അവൻ ധൃതിയിൽ നടന്നു.

അടുത്തുള്ള പെട്രോൾ പമ്പിലാണ് ജോലി. എത്തിയ ഉടനെ ബാഗും വെച്ച് ജോലിക്ക് കയറി. ലേറ്റ് ആയതിന്റെ നീരസം മാനേജരുടെ മുഖത്ത് കാണാം. വാഹനങ്ങൾ വരിയായി കിടപ്പുണ്ട്. ഇനി വൈകുന്നത് വരെ തിരക്കാണ്. കൂടെയുള്ളവരൊക്കെ അവനെ ശ്രദ്ധിക്കുക പോലും ചെയ്യാതെ ഓടി നടക്കുന്നു.

ഏതു നിമിഷവും പോലീസ് വരാം. നാട്ടുകാരുടെ മുന്നിൽ നിന്നു തന്നെ പിടിച്ച് കൊണ്ട് പോവാം. ഇനി എനിക്ക് ഇങ്ങനെ ഒരു ജീവിതം ഉണ്ടായില്ലെന്ന് വരാം. എല്ലാം ഒരു നിമിഷത്തെ ആവേശം കൊണ്ട് സംഭവിച്ച് പോയതാണ്. മനസ്സിൽ ഒരു സമാധാനവും ഇല്ല. ആരൊക്കെയോ

എന്തൊക്കെയോ ചോദിക്കുന്നുണ്ട്. അതൊന്നും അവൻ കേൾക്കുന്നില്ല. ജോലി ചെയ്തുകൊണ്ടേയിരുന്നു. സമയം പോയത് അറിയുന്നില്ല. ഉച്ചക്ക് കഴിച്ചെന്നു വരുത്തി വേഗം എഴുന്നേറ്റു. കൂടെയുള്ളവർ അവന്റെ മാറ്റം ശ്രദ്ധിക്കുന്നുണ്ട്. അവനും അത് മനസിലായി. പക്ഷെ അവനെക്കൊണ്ട് മറ്റൊന്നും ചെയ്യാൻ പറ്റുന്നില്ല. വീണ്ടും ജോലി തുടർന്നു. ഇടയ്ക്ക് പോക്കറ്റിൽനിന്നു ഫോൺ എടുത്തു. എന്താണ് പുതിയ വാർത്ത എന്ന് നോക്കണം എന്നുണ്ട്. ഫോൺ എടുത്തതും കൈ വിറയ്ക്കാൻ തുടങ്ങി. അടുത്ത് നിൽക്കുന്നവർ ശ്രദ്ധിക്കുന്നു എന്ന് കണ്ടതും അവൻ വേഗം ഫോൺ പോക്കറ്റിലേക്ക് ഇട്ടു. ഇനി വീട്ടിൽ എത്തിയിട്ട് മതി കാര്യങ്ങൾ അറിയുന്നത് എന്നവൻ തീരുമാനിച്ചു. വീട്ടിൽ എത്തുമോ.. അതോ അതിനു മുൻപേ പോലീസ് തന്നെ കൊണ്ട് പോകുമോ.. കണ്ണുകളിൽ ഇരുട്ട് കയറുന്ന പോലെ. അവൻ വേഗം പോയി കുറച്ച് വെള്ളം എടുത്ത് കുടിച്ചു. ചെറിയ ആശ്വാസം ഉണ്ട്. ഇത്ര ധൈര്യമില്ലാത്ത ഞാൻ എങ്ങനെ രാവിലെ അതൊക്കെ ചെയ്തു. ഇനി എല്ലാം എന്റെ സ്വപ്നമാണോ. അങ്ങനെ പല സംശയങ്ങൾ അവന്റെയുള്ളിൽ കടന്നു പോയി. വീണ്ടും ജോലി തുടർന്നു. വൈകുന്നേരമായി ഓരോരുത്തരായി പോയി തുടങ്ങി. അവന് ഇനിയും കുറച്ച് മണിക്കൂറുകൾ കൂടി കഴിയണം. എങ്ങനെ ഒക്കെയോ ആ നേരം കൂടി അവൻ തള്ളിനീക്കി. കണക്ക് സെറ്റിൽ ചെയ്ത് പണം എണ്ണി തിട്ടപ്പെടുത്തി കൊടുത്തിട്ട് ബാഗും എടുത്ത് വേഗം വീട്ടിലേക്ക് നടന്നു. ഇരുട്ട് വീണു തുടങ്ങിയിരിക്കുന്നു. പെട്ടെന്നാണ് അവൻ രാവിലെ അമ്മ പറഞ്ഞത് ഓർക്കുന്നത്. ചിറ്റയുടെ വീട്ടിൽ കയറണം. ഇനി മറന്നിട്ടു ചെന്നാൽ ഇന്ന് രാത്രി മുഴുവൻ അതും കേൾക്കണം. അവൻ മനസില്ലാ മനസോടെ ചിറ്റയുടെ വീട്ടിലേക്ക് നടന്നു. വീടിന്റെ പടിക്കൽ വെച്ച് തന്നെ അവിടെ കുറെപേർ ഉണ്ടെന്നു കണ്ടു. അടുത്ത് ചെന്നപ്പോൾ എല്ലാരും അടുത്ത വീട്ടിലൊക്കെ ഉള്ളവർ തന്നെ. കുടുംബശ്രീ മീറ്റിംഗ് കഴിഞ്ഞുള്ള കഥപറച്ചിൽ ആണെന്ന് തോന്നുന്നു. കുറെ പേര് ടിവിയിൽ തന്നെ തുറിച്ച് നോക്കി ഇരിപ്പുണ്ട്.

മുറ്റത്ത് എത്തിയപ്പോഴേ ചിറ്റ ചോദിച്ചു ''നിന്നെ കണ്ടിട്ട് കുറെ ആയല്ലോടാ.. എന്താ ഈ വീടൊക്കെ നീ മറന്നോ..''

ഒന്ന് ചിരിച്ചെന്ന് വരുത്തി. ''അമ്മ പറഞ്ഞു എന്തോ എടുത്ത് വെച്ചിട്ടുണ്ടെന്ന്..''

ചിറ്റ അകത്തേക്ക് പോയി. ടിവിയിൽ നല്ല ശബ്ദത്തിൽ വാർത്ത കേൾക്കാം.

ജയിൽ ചാട്ടം തന്നെയാണ് വൈകിട്ട് ആയിട്ടും ചൂടുള്ള വാർത്ത എന്നവന് മനസിലായി.

അവൻ അകത്തേക്ക് കയറി. വല്ലാത്ത നെഞ്ചിടിപ്പോടെ വാർത്ത ശ്രദ്ധിച്ചു. ന്യൂസ് ഫ്ളാഷ് എഴുതി പോവുന്നു...

''ഗോപാല ചാമി കിണറ്റിനുള്ളിൽ മരിച്ച നിലയിൽ.''

''ശരീരത്തിൽ കിണറിന്റെ വശങ്ങളിൽ ഇടിച്ചുള്ള പരിക്കുകൾ.''

''കിണറ്റിൽ ഒളിക്കാൻ ശ്രമിക്കവേ കാൽ തെറ്റി കിണറ്റിൽ വീണു മുങ്ങി മരിച്ചതെന്ന് സൂചന.''

റിപ്പോർട്ടറുടെ നിർത്താതെയുള്ള വിവരണം. ഒരു നിമിഷം അവൻ എന്ത് ചെയ്യണം എന്നറിയാതെ നിന്നു പോയി. സന്തോഷം കൊണ്ട് സഹിക്കാൻ പറ്റാത്ത പോലെ. അകത്ത് നിന്നു സഞ്ചിയുമായി ചിറ്റ വരുന്നത് കണ്ട് അവൻ സ്വയം നിയന്ത്രിച്ചു.

''നിന്റെ അമ്മ വിളിച്ചിരുന്നു.... നിന്നെ വിളിച്ചിട്ട് ഫോൺ എടുത്തില്ലെന്നു പറഞ്ഞു.. വേഗം വീട്ടിലേക്ക് ചെല്ല്.. വാർത്ത കണ്ടില്ലേ.. നിങ്ങളുടെ അടുത്ത പറമ്പിൽ അല്ലേ..!''

''അതേ.... ഞാൻ ഇപ്പോഴാ വാർത്ത കണ്ടത്....'' സന്തോഷം അടക്കി അവൻ പറഞ്ഞു.

ഫോൺ എടുത്തു നോക്കുമ്പോൾ അമ്മയുടെ കുറെ മിസ്ഡ് കാൾസ് കിടപ്പുണ്ട്. ഫോൺ സൈലന്റ് ആയിരുന്നത് കൊണ്ട് അറിഞ്ഞില്ല.

സഞ്ചി വാങ്ങി അവൻ വേഗം വീട്ടിലേക്ക് നടന്നു. സന്തോഷവും സമാധാനവും കൊണ്ട് ഉറക്കെ ഉറക്കെ ചിരിക്കണം എന്നവന് തോന്നി. എന്നാൽ വളരെ വേഗം അവന്റെ ഉള്ളിൽ ഒരുപാട് ചോദ്യങ്ങൾ വന്നു കയറി. ഞാൻ രക്ഷപെട്ടെന്നോ.. അയാൾ മുങ്ങി മരിച്ചെന്ന് പോലീസ് കണ്ടെത്തിയെന്നോ.. എങ്കിലും ഞാനൊരു കൊലപാതകി അല്ലേ.. ശിക്ഷ കിട്ടേണ്ട തെറ്റല്ലേ ഞാൻ ചെയ്തത്..

വീടെത്തുന്നത് വരെയും അവന്റെ ഉള്ളിൽ ചോദ്യങ്ങൾ വന്നു പൊയ്ക്കൊണ്ടിരുന്നു. അടുത്ത പറമ്പിൽ ഒരുപാട് ആളുകൾ, മീഡിയ വാഹനങ്ങൾ, പോലീസുകാർ. അവന്റെ നെഞ്ചിടിപ്പ് കൂടി. മുന്നിലേക്ക് നടക്കുമ്പോൾ അവൻ ആ കിണറിലേക്ക് ഒന്നുകൂടി നോക്കി. രാവിലെ നടന്നതെല്ലാം അവന്റെ ഉള്ളിൽ മിന്നി മറഞ്ഞു.

അടുത്ത നിമിഷം വലിയ ശബ്ദത്തിൽ ഒരു ട്രെയിൻ അവന്റെ മുന്നിലൂടെ കടന്നു പോയി.



അതിനുള്ളിൽ നിന്ന് ഒരു പെൺകുട്ടി അവനെ നോക്കി പുഞ്ചിരിക്കുന്നത് പോലെ അവന് തോന്നി.

അവൻ കണ്ണുകൾ ഇറുക്കി അടച്ചു പോയി. പതിയെ കണ്ണുകൾ തുറന്നു നോക്കുമ്പോൾ ട്രെയിൻ ഇല്ല.. പെൺകുട്ടി ഇല്ല..! എല്ലാം തോന്നലാണ്.. ട്രെയിൻ.. പെൺകുട്ടി.. എല്ലാം..!

അവന് വല്ലാത്ത സമാധാനം. താൻ ചെയ്തത് ഒരു തെറ്റല്ല എന്ന് ആരോ പറയാതെ പറയുന്നു. മനസ്സിൽ നിറഞ്ഞു നിന്ന ഒരു ഭാരം പെട്ടെന്ന് അലിഞ്ഞ് ഇല്ലാതായ പോലെ. ഒരു ഒറ്റക്കയ്യന്റെ ക്രൂരതയിൽ മരണപ്പെട്ടുപോയ ഒരു പാവം പെൺകുട്ടിക്ക് നീതി കിട്ടിയതായി അവനു തോന്നി.

അവൻ വീട്ടിലേക്ക് ചെന്ന് കയറി. സഞ്ചി മേശപ്പുറത്തു വെച്ച് മുറിയിലേക്ക് നടന്നു.

''ആ നീ വന്നോ.. ഞാൻ കുറെ വിളിച്ചല്ലോ..'' അമ്മയുടെ ശബ്ദം. മറുപടി ഒന്നും പറയാതെ അവൻ മുറിയിലേക്ക് നടന്നു.

''ഗോപാല ചാമിയെ മരിച്ച നിലയിൽ കണ്ടെത്തി..!'' ടിവിയിൽ നിന്ന് റിപ്പോർട്ടറുടെ ശബ്ദം. അത് കേട്ടതും മുൻപ് കണ്ട പെൺകുട്ടിയുടെ മുഖം അവ്യക്തമായി അവന്റെ മുന്നിൽ തെളിഞ്ഞു വന്നു. അവളുടെ ചുണ്ടുകളിൽ അപ്പോഴും ഒരു പുഞ്ചിരി ഉള്ളതുപോലെ അവനു തോന്നി. അടുത്ത നിമിഷം അതേ പുഞ്ചിരി അവന്റെ ചുണ്ടുകളിലേക്കും പടർന്നു.



# Art Work






**Ishaan Rajesh**



**Arjin Nawaz**




**Adithya**






**Adithya**

# കരയാൻ കഴിഞ്ഞെങ്കിൽ

കരയാൻ കഴിഞ്ഞെങ്കിൽ
കരയാൻ കഴിഞ്ഞെങ്കിൽ
കരൾപൊട്ടി കണ്ണീരൊഴുകിയെങ്കിൽ
ഹൃദയത്തിൽ ഭവദുഃഖം
നെടുവീർപ്പായ് തീരുമ്പോൾ
വറച്ചട്ടിയായ് മനം മാറിടുമ്പോൾ
ഭാവിതൻ മോഹമുകുളം കരിയുമ്പോൾ
ഭാരമായ് ജീവിതം മാറിടുമ്പോൾ
കരയാൻ കഴിഞ്ഞെങ്കിൽ കരയാൻ
കഴിഞ്ഞെങ്കിൽ കരൾപൊട്ടി
കണ്ണീർ ഒഴുകിയെങ്കിൽ

ഒരു മഴ പെയ്തെങ്കിൽ ഒരു മഴ പെയ്തെങ്കിൽ
ഒടുവിലിഘനമലിഞ്ഞൊഴുകിയെങ്കിൽ
ഗഗനത്തിലാഷാഢ മുകിൽ നിറഞ്ഞിട്ടെത്ര
സമയമായി വീർപ്പുമുട്ടുന്നു മാനം
ഇടിയില്ല കാറ്റിലിവിടെ ചലനമി-
ല്ലിമപോലുമിളകാത്ത നിർമ്മമത്വം
ഒരു മഴ പെയ്തെങ്കിൽ ഒരു മഴ ചെയ്തെങ്കിൽ
ഒടുവിലീ ഘനമലിഞ്ഞൊഴുകിയെങ്കിൽ





പത്മനാഭൻ നമ്പൂതിരി

# നഷ്ടസ്വപ്നങ്ങൾ

പള്ളിവാതുക്കലുണ്ടിന്നും
പഴയൊരു വെള്ളയടിക്കാത്ത പുസ്തകപ്പിടിക
വെള്ളമിറങ്ങി കുതിർന്ന മേൽക്കൂരയും
വെഞ്ചിതൽ ചിത്രം വരച്ച ജനാലയും
മാറാല കെട്ടിയോരാകവാടത്തിനു -
മേറെ കഥകളുണ്ടോർമ്മപ്പെടുത്തുവാൻ
വർഷങ്ങളെത്രയോ മാഞ്ഞു പോയ്
നാടിന്റെ മുറ്റത്തണഞ്ഞെത്ര പൊന്നോണ നാളുകൾ
എത്രയോ പൂക്കൾ വിരിഞ്ഞു കൊഴിഞ്ഞുപോയ്
എത്ര വസന്തങ്ങൾ വാടി കരിഞ്ഞുപോയ്
ചിത്തത്തിലെങ്കിലും പോയ കാലത്തിന്റെ
ചിത്രപതംഗം ചിറകടി ചെത്തവേ
എത്തുന്നു വീണ്ടുമെൻ പോയ കാലം മുന്നിൽ
ഇത്തരുണത്തിൽ അവ്യക്തമാം ഓർമ്മയിൽ
ഹൃത്തിൽ തുടിക്കുന്ന കൊച്ചു ദുഖങ്ങളും
ഹസ്തത്തിലേന്തിയ പുസ്തക കെട്ടുമായ്
എത്തുന്നു പൊയ് പോയ് മറഞ്ഞ കാലത്തിന്റെ
നഷ്ട സ്വപ്നങ്ങൾ..... മധുര സ്മരണകൾ.......
നഷ്ട സ്വപ്നങ്ങൾ..... മധുര സ്മരണകൾ.......



# Art Work




Smriti Menon



Nandini




Tanishka Nambiar





Aadhya Kallat



Ishika Sachin



# അമേരിക്കൻ ഡ്രീംസ് ഒരു ഡച്ച് ടച്ച്

വർഷങ്ങൾക്കു മുൻപ് കേരളത്തിൽനിന്ന് ഡൽഹിയിലേക്ക് ഗവേഷണത്തിനായി ചെന്നപ്പോൾ ഒരു സുഹൃത്ത് പറഞ്ഞൊരു വിശ്വാസം എന്നെ പലപ്പോഴും ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ട്. അവന്റെ ഭാഷ്യത്തിൽ ഡൽഹി അല്ലെങ്കിൽ "ഇന്ദ്രപ്രസ്ഥം" സാക്ഷാൽ കൃഷ്ണഭഗവാൻ ഗണിച്ചെടുത്തു സൃഷ്ടിച്ച ഒരുനഗരമാണ്. അതുകൊണ്ടു തന്നെ ഒരദൃശ്യമായ കാന്തികശക്തി ആ നഗരത്തിനുണ്ട്.. ലോകത്തു നിന്ന് അവിടെ എത്തുന്നവരുടെ ജീവിതം കാലാന്തരത്തിൽ മുന്നോട്ടെ ഗമിക്കുകയുള്ളൂ.. ആ പറഞ്ഞതിൽ ഒരൽപം ശുഭവിശ്വാസത്തിന്റെ മേമ്പൊടി ഉണ്ടെങ്കിലും ചരിത്രം നോക്കിയാൽ ദില്ലി കീഴടക്കിയവർ എല്ലാം ഇന്ത്യയെ ഭരിച്ചിട്ടുണ്ട്. ഇതുപോലെ അദൃശ്യമായ ശക്തികൾ ഉണ്ടെന്നു പറയുന്ന പലനഗരങ്ങൾ ലോകത്തു പലരാജ്യങ്ങളിൽ ഉണ്ട്. അമേരിക്കയിലേക്ക് കുടിയേറുന്നതിനു മുൻപ് അത്തരത്തിലുള്ള രണ്ട് നഗരങ്ങളിൽ ജീവിക്കാനുള്ള സൗഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട് (ബെർലിനും ആംസ്റ്റർഡാമും). ചരിത്രാതീതകാലം മുതൽ ഭരണസിരാകേന്ദ്രമായി തിളങ്ങുന്ന നഗരങ്ങൾ. വാഷിംഗ്ടൺ പ്രാന്തപ്രദേശങ്ങളിലേക്കു ജീവിതം പറിച്ചുനട്ടപ്പോൾ ഞാൻ ആദ്യം ചിന്തിച്ചതും അത് തന്നെ ആയിരുന്നു. എന്താണ് ഈ കൊച്ചു നഗരത്തെ അമേരിക്കൻ തലസ്ഥാനമാക്കാനുള്ള തീരുമാനത്തിന് പിന്നിലെ ചേതോവികാരം?.. പതിനഞ്ച് വർഷത്തെ യൂറോപ്യൻ ജീവിതം ഇട്ടെറിഞ്ഞു ഞാൻ ഈ മഹാതീരത്തേക്കു വന്നത് ഒരപൂർവ്വ അമേരിക്കൻ സ്വപ്നം കണ്ടുകൊണ്ടല്ല. അതിമനോഹരമായ എന്റെ ഡച്ചു ജീവിതം നഷ്ടമാക്കിയത് എന്തിന് വേണ്ടിയാണ് എന്ന് എന്നോട് തന്നെ വിലപിച്ചുകൊണ്ടു ഞാൻ എന്റെ വീടിന്റെ ഡെക്കിലിരിക്കുമ്പോൾ അതിനുള്ള ഉത്തരം വാഷിംഗ്ടൺ ഡിസി എന്ന ഈ കൊച്ചുനഗരത്തിൽ ഞാൻ പരതും. ഇവിടെ ഞാൻ കണ്ടുമുട്ടുന്ന പുതിയ സുഹൃത്തുക്കളും പുത്തൻ ബന്ധങ്ങളും എന്റെ ചോദ്യത്തിന് ഉത്തരം നൽകുമെന്ന് ഞാൻ വെറുതെ അനുദിനം പ്രത്യാശിക്കുന്നു. എന്റെ ഓരോരോ കൊതികൾ?



**ചക്കുംകൽ അനീഷ്**

പോട്ടോമാകിലെ എന്റെ വീടിന്റെ പിന്നാമ്പുറത്തെ ഡെക്കിൽ ഇരുന്നു പുറത്തേക്കു നോക്കിയാൽ ഇടതൂർന്നു നിൽക്കുന്ന മരങ്ങളാണ്. ആ മരത്തിന്റെ ചോലകൾക്കിടയിലൂടെ ഇടയ്ക്കിടയ്ക്ക് മാൻപേടകൾ ഇങ്ങിനെ തുള്ളികളിച്ചു നടക്കും.

ഇടവേളകളിൽ ഒരു മാൻ കുടുംബം മുടങ്ങാതെ എന്റെ മുറ്റത്തു വന്നു തമ്പടിക്കാറുണ്ട്. എന്റെ മുഖത്ത് നോക്കി യാതൊരു കൂസലുമില്ലാതെ ആംഗ്യഭാഷയിൽ ആ മാൻപേടകൾ ചോദിക്കും “ Why are you here?” അവരുടെ വഴിത്താരകളും ആവാസവ്യവസ്ഥയും തച്ചുടക്കാൻ വന്ന ഒരു പരദേശി ആയാവും അവർ എന്നെ കാണുന്നത്. ലൂക്ക എന്ന എന്റെ പട്ടിക്കുട്ടിയുമായുള്ള ഒന്ന് രണ്ട് ഉരസ്സലുകൾക്കു ശേഷമാണ് ആ മാൻകുടുംബം എന്റെ മുറ്റത്തെ സ്ഥിരം തമ്പടിക്കൽ പരിപാടി നിർത്തിയത്. അങ്ങിനെ ഒരുപാട് ചിന്തകളുമായി ഒരു കട്ടൻ കാപ്പിയും കുടിച്ചിങ്ങനെ ഡെക്കിൽ ഇരിക്കുമ്പോളാണ് എനിക്ക് എന്റെ വീട്ടുടമസ്ഥയുടെ ഫോൺ വന്നത്. ഞങ്ങൾ വന്ന് ഒരുമാസമായെങ്കിലും ഞാൻ അവരെ ഒരിക്കൽപോലും കണ്ടിട്ടില്ല. ഇലപൊഴിയുന്ന ശിശിരകാലമായതിനാൽ മരങ്ങൾ എല്ലാം നിറങ്ങൾ വാരിക്കോരി അണിഞ്ഞൊരുങ്ങി നിൽക്കുന്ന കാലമാണ്. “ഗോൾഡൻ ഇന്ത്യൻ സമ്മർ” എന്ന് വിളിക്കുന്ന ചെറിയ തണുപ്പുള്ള നല്ല തിളക്കമുള്ള സൂര്യനിങ്ങനെ വിളങ്ങി നിൽക്കുന്ന കാലം. മനസ്സിലുള്ള എല്ലാ ആശങ്കകളും മറന്ന് ദൂരത്തേക്ക് കണ്ണും നട്ടു ഒരു സ്വപ്നജീവിയായി പറക്കാൻ പറ്റിയ സ്ഥലവും കാലവും. അത്തരത്തിലുള്ള നല്ലൊരു alcoholic weather ഇൽ മനസ്സ് പൂത്തുലഞ്ഞു നിൽക്കുമ്പോൾ ആണ് ആയമ്മ എന്നെ വിളിക്കുന്നത്. അവർക്ക് വീട്ടിലേക്കു ഒന്ന് വരണമത്രേ. അതിനുള്ള അനുമതി തേടിയുള്ള ഫോൺകാൾ ആയിരുന്നു. അവർ എന്റെ വീടിന്റെ പരിസരത്തു വന്നിട്ടുണ്ട്, എനിക്ക് സൗകര്യമാണെങ്കിൽ എന്നെ വന്നു ഒന്ന് കണ്ടോട്ടെ എന്നാണ് ചോദ്യം. അവരുടെ സ്വന്തം വീട്ടിലേക്കു വരാൻ അനുമതി ചോദിക്കുന്നതിലെ ഔചിത്യബോധം ഞാൻ പതിനഞ്ചു കൊല്ലം യൂറോപ്പിൽ താമസിച്ചത് കൊണ്ട് എനിക്ക് മനസ്സിലാകും. നാട്ടിലൊക്കെ ആണേൽ house owner വലിയ പദവി ആണ്. ആള് വന്നു ബെല്ലടിച്ചു കഴിയുമ്പോഴേ നമ്മളറിയൂ. ആയമ്മ നേരത്തെ വിളിച്ചിട്ടു വന്നത് നന്നായി. എന്റെ സ്ഥിരം വീട്ടുവേഷമായ നാടൻ കൈലിമുണ്ട് മാറ്റി ഞാൻ തയ്യാറായി നിന്നു. സിമിയുടെ പരിഭവം അവർക്കു എന്ത് കഴിക്കാൻ കൊടുക്കും എന്നുള്ളതായിരുന്നു. വീട്ടിൽ വരുന്ന അഥിതിയെ സൽക്കരിക്കണം എന്നുള്ള മലയാളി മനസ്സ് കാലമിത്രയായിട്ടും അവൾ കളഞ്ഞു കുളിച്ചിട്ടില്ല.

വീട്ടുടമസ്ഥ എന്ന് പറഞ്ഞപ്പോൾ വലിയ പവറുള്ള ഒരാളെ ആണ് ഞാൻ പ്രതീക്ഷിച്ചത്. വന്നത് ഒരു സാധാരണക്കാരിയായ ഒരു സ്ത്രീ ആണ്. അവർ ഒരു ഉറുഗ്വേക്കാരിയാണ്. അതുകൊണ്ട് തന്നെ അവരുടെ ഇംഗ്ലീഷിൽ സ്പാനിഷിന്റെ അനുരണനങ്ങൾ ഉണ്ടായിരുന്നു. സിമി പകർന്ന മസാലച്ചായയും സമോസയും കഴിച്ചാണ് ഞങ്ങൾ സൗഹൃദം പങ്കിട്ടത്. ആയമ്മ അമേരിക്കയിൽ വന്നിട്ട് പത്തുനാല്പത് കൊല്ലമായി. ഞങ്ങൾ നെതർലണ്ടിൽ നിന്നാണ് വന്നത് എന്നറിഞ്ഞപ്പോൾ വല്ലാത്തൊരു സന്തോഷം കൊണ്ട് അവരുടെ മുഖമൊന്നു പ്രകാശിച്ചു. അവരുടെ ചെറുപ്പത്തിൽ അവർ അമേരിക്കയിൽ വന്നത് ഒരു വീട്ടുവേലക്കാരി ആയിട്ടാണ്. വാഷിംഗ്ടൺലെ ഡച്ച് എംബസ്സിയിലെ ഒരുദ്യോഗസ്ഥന്റെ വീട്ടിലെ വേലക്കാരിയായി കുറെ വർഷം അവർ ജോലി



ചെയ്തു. ആ ജോലിയാണ് അവരെ അമേരിക്കയിൽ എത്തിച്ചത്. പിന്നീട് ആ ഡച്ചു കുടുംബത്തിന്റെ പിന്തുണയോടെ ആണ് എന്റെ വീട്ടുടമസ്ഥക്കു സ്ഥിരമായി അമേരിക്കയിൽ താമസിക്കാനുള്ള അനുമതി കിട്ടിയത്. അതിലൂടെ അവർ ഒരമേരിക്കൻ ജീവിതം പടുത്തുയർത്തി. അവർവഴി അവരുടെ സഹോദരങ്ങളും ഇന്നാട്ടിലേക്കു കുടിയേറി. അവരുടെ അമേരിക്കൻ സ്വപ്നകഥക്കിടയിൽ അവർക്കുണ്ടായ ഒരപൂർവ്വ അനുഭവം അവർ എന്നോട് പങ്കുവെച്ചു.

അവർ ജോലിക്ക് നിന്ന വീട്ടിലെ ഡച്ചുകാരുടെ കുട്ടികളെ നോക്കിയത് അവരായിരുന്നു. അവരെ കുളിപ്പിക്കുന്നതും, അണിയിച്ചൊരുക്കുന്നതും എല്ലാം ആയമ്മയുടെ ജോലി ആയിരുന്നു. ആ കുട്ടികൾക്കിടയിൽ ഇളയ പെൺകുട്ടിക്കു അണിഞ്ഞൊരുങ്ങാൻ പെരുത്തിഷ്ടമാണ്. ആ കുട്ടിയെ സ്കൂളിലേക്ക് ഒരു കൊച്ചു രാജകുമാരിയെപ്പോലെ അണിയിച്ചൊരുക്കി വിടുക എന്നുള്ളത് ആയമ്മയുടെ ഒരു ദിനചര്യ ആയിരുന്നു. നല്ല ചെമ്പൻ മുടിയുള്ള തിളങ്ങുന്ന നീലക്കണ്ണുകളുള്ള ഒരു യൂറോപ്യൻ കുസൃതിക്കുടുക്കയായിരുന്നു ആ പെൺകുട്ടി. ആ കുട്ടിയെ അണിയിച്ചൊരുക്കുമ്പോൾ ആയമ്മ വെറുതെ പറയും "നീ സുന്ദരി ആണ്. നീ വലുതാകുമ്പോൾ ഒരു മോഡൽ ആകും". മോഡൽ എന്നാലെന്തെന്നു ആ കൊച്ചിന് മനസ്സിലാക്കുന്നതിന് മുൻപാണ് അവളുടെ കുരുന്ന് മനസ്സിൽ ആയമ്മ ഒരായിരം വർണ്ണചിത്രങ്ങൾ വാരിയെറിഞ്ഞത്.

കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ എംബസി ഉദ്യോഗസ്ഥൻ കാലാവധി കഴിഞ്ഞു നെതർലാണ്ടിലേക്ക് കുടുമ്പസമേതം മടങ്ങിപ്പോയി. കാലചക്രം കറങ്ങി കറങ്ങി ലോകം ഒരുപാട് മാറി. ആ ഉറുഗ്വേക്കാരി അമേരിക്കൻ ഐക്യനാടുകളിൽ ഒരു പുതിയ കുടുംബം പണിതുയർത്തി. ടെലിഫോണും, കമ്പിത്തപാലും, ടെലിവിഷനും ഒക്കെ പോയി ഇന്റർനെറ്റും, സ്മാർട്ഫോണും സോഷ്യൽ മീഡിയയും ഒക്കെ വന്നു. ലോകം തന്നെ മാറി. ആർക്കും ആരോടും പ്രതിബദ്ധത ഇല്ലാത്ത ഒരു തിരക്കും ഇല്ലാഞ്ഞിട്ടും, ആർക്കും സമയമില്ലാത്ത പുത്തൻകാലം ഉദിച്ചു. അക്കാലത്ത് ഒരമ്മയും അമ്മൂമ്മയും ഒക്കെയായി ആ പഴയ ഉറുഗ്വേക്കാരി ഇങ്ങിനെ ഒഴുകുന്ന പുഴയിലെ തുടിക്കുന്ന ആമ്പലായി പിടിച്ചു നിൽക്കുന്നു.

അങ്ങിനെ ഇരിക്കെ ദശാബ്ദങ്ങൾക്കു ശേഷം എന്റെ വീട്ടുടമസ്ഥയെ തേടി ഒരാൾ വന്നു. ആ പഴയ പെൺകുട്ടി. അവർ അണിയിച്ചൊരുക്കിയിരുന്ന ആ കൊച്ചു രാജകുമാരി ഇപ്പോൾ മുതിർന്ന ഒരാളായി. സോഷ്യൽ മീഡിയയിൽ ആയമ്മയെ തേടിപ്പിടിച്ചു വന്നതാണ്. ഒന്ന് കാണാൻ വന്നതാണ്. ആ കുട്ടി ഈയിടക്ക് ആംസ്റ്റർഡാമിൽ നിന്ന് ന്യൂ യോർക്കിലേക്കു ജീവിതം പറിച്ചു നട്ടു. ആ വരവിൽ പഴയപരിചയം പുതുക്കാൻ വന്നതാണ്. ആ യുവതി ഇപ്പോൾ ഒരു അതിപ്രശസ്ത മോഡൽ ആണ്. ഒരുപാട് ആഗോള പരസ്യകമ്പനികൾക്കു വേണ്ടി തിളങ്ങിനിൽക്കുന്ന, മണിക്കൂറുകൾക്കു കോടികൾ വാങ്ങുന്ന ഒരു ലോകോത്തര മോഡൽ ആയി മാറിയിരുന്നു ആ കുട്ടി. തൊഴിലിൽ കൂടുതൽ ശ്രദ്ധ ഊന്നാൻ ആണ് ന്യൂയോർക്കിലേക്ക് ജീവിതം പറിച്ചുനട്ടത്. അവളെക്കാൾ അതിപ്രശസ്തനാണ് അവളുടെ ആൺ സുഹൃത്ത്. ലോകം അറിയുന്ന ടോപ് ചാർട്ട് പോപ്പ് സിംഗർ. അവരുടെ





തിരക്കുകൾക്കിടയിൽ അവർ രണ്ടുപേരും ആ പഴയ ആയയെ തിരക്കി ഇറങ്ങിയതാണ്. ഒന്നിച്ചൊരു കാപ്പികുടിക്കാൻ. പണ്ട് അവളുടെ ചെറുപ്പത്തിൽ മനസ്സിൽ വർണ്ണങ്ങൾ വാരി വിതറിയതിനു നന്ദി പറയാൻ, സ്വപ്നം കാണാൻ പഠിപ്പിച്ചതിനു നെഞ്ചിൽതൊട്ടു കൃതജ്ഞത അറിയിക്കാൻ. എല്ലാ സുഖലോലുപതകൾക്കിടയിലും ആ കൊച്ചുകുട്ടിക്കു നഷ്ടമായിരുന്നത് ഒരൽപം ശ്രദ്ധയായിരുന്നു. മാതാപിതാക്കളുടെ തിരക്കിനിടയിൽ അവളോടൊപ്പം കൊച്ചുവർത്തമാനം പറയാൻ, കൊച്ചു കൊച്ചു കളികളിൽ ഏർപ്പെടാൻ, മുൻവിധിയില്ലാതെ കൂടെചേരാനൊക്കെ പറ്റിയ ഒരു കൂട്ട്. അങ്ങിനെ ഒരു വിടവാണ് ആ ഉറുഗ്വെൻ പെൺകൊടി നികത്തിയത്. ആ ബാല്യകാലത്തെ നല്ല ഓർമ്മകളുടെ ഊഷ്മളതയാണ് ആ കുട്ടിയെ ലോകത്തിന്റെ നെറുകയിലേക്ക് നയിച്ചത്. ആ ഊഷ്മള സ്നേഹത്തിന്റെ ചൂടും നനവും ഒരിക്കൽ കൂടി തൊട്ടറിയാനാണ് ദശാബ്ദങ്ങൾക്ക് ശേഷം ആ ഡച്ചു സുന്ദരി മടങ്ങി വന്നത്. അങ്ങിനെ എന്റെ ഉറുഗ്വെൻ വീട്ടുടമസ്ഥ അവരുടെ അമേരിക്കൻ സ്വപ്നത്തിനു അവർ അന്ന് വരെ നിർവചിക്കാത്ത ഒരു പുതിയ രൂപം കല്പിച്ചു. അപരോന്മുഖമായ സ്നേഹത്തിന്റെ നിർവചനം. തിരിച്ചൊന്നും ആഗ്രഹിക്കാതെ മറ്റൊരാളുടെ നന്മ കാംക്ഷിക്കുന്ന നിർമ്മലമായ സ്നേഹത്തിന്റെ നിറം ചാർത്തിയ ഒരു പുതിയ അമേരിക്കൻ സ്വപ്നം. ഭൗതിക സുഖങ്ങളുടെ അതിർത്തികൾക്ക് അപ്പുറമുള്ള ഒരു അഭൗമകാമനയാണ് ആ സ്വപ്നം. ചേക്കേറി വന്നവർ പണിതുയർത്തിയ ഈ ലോകത്തു മുൻപേ പറക്കുന്ന പക്ഷികൾ പിന്നീട് കൂടണയുന്ന പുതുപറവൾക്കു വഴി കാട്ടിയാവുമെന്ന ഒരു പ്രത്യാശനിറഞ്ഞ സ്വപ്നം. ആ ഉറുഗ്വേകാരിയുടെ സ്വപ്നത്തിന്റെ കണികകൾ അമേരിക്കൻ മലയാളികളുടെ ജീവിതത്തിലും അലയടിക്കണേ എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇന്നാട്ടിൽ ചേക്കേറിയ, ഇവിടെ ഒരു ജീവിതം കരുപ്പിടിപ്പിക്കാൻ അനുദിനം കിണഞ്ഞു പരിശ്രമിക്കുന്ന എനിക്കൊരു പ്രചോദനം ആയിരുന്നു ആ ഉറുഗ്വെൻ സ്വപ്നം.





ഗോപികല

# രാജാവ് കള്ളനായാൽ

രാജാവ് കള്ളനാണ് രാജ്യം മുഴുവൻ പിറുപിറുത്തു.

മന്ത്രിയും രാജ്ഞിയും പടത്തലവനും പരിവാരങ്ങളും രാജനോടു പറഞ്ഞു രാജഭരണം അത്യുജ്ജലം ഉൾപ്പുളകത്തിന്റെ അത്യുന്നതിയിൽ കൊടുത്തു രാജൻ എല്ലാർക്കും ഓരോ സ്വർണക്കിഴി... മന്ത്രി ഹാപ്പി രാജ്ഞി ഹാപ്പി പരിവാരങ്ങൾ ഹാപ്പി രാജൻ ഹാപ്പിയോട് ഹാപ്പി...

ഒരാൾ മാത്രം അത്ര ഹാപ്പി ആയില്ല. അയാൾ വിളിച്ചു പറഞ്ഞു രാജാവ് പോര... പോര എന്ന് വച്ചാൽ തീർത്തും പോര... രാജകല്പന കല്ലിനെ പിളർത്തി, വിളിച്ചു പറഞ്ഞത് രാജകുമാരനാണെന്നു പോലും നോക്കാതെ രാജാവ് വിധിച്ചു സ്വന്തം ചോരക്കൊരു കൊലക്കയർ...

കുമാരന്റെ തൂക്കുശിക്ഷ ഭടന്മാർ രാജ്യമൊട്ടുക്ക് വിളംബരം ചെയ്തു. കലുഷിതരായ ജനം ഒന്നും പറഞ്ഞില്ലെങ്കിലും സങ്കടത്തോടെ കതകുകൾ ചാർത്തി വീട്ടിലിരുന്നു. അവർക്ക് ആഘോഷിക്കാനും സന്തോഷിക്കാനും തോന്നിയില്ല അവർക്കറിയാം രാജാവ് കള്ളനാണെന്ന്..

ഇളകിയാടുന്ന തൂക്കുകയറിന് മുന്നിൽ ഇളമുറത്തമ്പുരാൻ നിന്നു അക്ഷോഭ്യനായി. കണ്ണീർ പൊടിഞ്ഞെങ്കിലും രാജ്ഞി പിടിച്ചു നിന്നു. രാജാവിന്റെ ശിക്ഷ പേടിച്ചു മന്ത്രിയും പരിവാരങ്ങളും രാജാവിനുള്ള പിന്തുണ മുഖത്ത് പ്രഖ്യാപിച്ച് മാടിനടന്നു.

ഓരോ തൂക്കുശിക്ഷയും കരഘോഷത്തോടെയും കല്ലെറിഞ്ഞും ആഘോഷിച്ചിരുന്ന ജനക്കൂട്ടം ഈ കഴുവേറ്റൽ കാണാൻ എത്തിയില്ല. അണികളില്ലാതെ നേതാവിനെന്താഘോഷം, രാജൻ കാത്ത് നിന്നു മടുത്തു.. പിന്നൊന്ന് മയങ്ങി...

ചെറിയ പിറു പിറുക്കലുകളും ശാപ വാക്കുകളും കേട്ടാണ് പള്ളിയുറക്കം വെടിഞ്ഞു രാജൻ എഴുന്നേറ്റത്. കഴുമരത്തിനു കീഴെ കുമാരനെ കാണാതായപ്പോൾ ഒരു ചെറിയ പന്തികേട് മണത്തതാണ്, ആരവിടെ എന്ന് അലറാൻ തുടങ്ങുന്നതിനും മുന്നേ പെടലിക്ക് പിടിവീണു.

രാജ്ഞിയും, കുമാരനും, മന്ത്രിയും മുന്നിൽ നിന്ന് കാര്യങ്ങൾ നടത്തി. കഴുമരത്തിൽ തൂങ്ങിയാടുന്ന രാജ ശരിരത്തിന് കല്ലെറിയാൻ ജനങ്ങൾ മത്സരിച്ചു. അവർക്കീ രാജപതനം തരുന്നത് പുതിയ പ്രതീക്ഷ മാത്രമല്ല ഇനിയും രാജാവാകാനിരിക്കുന്ന കള്ളന്മാർക്കുള്ള മുന്നറിയിപ്പ് കൂടെയാണ്.

# Art Work



Shreya Visanth





Ryan Rajesh





Ryka Renae Pathiyeri



# നമ്മൾ യോഗ്യരാണോ?

ഈ ജീവിതത്തിന് നമ്മൾ അർഹരാണോ?
കാഴ്ചയുടെ ശക്തിയിൽ,
കാണേണ്ടതല്ലേ നമ്മൾ കാണുന്നത്?
കേൾവിയുടെ നിറവിൽ,
കേൾക്കേണ്ടതല്ലേ നമ്മൾ കേൾക്കുന്നത്?
അഹംഭാവത്തിന്റെ മറവിൽ,
എല്ലാറ്റിനും വേണ്ട അർഹത നാം നൽകുന്നുണ്ടോ?
ജീവിതത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന മായകളിൽ, നമ്മൾ കബളിപ്പിക്കപ്പെടുകയാണോ?
കൊച്ചു കൊച്ചു സന്തോഷങ്ങളുടെയും ആഗ്രഹങ്ങളുടെയും നേട്ടങ്ങളുടെയും
വില മനസ്സിലാകാതെ പോകുന്ന നമ്മൾ,
ഈ ജീവിതത്തിന് അർഹരാണോ? യോഗ്യരാണോ?
മനുഷ്യനെ മനുഷ്യനായി കാണാനുള്ള കഴിവ് നമുക്ക് നഷ്ടമായോ?
ബന്ധങ്ങളുടെ വില,
ഒറ്റപെടലിന്റെ വിങ്ങൽ
ജീവിതത്തിൽ ഒരിക്കൽ എങ്കിലും അറിയാത്തവർ ഉണ്ടാക്കില്ല.
കപട സദാചാരത്തിന്റെ,
കപട സത്യത്തിന്റെ,
കപട സ്നേഹത്തിന്റെ,
കപട ആചാരങ്ങളുടെ ലോകത്ത്
നന്മയുടെ ഒരു തരി വെളിച്ചം കാണാനുള്ള കഴിവ്
മനുഷ്യർക്ക് നഷ്ടമായോ?
ഈ ജീവിതത്തിന് നമ്മൾ യഥാർത്ഥത്തിൽ അർഹരാണോ?



സൗമ്യ മുകേഷ്



# Onam

Onam Utsav celebration, ഓണാവേശം, was a grand success, with an awesome turnout ! The program began with a sumptuous ഓണസദ്യ , recreation of the blockbuster ആവേശം intro theme, introducing a fun vibe to the start of the festivities, a fabulous അത്തച്ചമയം that included the ചെണ്ടമേളം from Capitol Beats, followed by amazing songs and dances. The celebrations concluded with some ഓണക്കളികൾ and a very competitive Tug of War competition. We hope you, your family and friends also enjoyed the beautiful Kerala themed Photo Booth with a gorgeous colorful 'പൂക്കളം' and got an opportunity to create lasting photographic memories.
























# പാച്ചു കണ്ട അമേരിക്ക

മുത്തശ്ശാ അമ്മ നമ്മളെ രണ്ടു പേരെയും വാഷിഗ്ടൻ ഡി.സിയിൽ ഇറക്കി ഓഫീസിൽ പോയി. ഇനി ആറുമണിവരെ നമുക്ക് അടിച്ചു പൊളിക്കാം. മുത്തശ്ശന് എല്ലാം വിസ്തരിച്ച് കാണിച്ചു കൊടുക്കണം എന്നു പറഞ്ഞാണമ്മ പോയത്.

"പാച്ചൂന് ഈ സ്ഥലമൊക്കെ അറിയോ?"

"രണ്ടു പ്രാവശ്യം വന്നിട്ടുണ്ട് മാത്രമല്ല പാച്ചൂന്റെ സ്ക്കൂളിലെ ഫീൽഡ് ട്രിപ്പ്, വാഷിംഗ്ടൻ ഡിസി ആയിരുന്നു."

"നാലാം ക്ലാസിൽ ഇത്ര വലിയ പ്രോജക്റ്റോ? എന്താ ഈ ഫീൽഡ് ട്രിപ്പ് ?"

"ഇവിടെ സ്ക്കൂളിൽ അങ്ങിനെ ആണ് മുത്തശ്ശാ ടീച്ചർ ഒരു ക്ലാസിലെ കുട്ടികളെ ഒക്കെ ഒരു സ്ഥലത്തു കൊണ്ടു പോകും കാര്യങ്ങൾ മുഴുവൻ മനസിലാക്കിത്തരും."

മുത്തശ്ശാ നമുക്ക് പോട്ടോമാക് നദിക്കരയിൽ നിന്ന് തുടങ്ങാം. അവിടെ ആണ് ലിങ്കൻ മെമ്മോറിയൽ; അമേരിക്കയിലെ പതിനാറാമത്തെ പ്രസിഡന്റാണ്. ഗ്രീസിലെ ഒരു ദേവാലയത്തിന്റെ ആകൃതിയിലാണ് ഇത് പണിതിരിക്കുന്നത്. ഇതിലെ മുപ്പത്തി ആറ് തൂണുകൾ അന്നത്തെ മുപ്പത്തിയാറ് പ്രവിശ്യകളേ ആണ് കാണിക്കുന്നത്. ഒരു വലിയ കസേരയിൽ ഇരിക്കുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ പ്രതിമ. അമേരിക്കയിലെ അടിമവേല അവസാനി



**അനിയൻ തലയാറ്റുംപിള്ളി**

പ്പിച്ചത് എബ്രഹാംലിങ്കനാണ്. അതു കൊണ്ടാണ് പാച്ചൂന് ലിങ്കനെ ഇത്രയും ഇഷ്ടം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പ്രസിദ്ധമാണ്. പ്രധാന പ്രസംഗങ്ങൾ ഈ ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ട്. അമേരിക്കക്ക് വേണ്ടി വളരെ അധികം നല്ല കാര്യങ്ങൾ ചെയ്ത അദ്ദേഹത്തെ ഒരു ദുഷ്ടൻ വെടിവച്ചു കൊന്നു. എന്തിനാ മുത്തശ്ശാ ഈ നല്ല മനുഷ്യരെ ഒക്കെ വെടി വച്ചു കൊല്ലുന്നത്.

മുത്തശ്ശാ ഒരു വലിയ മൈതാനത്തിന്റെ ഒരറ്റത്താണ് ഈ കെട്ടിടം. ഇവിടുന്ന് നേർരേഖയിൽ മൂന്നു സ്ഥലങ്ങൾ കൂടി നമുക്ക് കാണണ്ടതുണ്ട്. സെക്കന്റ് വേൾസ് വാർ മെമ്മോറിയൽ, വാഷിഗ്ടൻ മോണിമെന്റ്, ക്യാപ്പിറ്റോൾ. പറഞ്ഞപ്പോൾ എളുപ്പം കഴിഞ്ഞു.ഇത് എത്ര ദൂരം നടക്കണമെന്ന് മുത്തശ്ശനറിയൊ? മടുത്തു പോകും. നല്ല വെയിലാണ് മുത്തശ്ശൻ സൺസ്ക്രീൻ മുഖത്ത് തേച്ചോളൂ. പാച്ചുവിന്റെ ബാഗിലുണ്ട്.

വേൾഡ് വാർ മെമ്മോറിയലിന് രണ്ടു കവാടങ്ങൾ ഉണ്ട്. നമുക്ക് ഒന്നിൽക്കൂടി അകത്തുകടക്കാം. അതിന്റെ നടുക്ക് അതി മനോഹരമായ ഒരു ലെയ്ക്ക് ആണ്. അതിന്റെ ഒത്ത നടുക്ക് ഒരു വലിയ ഫൗണ്ടൻ. നല്ല രസമല്ലേ കാണാൻ. നമുക്ക് ഇതിന് ചുറ്റും നടക്കാം. ഏഴര ഏക്കറോളം സ്ഥലത്താണ് ഇത് പണിതിരിക്കുന്നത്. ഇതിനു ചുറ്റും വെങ്കല റീത്ത് കൊണ്ട ലങ്കരിച്ച തൂണുകൾ കണ്ടില്ലേ. അമ്പത്തിയാറെണ്ണം ഉണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കക്കു വേണ്ടി മരിച്ചുവീണ നാൽപ്പതിനായിരത്തോളം പടയാളികൾക്കുള്ള സ്മാരകമാ ണിത്. പടിഞ്ഞാറു ഭാഗത്തുള്ള ഫ്രീഡം വാൾ മുത്തശ്ശൻ ശ്രദ്ധിച്ചോ. അതിൽ അനേകം സ്വർണ്ണ നക്ഷത്രങ്ങൾ കാണാം. മരിച്ചു പോയ നൂറു പട്ടാളക്കാർക്ക് ഒരെണ്ണം വച്ച്. പാച്ചു ഇവിടെ വന്നാൽ അവരെ സല്യൂട്ട് ചെയ്യും. ഇവിടെ എത്ര നേര മിരുന്നാലും മതിയാകില്ല. നമുക്ക് പുറത്ത് കടക്കാം. ഇത് രാത്രി ലൈറ്റ് ഇട്ട് കാണുന്ന താ കൂടുതൽ ഭംഗി.

"നമുക്ക് ഒരു സെൽഫി എടുത്താലോ പാച്ചൂ"

"വൈ സെൽഫി" എന്റെ ഫോൺ വാങ്ങി അവൻ അത് ഒരു മദാമ്മയെ ഏൾപ്പിച്ചു. "വൺ ഫോട്ടോ പ്ലീസ് ?" അവർക്ക് പാച്ചുവിനെ ഇഷ്ടപ്പെട്ടു എന്നു തോന്നി. കുറെ ഫോട്ടോസ് എടുത്തു തന്നു." "സ്മാർട്ട് ബോയ്" അവർ ഫോൺ തിരികെ ത്തന്നു. താങ്ക്സ് പറഞ്ഞ് ഞങ്ങൾ പുറത്തിറങ്ങി.

"മുത്തശ്ശാ ഒരു മിൽക്ക് ഷെയ്ക്ക് കഴിച്ചാലോ? വെയിലത്ത് ഒത്തിരി നടക്കണം."

"പാച്ചൂന്റെ കയ്യിൽ ക്യാഷ് ഉണ്ടോ? എന്റെ കയ്യിൽ അധി കവും ഇൻഡ്യൻ റുപ്പി ആണ്. "

"അമ്മ കാർഡ് തന്നിട്ടുണ്ട്. ഫോൺ മുഖാന്തിരവും പേയ്മെന്റ് ചെയ്യാം. പാച്ചൂന് അതിന്റെ പാസ്വേർഡ് അറിയാം."

അവൻ ഗൂഗിളിൽ സെർച്ച് ചെയ്ത് ഒരു കട കണ്ടു പിടിച്ചു.

"മാംഗോ ജ്യൂസ് മതി. മുത്തശ്ശനു ഷെയ്ക്ക് വേണ്ട. പാച്ചൂന് ഓറിയൻ ബിസ്ക്കറ്റ്, ഐസ് ക്രീം, മിൽക്ക് ആൻഡ് ഷുഗർ. അവൻ എന്തൊക്കെയോ നിർദ്ദേശങ്ങൾ കൊടുത്തു. എനി





ക്കൊന്നും മനസിലായില്ല. ഒരു വലിയ കോണിക്കൽ ഗ്ലാസ് നിറയെ ഷെയ്ക്ക് ഒരു സ്ട്രോയും ഇട്ടു തന്നു. മാംഗോ ജ്യൂസ് മുത്തശ്ശന്. പൊക്കം കൂടിയ കസേരയിൽ ഒരു മേശക്കിരുവശവുമായി ഞങ്ങൾ ഇരുന്നു. ഞാൻ പാച്ചുവിനെ ശ്രദ്ധിച്ചു. അവനെന്തൊരു കോൺഫിഡൻസ്. ഫ്രഞ്ച് ഫ്രൈസ് കൊണ്ടുവന്ന് മേശയിൽവച്ചു.

"മുത്തശ്ശൻ പ്രീ ഡയബറ്റിക് ആണ് ഷുഗർ ഉള്ളതൊന്നും വാങ്ങിക്കൊടുക്കരുത് എന്നമ്മ പറഞ്ഞിരുന്നു. സാരമില്ല നമുക്കിന്ന് ഇഷ്ടമുള്ളതൊക്കെ ക്കഴിക്കാം. അമ്മ അറിയണ്ട." അവൻ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു. ഇനി കാണാനുള്ള കാഴ്ച്ചകളെപ്പറ്റി ആയിരുന്നു അധികവും. എനിക്ക് രസം തോന്നി. എല്ലാം അവന് വിട്ടുകൊടുത്ത് അവന്റെ കൂടെ നടക്കാൻ രസം തോന്നി. ആഹാരം കഴിഞ്ഞ് അവൻ തന്നെ മേശയിലെ വെയ്സ്റ്റ് എല്ലാം കൊണ്ട് ട്രാഷിൽ ഇട്ടു.

ഇനി വാഷിംഗ്ടൻ മോണിമെന്റാണ്. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ സ്മാരകമാണിത്. അഞ്ഞൂറടിയിൽ കൂടുതൽ ഉയരം. "ഏറ്റവും ഉയരം കൂടിയത് നമ്മുടെ ഇന്ത്യയിലെ സ്റ്റാച്ചു ഓഫ് യൂണിറ്റി ആണ്. സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ. അതിന്റെ പൊക്കം അഞ്ഞൂറ്റി തൊണ്ണൂറ്റി ഏഴടിയാണ് പാച്ചൂന് അറിയോ?" "ഗ്രയ്റ്റ്" അവൻ പറഞ്ഞു. അമേരിക്കയുടെ പടത്തലവനും ആദ്യ പ്രസിഡന്റുമായ ജോർജ് വാഷിംഗ്ടന്റെ ഓർമ്മക്കായി സ്ഥാപിച്ചതാണിത്. രാജ്യത്തെ പലഭാഗത്തും നിന്നുള്ള മാർബിൾ ആണിതിന് ഉപയോഗിച്ചിരിക്കുന്നത്. ഈജിപ്ഷ്യൻ പിരമിഡ് എന്നു മുത്തശ്ശൻ കെട്ടിട്ടില്ലേ. അതിന്റെ തത്വമാണ് ഇതിന്റെ നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്നത്. ചുറ്റും വളഞ്ഞ് ഇരുമ്പ് പടികൾ ഉണ്ട്. മുത്തശ്ശന് അതിലൂടെ കയറാൻ പറ്റില്ല. നടുക്കുകൂടിയുള്ള ലിഫ്റ്റിൽ നമുക്ക് മുകളിലെത്താം. ഇതിനിടക്കിടക്ക് വിമാനങ്ങൾക്കുള്ള മുന്നറിയിപ്പിന് ലൈറ്റ് ഉണ്ട്. മുകളിൽക്കയറിയാൽ അമേരിക്ക മുഴുവൻ കാണാം എന്നു തോന്നും. അത്ര ഉയരത്തലാണ് നമ്മൾ. അവിടുന്ന് പുറത്തിറങ്ങിയപ്പോൾ നല്ല ചൂട്.

ക്യാപിറ്റോൾ കാണുന്നതിന് മുമ്പ് എന്തെങ്കിലും കഴിക്കണം: അതു മുഴുവൻ കാണാൻ ഒരഞ്ചു മണിക്കൂർ വേണ്ടി വരും.

"കഴിക്കാൻ സമയമായില്ലല്ലോ പാച്ചു."

"നമുക്ക് ആ പാർക്കിൽപ്പോയി ഒന്നു വിശ്രമിക്കാം ആ മരത്തിന്റെ ചുവട്ടിൽ ചാരുബഞ്ച് ഉണ്ട്. മുത്തശ്ശൻ അവിടെ ഇരുന്നോളൂ. ഈ ബാഗും പിടിക്കൂ." അവിടെ കുട്ടികൾ സോക്കർ കളിക്കുന്നുണ്ട്. അവൻ ഓടി അവരുടെ കൂടെ കൂടി. എത്ര പെട്ടന്നാണ് അവൻ ആ കുട്ടികളുമായി ചങ്ങാത്തമായത്. അൽഭുതം തോന്നി. ഞാനവനെത്തന്നെ നോക്കിയിരുന്നു. ഇവിടെ കുട്ടികളെ എത്ര സെൽഫ് മെയ്ഡായാണ് വളർത്തുന്നത്; തണുത്ത കാറ്റും ക്ഷീണവും കാരണം ഞാനെപ്പഴോ ഉറങ്ങിപ്പോയി

"മുത്തശ്ശാ.. ഞാൻ പറ്റിയ പാർട്ടിയെ ആണ് ബാഗ് ഏൽപ്പിച്ചത്. മുത്തശ്ശൻ മടുത്തോ? നമുക്കെന്താ കഴിക്കണ്ടത് മുത്തശ്ശന്റെ സാമ്പാറും പുളിശ്ശേരിയും ഒന്നും ഇവിടെക്കിട്ടില്ല. മുത്തശ്ശനിഷ്ടമുള്ള ചിക്ക് പൊട്ടലേ ആകാം. കുറച്ചു നടക്കണം സാരമില്ല ഇവിടെ നാട്ടിലെപ്പോലെ ഓട്ടോറിക്ഷയും ഒന്നും കിട്ടില്ല." അവൻ ബാഗ് വാങ്ങി പുറത്തിട്ടു. ഗൂഗിൾസർച്ച് ചെയ്ത് ഹോട്ടൽ കണ്ടു പിടിച്ചു.

അവിടെ ഒരോ പാത്രത്തിലായി ഒരുപാട് വിഭവങ്ങൾ വച്ചിട്ടുണ്ട്. അവൻ ഒരോന്നും നോക്കി ഓർഡർ കൊടുത്തു. അവനുള്ളതിൽ അവഗാഡൊ കൂടി കൂട്ടിച്ചേർത്തു." ചിലർക്ക് അവഗാഡോ അലർജിയുണ്ട്. മുത്തശ്ശന് അതിട്ടിട്ടില്ല. വയർ നിറഞ്ഞു. ഇനി ഒരു ഐസ്ക്രീം കൂടി. ഒന്നുമതി മുത്തശ്ശന് വേണ്ട.

ആ കുന്നിന്റെ മുകളിൽ ഉള്ളതൂവെള്ള നിറമുള്ള ആ വലിയ കെട്ടിടമാണ് ക്യാപ്പിറ്റോൾ. ഇരുനൂറ്റി എൺമ്പത്തിഎട്ടടി ഉയരം, അഞ്ച് നിലകൾ, ഭൂമിക്കടിയിലെ തുരങ്കങ്ങളും രഹസ്യ മുറികളും വേറെ. ഈ പതിനേഴ് ഏക്കറിൽ നിറഞ്ഞു നിൽക്കുന്ന ഭീമാകാരമായ കെട്ടിടം. അതിന്റെ താഴികക്കുടം ദൂരെ നിന്നെ കാണാം, ക്യൂ നിന്ന് ടിക്കറ്റെടുത്താൽ മൊബൈൽ പോലെ ഒരു ഉപകരണവും ഇയ്യർ ഫോണും തരും. അതിൽ ഭാഷ നമുക്ക് സിലക്റ്റ് ചെയ്യാം. പാച്ചു ഇംഗ്ലീഷിൽ ആക്കി ഫോൺ എന്റെ കയിൽത്തന്നു. ഇയർഫോൺ പിടിപ്പിച്ചു തന്നു. ഇനി ഒരോ മുറിയിലും കാണുന്ന നമ്പർ ഈ ഫോണിൽ അമർത്തിയാൽ മതി അവിടത്തെ വിവരങ്ങൾ മുഴുവൻ ഫോണിൽ കേൾക്കാം. ഒരു വലിയ സാമ്രാജ്യം. ലോകോത്തര പെയിന്റിഗുകൾ, പ്രതിമകൾ, മററു കലാസൃഷ്ടികൾ പിന്നെ അവരുടെ നിയമനിർമ്മാണ ഹാൾ, ഏതാണ്ട് നാലര മണിക്കൂർ എടുത്തു. പാച്ചു ഒരു മടുപ്പുമില്ലാതെ കൂടെ ഉണ്ട് .

"ഇനി മുത്തശ്ശനിഷ്ടമുള്ള ലൈബ്രറി കാണാം." ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറി, അത് അര മണിക്കൂർ കൊണ്ട് തീർക്കണം. ഞങ്ങൾ അഞ്ചു മണിക്കൂർ കൊണ്ട് എല്ലാം കണ്ട് പുറത്തിറങ്ങി. അമ്മ വിളിച്ചിരുന്നു. ഒരു മണിക്കൂറിനകം അവിടെയുള്ള ഒരു ഷോപ്പിന് മുമ്പിൽ നിൽക്കാൻ പറഞ്ഞു താഴെ ഒരു ഷോപ്പ് ഉണ്ട്. മുത്തശ്ശന് നല്ല ചായ കിട്ടും. പാച്ചുവിന് ഒരു ഹോർലിക്സും. അതിനടുത്ത് ടോയ്സ് വിൽക്കുന്ന ഒരു കടയുണ്ട്. പാച്ചു അവിടെച്ചെന്ന് ഒരു നല്ല ടോയിക്കാറിന്റെ അടുത്തെത്തി. ഒരു കടും നീല ലംബോഗിനി ടോയി കാർ. അവനതിന്റെ വില ചോദിച്ചു. വിലപേശി നോക്കി നിരാശനായി മടങ്ങി. ബാഗ് എന്നെ ഏൽപ്പിച്ച് അവൻ വാഷ് റൂമിലേക്ക് പോയി. തിരിച്ചു വന്നപ്പോൾ "പാച്ചു എന്താ ആ കാർ വാങ്ങാത്തെ ? "

" അമ്മ വിശ്വസിച്ചേൽപ്പിച്ച കാഷാണ് അമ്മ പറഞ്ഞതിനേ ചെലവാക്കൂ: പിന്നെ അച്ഛനിങ്ങിനെ ഉള്ളത് വാങ്ങണതിഷ്ടമില്ല"

"ആരാ പാച്ചുവിന്റെ റോൾ മോഡൽ" ഞാൻ വെറുതെ ചോദിച്ചു.

"ഒഫ് കോഴ്സ് മൈ ഫാദർ"

"ടോയി വാങ്ങിത്തരാത്ത അച്ഛനോ?"

"ആരു പറഞ്ഞു വാങ്ങിത്തരില്ലന്ന്. ആ കാറിന്റെ അടുത്ത് ആ കാറിന്റെ ഒരു ലാഗോ ഉണ്ട് അതേ അച്ഛൻ വാങ്ങിത്തരൂ - കഷ്ടപ്പെട്ട് ഞാനതു കൂട്ടിയോജിപ്പിച്ച് കാറാക്കണം. അങ്ങിനെ കഷ്ടപ്പെട്ടു വേണം ഒരൊന്ന് സമ്പാദിക്കാൻ. അതാണ് അച്ഛന്റെ തിയറി".

"പാച്ചു ആ ബാഗ് ഒന്നു തുറന്നു നോക്കിയേ."

പാച്ചു എന്നെ നോക്കി. ആ ബാഗ് തുറന്നു. അതിനകത്ത് അവന്റെ ലംബോഗിനി കാർ

"മുത്തശ്ശാ ഇതെങ്ങിനെ?" അവൻ അത്ഭുതത്തോടെ ചോദിച്ചു. "മുത്തശ്ശന്റെ കയിൽ കുറച്ച് ഡോളർ ഉണ്ടായിരുന്നു."

ആ കാറ് അവൻ തിരിച്ചും മറിച്ചും നോക്കി. അവൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഇതുവരെ ഉത്തരവാദിത്തത്തോടെ മുത്തശ്ശനെ കെയർ ചെയ്ത പാച്ചുവിനെ അല്ല പിന്നെക്കണ്ടത്. അവൻ വീണ്ടും കൊച്ചുകുട്ടി ആയപൊലെ. അവൻ എന്നെ കെട്ടിപ്പിടിച്ചു.



# ഒരു മധുരസ്വപ്നം

എന്റെ പ്രിയപ്പെട്ട ഭർത്താവ് ശിവരാജൻ ചേട്ടന് ഇന്നുള്ളതിന്റെ നേർപകുതി വയസുമാത്രമുള്ളപ്പോഴാണ് അമേരിക്കയിലേക്കുള്ള പോസ്റ്റിംഗ് ഒരു അനുഗ്രഹം പോലെ ലഭിച്ചത്. MEA-യിൽനിന്നുമുള്ള അറിയിപ്പിനുപുറമേ വാഷിങ്ടണിൽനിന്നും പോസ്റ്റിംഗ് കഴിഞ്ഞെത്തിയ സുഹൃത്തുക്കൾ ഡ്രൈവിംഗ് എത്രയുംവേഗം പഠിക്കണമെന്ന് നിർദ്ദേശിച്ചു. ആശാൻ ക്ലാസൊക്കെ എടുത്തുതുടങ്ങിയെങ്കിലും പൊന്നുരുക്കുന്നെടത്തു പൂച്ചക്ക് എന്തുകാര്യം എന്നോ മറ്റോ തോന്നുംപോലെ ഞാൻ ഡ്രൈവിംഗ് എന്ന വിഷയത്തെകുറിച്ചു ചിന്തിച്ചതുപോലുമില്ല.

ജനിച്ചുവളർന്ന നാട്ടിൽ ഒരു പെണ്ണും കാറോടിച്ചു കണ്ടിട്ടില്ലാത്തതിനാൽ അത് സ്ത്രീകളുടെ ഡിപ്പാർട്മെന്റല്ല എന്നമട്ടായിരുന്നു. ചെറുപ്പത്തിൽ വണ്ടിയിൽ കയറിയാൽ ഛർദിക്കുന്ന കുട്ടി ആയതിനാൽ നീണ്ടയാത്രയിൽനിന്നൊക്കെ ഒഴിവാക്കുമെന്ന് എന്നെ ചൊടിപ്പിക്കാനായി പറഞ്ഞപ്പോഴൊക്കെ കരഞ്ഞുവിളിച്ചു കൂടെപോയതും, കാറിലാകെ ഛർദിച്ചു കൂടെപോയവരെയെല്ലാം ധർമ്മസങ്കടത്തിലാക്കിയതും, എന്നിട്ടും ഒരു പരാതിയുമില്ലാതെ സ്നേഹം വാരിക്കോരിത്തന്നു ആശ്വസിപ്പിച്ചതും എല്ലാം ഓർത്താൽ വല്ലാത്തൊരു ഗൃഹാതുരത എത്തിപ്പെടുകയായി. “ങാ, അതൊക്കെ ഒരു കാലം”, അങ്ങനെയൊരു വസന്തകാലം ഓർമ്മയിലുണ്ടായിരുന്ന പ്രിയപ്പെട്ടവർ ദിവസേനയെന്നോണം ഓർമ്മയായിക്കൊണ്ടിരിക്കുന്നു.

കാറിൽകയറുമ്പോൾ ഉണ്ടായിരുന്ന മനംപുരട്ടലൊക്കെ 1963 മുതൽ നിരന്തരമുള്ള ദീർഘയാത്രകൾകാരണമാകാം തികച്ചും



**മധുരം ശിവരാജൻ**



വിട്ടുമാറി. പണ്ടൊക്കെ വല്ലപ്പോഴുമുള്ള യാത്ര കഴിഞ്ഞു തിരിച്ചെത്തിയാലും ദിവസങ്ങളോളം സ്റ്റിയറിംഗ്‌വീലും ഡ്രൈവർസീറ്റും ഒക്കെ ഓർക്കുമ്പോഴേ അസ്വസ്ഥതയായിരുന്നു. വിദൂര ഭാവിയിൽ ഞാനും ഡ്രൈവർ സീറ്റിലിരിക്കുന്നൊരുകാലം വരുമെന്ന് അന്നാരറിഞ്ഞു...

എന്റെ ഡ്രൈവിംഗ് സ്വപ്നം തുടങ്ങിയതുതന്നെ അമേരിക്കയിലെത്തിയതിനുശേഷമാണ്. മദാമ്മമാരെല്ലാം കാറോടിച്ചുനടന്നതു കണ്ടപ്പോൾ എനിക്കും പഠിക്കണമെന്നുതോന്നി. ഡ്രൈവിംഗ് പഠിപ്പിച്ചത് മറ്റാരുമല്ല, പിള്ളേരുടെ അച്ഛൻ തന്നെ! ഇവിടെയെത്തിക്കഴിഞ്ഞു ശ്രദ്ധിച്ചപ്പോൾ ഒരു പ്രത്യേകത കണ്ടത് കാറോടിക്കുന്നതു ഏറെയും സ്ത്രീകളാണെന്നതായിരുന്നു. 1977-ലെ കാര്യമാണേ!

അന്നും എംബസിയിൽ ഭാര്യമാർ അധികമാരും കാറോടിച്ചിരുന്നില്ല. കുറെ ദിവസം എന്റെ സ്വപ്നം മനസ്സിലിട്ടു നടന്നു. എങ്ങനെ അവതരിപ്പിക്കും എന്നൊക്കെ ചിന്തിച്ചശേഷം ഒരു ദിവസം ചേട്ടനോട് പറഞ്ഞതും വലിയ സപ്പോർട്ട് ആണ് കിട്ടിയത്. അടുത്ത ദിവസം തന്നെ പഠിക്കാനും തുടങ്ങി.

ഗുരുവിനെപ്പോലെ കുറ്റമറ്റ ഡ്രൈവർ ആകാനൊത്തില്ലെങ്കിലും ഭാവിയിൽ ജോലിക്കു പോകാനും മറ്റൊരാളെ ആശ്രയിക്കാതെ അമ്പലത്തിലോ, ഇന്ത്യൻകടയിലോ ഒക്കെപോകാനും എന്റെ എളിയ ഡ്രൈവിംഗ് ഉപകരിച്ചു. വെറും ഒരു കൗതുകം തോന്നി തുടങ്ങിയ ഡ്രൈവിംഗ് പഠിത്തം ഇന്ന് ഗുരുവിനും ശിഷ്യക്കും വാർദ്ധക്യത്തിൽ അനുഗ്രഹമായി മാറിയിരിക്കുന്നു







അലക്സ് ജേക്കബ്

# റീബൂട്ട്

വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിക്കുന്നവർ പണ്ടൊക്കെ നേരിട്ടിരുന്ന ഒരു പ്രശ്നമുണ്ട്. നിങ്ങൾ തൊണ്ണൂറുകളിൽ വിൻഡോസ് 95 ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വേഗം ഓർമയിൽ വരുന്ന ഒരു ഗുലുമാൽ!

ഒരു മൂന്നാലഞ്ച് പ്രോഗ്രാമൊക്കെ ഒരേസമയം റണ്ണിങ്ങാണെങ്കിൽ, പണ്ടു സാറ്റുകളിയിൽ പിടിക്കപ്പെടാൻ പോകുന്നുവെന്നുറപ്പാകുന്ന നിമിഷം ചില അലമ്പു കളിക്കാർ ചെയ്യുന്നതു പോലെ വിൻഡോസങ്ങു സുല്ലിടും. ഈ തുറന്നുവച്ച പ്രോഗ്രാമുകളെല്ലാം കൂടി ഓടിച്ചു കൊണ്ടുപോകാൻ വിൻഡോസിനപ്പപ്പോൾ വേണ്ട റിസോഴ്സസ് കൊടുക്കാൻ നമ്മുടെ കമ്പ്യൂട്ടറിലുള്ള ശോകമൂക മെമ്മറിക്കും പാവം പിടിച്ച പെന്റിയം പ്രോസസ്സറിനും കഴിയാതെ പോകും. ഇനിയിപ്പോ വിഭവശേഷി വേണ്ടുവോളമുണ്ടെങ്കിലും അതൊക്കെ വേണ്ടതുപോലെ ഏകോപിപ്പിച്ചു കൊണ്ടുപോകാൻ വിൻഡോസിനു പാങ്ങില്ലാതെ വരും. എന്നാൽ നമ്മൾ ഒന്നോ രണ്ടോ ജനാലകൾ അടച്ചോ മിനിമൈസ് ചെയ്തോ ഒരു കൈ സഹായിച്ചുകളയാമെന്നു വച്ചാൽ, ഈ ജനാലകളൊക്കെ കാലത്തു തന്നെ രണ്ടെണ്ണം വെള്ളം ചേർക്കാതടിച്ച മട്ടിൽ പാമ്പുകളായി സ്ക്രീനിൽ ഇഴഞ്ഞുതുടങ്ങും. സ്വതേ ഒരു വലിഞ്ഞ മട്ടുള്ള 'അനുരാഗഗാനം പോലെ' എന്ന പാട്ട് പഴയ ടേപ്പ് റിക്കോഡറിൽ ഫംഗസ് പിടിച്ചു പൂത്തുലഞ്ഞ കാസറ്റിട്ടു കേൾക്കുന്ന ഫീൽ സമ്മാനിച്ചുകൊണ്ട്.

ഇങ്ങനെ പെട്ടുപോകുന്ന വേളകളിൽ ഒരറ്റ കൈ പ്രയോഗമുണ്ട്. മ്മടെ ബെന്നിസാറിന്റെ അച്ഛൻ കുതിരവട്ടം പപ്പുച്ചേട്ടൻ ചെയ്ത മാതിരി "പടച്ചോനേ! ങ്ങള് കാത്തോളീ"ന്നൊരൊറ്റ വിളി വിളിച്ച് പവർ ബട്ടണിൽ കുറേനേരം അമർത്തിപ്പിടിക്കൽ. റീബൂട്ട്. നിങ്ങൾക്കു ഭാഗ്യം വേണ്ടുവോളമുണ്ടെങ്കിൽ കംപ്യൂട്ടർ പവർ-സൈക്കിൾ ചെയ്ത് ഒന്നു രണ്ടു ക്രിട്ടിക്കലായ ഘട്ടങ്ങൾ പിന്നിട്ട് വിൻഡോസ് നമ്രമുഖിയായി വീണ്ടും മുമ്പിൽ വരും! നമ്മൾ ആ നിമിഷം വരെ ചെയ്തുകൂട്ടിയതെല്ലാം മറന്നുകളയാനുള്ള വലിയ

മനസ്സുമായാണാ റീബൂട്ടിനു ശേഷമുള്ള തിരിച്ചു വരവ്. രാവിലെ കുളിച്ചു കുറിയിട്ട് വൃത്തിയുള്ള സ്ലേറ്റുമായി നഴ്സറി സ്കൂളിലെത്തുന്ന കുഞ്ഞി പൈതങ്ങളുടെ നിഷ്കളങ്കതയാണപ്പോൾ ആ മെമ്മറി നിറയെ. നീലാകാശത്തവിടവിടായി കുറേ മേഘങ്ങളും നാലു നിറങ്ങളുള്ള ഒരു ചില്ലുജാലകവുമല്ലാതെ ഒന്നും 'മനസ്സിൽ വച്ചേക്കില്ല'.

അക്ഷരാർത്ഥത്തിലല്ലെങ്കിലും മനുഷ്യർക്കുമാവശ്യമുണ്ടാവില്ലേ വല്ലപ്പോഴുമൊക്കെ ഇതുപോലൊരു റീബൂട്ട്? ഇഴഞ്ഞു നീങ്ങുന്ന, കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന കുറേ അലവലാതി ആപ്പുകൾ വരിഞ്ഞുമുറുക്കുന്ന വള്ളിപ്പടർപ്പുകൾ വെട്ടിക്കോതിയൊന്നു വെടിപ്പാക്കാൻ ഒരു പവർ-സൈക്ളിങ്; ഒരു റീസ്റ്റാർട്ട്.

അപ്പനുമമ്മയും ഉറുമ്പുകൾ അരിമണി കൂട്ടിവയ്ക്കുന്നതു പോലെ കിട്ടിയതൊക്കെ കൂട്ടിവച്ചും, കടമെടുത്തും പലതും പണയപ്പെടുത്തിയും കെട്ടിപ്പൊക്കിയ, ഇന്നും ഉള്ളിൽ തട്ടി 'ഹോം' എന്ന് വിളിക്കാവുന്നയൊരു വീടുണ്ട് നാട്ടിൽ. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോളാണാ വീട്ടിൽ ആദ്യമായി അമ്മ പാലു കാച്ചുന്നത്. ശേഷമൊരഞ്ചു വർഷം തികച്ചവിടെ നിന്നിട്ടില്ല. പത്തു പൂർത്തിയായപ്പോ തുടങ്ങി എന്നുമവിടെനിന്നു ടാറ്റ പറഞ്ഞുപോയിരുന്നത് ഉടനേ തിരികെ വരാൻ മാത്രമായിരുന്നു. യാത്രയേറെ മടുപ്പിക്കുമ്പോ, മനസ്സു പറയുന്നിടത്തെത്താൻ കാലുകൾ മടി കാട്ടിത്തുടങ്ങുമ്പോ, ഒന്നു തിരിഞ്ഞു നടക്കാൻ വെമ്പുമ്പോ, രണ്ടു കൈയും വിരിച്ചു പിടിച്ച് 'കേറി വാടാ മക്കളേ'ന്നു വിളിച്ച് നിറഞ്ഞു ചിരിക്കുന്നൊരമ്മക്കിളിക്കൂട്. അതാണാ വീട്.

എല്ലാവർക്കുമുണ്ടാവില്ലേ ഇത്തരം റീബൂട്ടിടങ്ങൾ? ഇല്ലെങ്കിൽ ഉണ്ടാവേണ്ടതല്ലേ! ആരാണ് ഒരു റീബൂട്ട് ആഗ്രഹിക്കാത്തത്! ഏതാണ് മെയ്യും മനവും ഒരു റീബൂട്ടിനു കൊതിക്കുമ്പോ നിങ്ങളുടെ കൈ പിടിക്കുന്ന ആ സുന്ദരമായ ഇടം?





# നായജീവിതം

ജനിക്കുകയാണെങ്കിൽ ഇവരെ പോലെ ജനിക്കണം. അല്ലാതെ ഇത് വെറുതെ കഷ്ടപ്പെടാനുള്ള ജന്മം. രണ്ട് വയസ്സ് മുതൽ തുടങ്ങും കഷ്ടപ്പാടുകൾ. പഠിക്കാനുള്ള കഷ്ടപ്പാട്, അതുകഴിഞ്ഞു ജോലി, വിവാഹം, കുട്ടികൾ, കുട്ടികളുടെ പഠിത്തം, അവരുടെ വിവാഹം, പേരക്കുട്ടികൾ, പിന്നെ രോഗങ്ങളുടെ ആക്രമണം... അങ്ങനെ തീരുന്ന മനുഷ്യജന്മം.

എന്നാൽ ഇവരുടെ കാര്യം അപ്രകാരമല്ല. ഒരു ടെൻഷനുമില്ല. മണിമാളികകളിൽ മക്കളെപോലെയും കുടിലുകളിൽ കൂട്ടുകാരെപോലെയും അവർ സദാസമയവും നമ്മോടൊപ്പം ഉണ്ടാകും. പോറ്റി വളർത്തിയ മക്കളെക്കാൾ ഏറെ സ്നേഹം കാട്ടുന്നവർ. ഉറ്റവർ കൈയൊഴിഞ്ഞാലും എപ്പോഴും കൂട്ടിനായ് കൂടെ ഉണ്ടാകുവോർ. ഒരു ചെറു തലോടലിനു ഒരു ജന്മം നീളുന്ന സ്നേഹം മനസ്സിൽ കരുതുന്നവർ. സ്നേഹിക്കാൻ മാത്രം അറിയാവുന്ന നിഷ്കളങ്കർ. വാർദ്ധക്യം എത്തുന്നതോടെ ഏറെ കദനഭാരത്തോടെ ഇവരെ “ദയാവധ''ത്തിലൂടെ മുക്തരാക്കുന്നു. ഇതാണ് ലോകമെമ്പാടുമുള്ള ഈ കൊച്ചു സ്നേഹിതരെപ്പറ്റി പറയാനുള്ളത്.

നമ്മുടെ ഭാരതത്തിലും സ്ഥിതി ഏതാണ്ട് ഇതുപോലെ തന്നെ ആണെന്നു തോന്നുന്നു. എന്നാലും കുറെ കാലങ്ങളായി സഹജീവികളോട് കുറച്ചു കൂടുതൽ സ്നേഹമുള്ള ഒരു കൂട്ടർ ആവിർഭക്കപ്പെട്ടിട്ടുണ്ട്. വളരെ നല്ല കാര്യം. സഹജീവികളോട് സ്നേഹം ഉണ്ടാവണം. എല്ലാ പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും ഭൂമിയിൽ ജീവിക്കാൻ അവകാശം ഉണ്ട്. അത് മനസിലാക്കാതെ മനുഷ്യർ സ്വാർത്ഥരായി എല്ലാം നശിപ്പിക്കുന്നു. അതിന്റെ പരിണാമമായി



പ്രസാദ് നായർ

പ്രകൃതി ക്ഷോഭത്തെ നേരിടുന്നു. ഒരു സമതുലിതാവസ്ഥ അത്യന്താപേക്ഷിതമാണ്.

സമതുലിതാവസ്ഥയാണ് ഇവിടുത്തെ പ്രശ്നം. നിത്യേന വാർത്തകളിൽ ഇടംനേടുന്ന വിഷയമാണ് തെരുവുനായ ശല്യം. സ്കൂൾ കുട്ടികളെ ഉപദ്രവിക്കുന്നു, കടിച്ചു കൊന്ന സംഭവങ്ങളും കേട്ടിട്ടുണ്ട്. കാൽ നടക്കാരെയും സൈക്കിൾ, മോട്ടോർ സൈക്കിൾ യാത്രക്കാരെയും കൂട്ടമായി ആക്രമിക്കുന്നു, അതെ തുടർന്നുള്ള അപകടങ്ങൾ. റോഡുകളിലും ഇടവഴിയിലും "ഗ്യാങ്സ്റ്റർസ്" നെ പോലെ കൂട്ടം കൂടി നിന്ന് വഴിപോക്കരെ ആക്രമിക്കുന്ന ഇവർ നാടിനും നാട്ടാർക്കും പേടിസ്വപ്നമാണ്. ഇവരുടെ അംഗസംഖ്യ ഉയർന്നുകൊണ്ടേയിരിക്കുന്നു. ഈ നായ് കൂട്ടവും മേൽപ്പറഞ്ഞ സ്നേഹിക്കാൻ മാത്രം അറിയാവുന്ന നായ്ക്കളും രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്നു.

തെരുവുനായ്ക്കളെ ഉപദ്രവിക്കുന്നത് സഹജീവിപ്രേമികൾക്കു സഹിക്കില്ല. നായ്ക്കൾ ഉപദ്രവിക്കുന്നത് സഹിച്ചോണം. എന്നാൽ അവയെ ഉപദ്രവിക്കാൻ ശ്രമിച്ചാൽ വിവരം അറിയും. അതിന്റെ കേസ് വിചാരണ ഡൽഹിയിലാണത്രെ. ഉയിരു പിഴക്കുവാൻ കഷ്ടപ്പെടുന്നവർ ഡൽഹി യാത്ര ചെയ്തു പണ്ടാരമടയും. വിചാരണ കഴിഞ്ഞു പിഴയും ജയിൽ വാസവും ബോണസായും കിട്ടും. മനുഷ്യരേക്കാൾ ഉപരിസ്ഥിതമായ നിലയിലാണ് നായ്ക്കൾ എന്ന കാര്യം മനുഷ്യർ വിസ്മരിക്കാതിരുന്നാൽ നന്ന്. അതുകൊണ്ട് പണ്ട് കല്ലെറിഞ്ഞു നായയെ ഓടിച്ച നൊസ്റ്റാൾജിയയിൽ അങ്ങനെ എങ്ങാനും ചെയ്യണമെന്ന് പൂതിയുണ്ടെങ്കിൽ ജാഗ്രതെ...

മനുഷ്യജീവികൾ (പരസ്പരവും അല്ലാതെയും) അനുദിനം ഏതെല്ലാം രീതിയിൽ ആക്രമിക്കപ്പെടുന്നു. അതെല്ലാം അറിയുന്നുണ്ടെങ്കിലും അതിനോടൊക്കെയുള്ള സമീപനം മൂകവും ബധിരവുമായ സഹജീവിപ്രേമികൾക്ക് നായ്ക്കളോടു മാത്രമുള്ള പ്രത്യേക താല്പര്യത്തിന്റെ പൊരുൾ മനസിലാക്കാൻ AI യോട് ചോദിക്കേണ്ടിവരും. AI ക്കും അതിനുള്ള ഉത്തരം ഉണ്ടാവുമോ ആവോ. വന്യമൃഗങ്ങളെപോലെ പെരുമാറുന്ന ഈ തെരുവുനായ്ക്കൾക്ക് സ്ഥാനം നാട്ടിലോ അതോ കാട്ടിലോ?

ഒരു സംശയമേയുള്ളു. ഈ സഹജീവിപ്രേമികൾ ചിക്കൻ കറിയും, മട്ടൻ ബിരിയാണിയും, ബീഫ് ഉലർത്തിയതും മറ്റും "മാക്ക് മാക്ക്" എന്ന് വെട്ടിവിഴുങ്ങുമ്പോൾ സഹജീവികളായ കോഴിയേയും ആടിനെയും കാളയെയും ഒക്കെ ഓർക്കുമായിരിക്കും അല്ലെ.. വെറുതെ ഒരു സംശയത്തിന്റെ പുറത്തു ചോദിച്ചൂന്നെ ഉള്ളൂ... ട്ടോ.



# Art Work




Aashirya Jayan Vakkom





Nanda




Anagha Nikesh



Bindu Menon



Anushka Arun



# അപ്പുണ്ണി

"ടാ, എങ്ങനാടാ പൂജാരി ആവണേ?"

എന്റെ വളരെക്കാലത്തെ ആഗ്രഹം അന്ന് ഞാൻ രവിയുടെ മുന്നിൽ അവതരിപ്പിച്ചു.

"അതിന് നമ്മക്ക് പറ്റുവോ? ഇല്ലത്തുള്ളോർക്കല്ലേടാ പറ്റൂ?"

അവൻ പറഞ്ഞത് സത്യമാണെന്ന് എനിക്കും തോന്നി. ക്ലാസ്സിലെ ഉണ്ണിയുടെ അച്ഛനും അപ്പൂപ്പനും ഒക്കെ പൂജാരിമാരാണ്. അവന് പറ്റുമായിരിക്കും. ചോദിച്ചുനോക്കാം. ആ മോഹം ഉപേക്ഷിക്കാൻ തോന്നിയില്ല.

രവിയുടെ വീട്ടിലേക്ക് പോകുന്ന വഴി ഒരു ചെറിയ പാറക്കൂട്ടം ഉണ്ട്, നിറയെ ഉരുളൻ പാറകൾ. കളിക്കാൻ പോകാത്തപ്പോൾ ഞങ്ങടെ വൈകുന്നേരങ്ങൾ അവിടെയാണ്. ഒരു ദിവസം അവനെ കാത്തിരിക്കുന്ന നേരത്ത് ഞാൻ നല്ലൊരു പരന്ന കല്ല് കണ്ടു. കഷ്ടപ്പെട്ട് താങ്ങിയെടുത്ത് ഞാനത് പാറക്കൂട്ടത്തിന്റെ ചുവട്ടിൽ ഉറപ്പിച്ചു. പറമ്പിൽ കണ്ട പച്ചിലയും പൂക്കളും ഒക്കെ ചുവട്ടിൽ വിതറി, വെള്ളക്ക കൊണ്ട് നെറ്റിയിൽ ചന്ദനവും തൊട്ടു.

ഈ കാഴ്ച കണ്ടുകൊണ്ടാണ് രവിയും കൂട്ടരും വന്നത്.

"ഇതെന്താടാ?"

"കണ്ടില്ലേ, നമ്മടെ ദൈവം."

"ദൈവോ? ദൈവത്തിന്റെ പേരെന്താ?"

"പേര്.........അപ്പുണ്ണി"

അപ്പോൾ മനസ്സിൽ വന്നത് അതാണ്. ഞാനറിയുന്ന അപ്പുണ്ണി അമ്മമ്മയുടെ അയൽവാസിയാണ്. എല്ലാരും അയാളെ പൊട്ടൻ എന്ന് വിളിക്കും, ശരിക്കും ഒരു പരോപകാരി.

"അപ്പുണ്ണീന്ന് ഒരു ദൈവോ? നിനക്ക് വട്ടായോ?"

"ഒന്നൂല്ല, അപ്പുണ്ണിയോട് പ്രാർത്ഥിച്ചാ സ്കൂളീന്ന് തല്ല് കിട്ടണത് കുറയും, നോക്കിക്കോ."

രവിക്ക് വിശ്വാസം ആയിട്ടില്ല എന്നെനിക്ക് മനസ്സിലായി. എങ്കിലും ഞാൻ സംതൃപ്തനായിരുന്നു. വൈകുന്നേരങ്ങളിൽ തെച്ചിപ്പൂവിന്റെ കൂടെ വെള്ളക്ക ചന്ദനം പ്രസാദമായി കൊടുത്ത് ഞാൻ ശരിക്കുമൊരു പൂജാരിയായി. പ്രസാദം കൊടുക്കുമ്പോൾ അവരുടെ കയ്യിൽ തൊടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

സ്കൂളടയ്ക്കുന്നത് വരെ അപ്പുണ്ണിയെ പൂജിക്കുന്ന കലാപരിപാടി ഞാൻ തുടർന്നു. രവിയെക്കൊണ്ടു നിർബന്ധിച്ച് പ്രാർത്ഥിപ്പിച്ചു. വർഷാവസാനം ടെസ്റ്റ് പേപ്പറിന് മാർക്ക് കുറഞ്ഞെങ്കിലും മാഷ് ഞങ്ങളെ തല്ലിയില്ല. പിറകിലെ ബെഞ്ചിൽ പോയിരുന്ന് വഴക്കുണ്ടാക്കിയതിന് രവിക്ക് കിട്ടി തല്ല്.



സ്വപ്ന കെ.വി.

“ടാ, അപ്പുണ്ണീടടുത്ത് ശരിക്കും പ്രാർത്ഥി ക്കണോണ്ടാ എനിക്ക് തല്ല് കിട്ടാത്തേ.”

വൈകുന്നേരം വീട്ടിലേക്ക് പോകുന്ന വഴി രവിയെ ശുണ്ഠിപിടിപ്പിക്കാണെന്നോണം ഞാൻ പറ ഞ്ഞു. അവൻ മറുപടിയൊന്നും പറഞ്ഞില്ല.

ആ വർഷം അച്ഛന് ട്രാൻസ്ഫർ ആയി. ഞങ്ങൾ പുതിയ സ്ഥലത്തേക്ക് താമസം മാറി. പതിയെ രവിയും അപ്പുണ്ണിയുമൊക്കെ ഓർമ്മകൾ മാത്രമായി.

ഞാൻ ഡിഗ്രിക്ക് ചേർന്ന വർഷം ഒരു സുഹൃ ത്തിനെ കാണാനാണ് അച്ഛൻ നാട്ടിലേക്ക് തിരിച്ചു വന്നത്, കൂടെ ഞാനും. അവർ സംസാരിച്ചിരുന്നപ്പോൾ ഞാൻ രവിയെ കാണാനിറങ്ങി.

നേരം സന്ധ്യയായിത്തുടങ്ങിയിരുന്നു. ദൂരെ നിന്ന് തന്നെ കണ്ടു, പാറക്കൂട്ടത്തിന് ചുറ്റും നല്ല ഇരുട്ട്, കാട്ടുവള്ളികൾ പടർന്ന് കയറിയിട്ടുണ്ട്. അക ത്തേയ്ക്ക് ഒരു നടപ്പാതപോലെ തോന്നി, തുടങ്ങു ന്നിടത്ത് ഒരു കൽവിളക്കും.

അവിടെങ്ങും ആരെയും കാണാത്തത് കൊണ്ട് അകത്തേക്ക് നടന്നുനോക്കി. മഞ്ഞളിന്റെയും ഭസ്മ ത്തിന്റെയും പൂക്കളുടേയും മണം നിറഞ്ഞു നിൽ ക്കുന്ന അന്തരീക്ഷം. പാറക്കൂട്ടങ്ങളുടെ ചുവട്ടിൽ കല്ല് കെട്ടി പൊക്കിയിട്ടുണ്ട്. അപ്പുണ്ണിയുണ്ടവിടെ; ഒരു മഞ്ഞ തുണി ചുറ്റി. ഏതാണ്ട് പകുതിയോളം പൂക്കൾ കൊണ്ട് മൂടി, ഭസ്മത്തിൽ കുളിച്ച്! അടുത്ത് ഒരു വിളക്കെരിയുന്നുണ്ട്, ചന്ദനത്തിരിയും. മറുവശത്ത് ഉണങ്ങിയ പൂക്കൾ കൂട്ടിയിട്ടിരിക്കുന്നു.

“ആരാ ഈ നേരത്ത് കാവിൽ?” പെട്ടെന്നൊരു ശബ്ദത്തിൽ ഞാൻ ഞെട്ടി.

“അത്, ഞാൻ.....”

“സന്ധ്യ കഴിഞ്ഞാൽ കാവിൽ കേറരുത്ന്ന് അറി യില്ലേ. ആരാത്?”

എന്നെ കണ്ടപ്പോഴേക്കും അയാളുടെ ശബ്ദമുയർന്നു.

“നിങ്ങടെ പരിഷ്കാരമൊന്നും ഇവിടെ വേണ്ട, വെളിയിൽ നിന്നാ മതി.”

ഞാൻ വേഗം പുറത്തേയ്ക്കിറങ്ങി.

ഇവിടം എന്റെയാണെന്ന് പറയണമെ ന്നുണ്ടായിരുന്നു, അപ്പുണ്ണിയും. പക്ഷേ, അയാൾക്ക് എന്നെ അറിയില്ലല്ലോ, അപ്പുണ്ണി യേയും!

വീണ്ടും എന്തൊക്കെയോ പിറുപിറുക്കു ന്നുണ്ടായിരുന്നു അയാൾ. ഒന്നും മിണ്ടാതെ ഞാനിറങ്ങി. രവിയുടെ വീട്ടിലേക്ക് നടക്കു മ്പോൾ മനസ്സ് ചോദിച്ചു;

“അപ്പുണ്ണി ശരിക്കും ദൈവാരുന്നോ?”





അനിലാൽ കെ.ജി.

# കായൽക്കര ഓർമ്മകൾ

ഈ സംഭവം നടക്കുന്നത് എൺപതുകളുടെ അവസാന കാലഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ പ്രകൃതിരമണീയമായ കഠിനംകുളം എന്ന ഗ്രാമം. കിഴക്ക് കായലും പടിഞ്ഞാറ് അറബിക്കടലും... പിന്നെ തോടുകളും വയലേല കളും ഒക്കെ നിറഞ്ഞുനിന്നിരുന്ന ഒരു ചെറിയ ഗ്രാമം.

അന്നൊന്നും ഇപ്പോഴത്തെ പോലെ ഹിന്ദിക്കാർ/ബംഗാളികൾ ഒന്നും അവിടെ ഇല്ലായിരുന്നു. അധികവും തമിഴ്നാട്ടുകാരായിരുന്നു അതിഥി തൊഴിലാളികളായി വന്നിരുന്നത്.

നേപ്പാളിൽനിന്ന് ചിലർ ഗുർഖമാരായി രാത്രിയിൽ വിസിലുകളും ടോർച്ചുകളുമായി പട്രോളിംഗ് നടത്തുന്നത് സാധാരണമായിരുന്നു. അങ്ങനെ ഞങ്ങളുടെ നാട്ടിലും എത്തി ഒരു സുമുഖനായ ഗൂർഖ. അയാളുടെ ഭാര്യ ഒരു അതിസുന്ദരിയായ മലയാളി ആയിരുന്നു. പേര് രമണി. ഇവർക്ക് മൂന്ന് ആൺകുട്ടികളായിരുന്നു.

ഗൂർഖയുടെ പേര് എന്തോ നേപ്പാളി പേരായിരുന്നു... പക്ഷേ നാട്ടുകാർ അദ്ദേഹത്തെ ഗൂർഖ എന്ന് മാത്രമാണ് വിളിച്ചിരുന്നത്. ഗൂർഖയും കുടുംബവും അവിടെത്തന്നെയുള്ള ഒരു ചെറിയ ഓലമേഞ്ഞ വാടകവീട്ടിലായിരുന്നു താമസം.

മറ്റുവരുമാനം ഒന്നും അന്ന് അവർക്കില്ലായിരുന്നു. എല്ലാ മാസവും ഒന്നാം തീയതി നമ്മുടെയൊക്കെ വീട്ടിൽ യൂണിഫോം ഇട്ട് വന്ന്, സലാം ഒക്കെ വെക്കും... ഒരു ചെറിയ തുക കൈപ്പറ്റും... പിന്നെ അവിടെയുള്ള ആളുകൾക്ക് ചെറിയ എന്തെങ്കിലും സേവനം ചെയ്തും ഒക്കെയാണ് അവർ അങ്ങനെ കഴിഞ്ഞുപോയിരുന്നത്. അന്ന് ഗ്യാസ് കുറ്റികൾ എടുത്തുകൊണ്ടുവരുന്നത് ഗൂർഖ ആയിരുന്നു.

ചില ദിവസങ്ങളിൽ രാത്രി സമയത്ത് വിസിലടിക്കുന്ന ശബ്ദം കേൾക്കാം..... അപ്പോൾ അമ്മ പറയും...... അത് ഗൂർഖയാണ് എന്ന്... താമസിയാതെത്തന്നെ ഗൂർഖ ഗ്രാമത്തിലെ ഒരാളായി മാറി. അവരുടെ കുട്ടികൾ ഞങ്ങളുടെ കൂടെ ഫുട്ബാൾ/ക്രിക്കറ്റ് ഒക്കെ കളിക്കാൻ വന്നു തുടങ്ങി... അവിടെത്തന്നെയുള്ള സ്കൂളിൽ അഡ്മിഷനും എടുത്തു.

കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു...

ഞാൻ നേരത്തെ പറഞ്ഞല്ലോ... ഞങ്ങളുടേത് ഒരു തനി നാട്ടിൻപുറം എന്ന്... ഒരുപാട് തെരുവ് നായ്ക്കളൊക്കെ കായൽതീരത്ത് റോഡ് സൈഡിലും ഒക്കെ കാണും... അത് അങ്ങനെ ഒക്കെ അങ്ങ് ജീവിച്ചുപോകും... ആർക്കും അധികം

ദോഷമുണ്ടാകാത്ത രീതിയിൽ... എന്നും പറയാം.

കൂട്ടത്തിൽ ഒരു പെൺപട്ടി ഉണ്ടായിരുന്നു... ഇത് മിക്കവാറും എന്റെ കുടുംബവീടിന്റെ അടുത്ത് തന്നെ ഒക്കെ കാണും... പല വീട്ടിലെയും അടുക്കളയിൽ ആരും കാണാതെ കയറി ഭക്ഷണം എടുക്കുമായിരുന്നു. അതൊരു ശല്യമായി മാറി.

അവിടെത്തന്നെയുണ്ടായിരുന്ന മണി മാമൻ എന്ന് വിളിക്കുന്ന ഒരു ബന്ധു പല പ്രാവശ്യം ഇതിനെ വള്ളത്തിൽ കയറ്റി കായലിന്റെ അക്കരെ കൊണ്ടുവിടും... പക്ഷേ രണ്ടു ദിവസം കഴിയുമ്പോൾ താനേ തിരികെ എങ്ങനെയോ എത്തും... മണി മാമൻ ഈ ശ്രമം പല ആവർത്തി നടത്തിനോക്കിയെങ്കിലും പരാജയപ്പെട്ടു.

അക്കാലത്ത് നാട്ടിൽ അന്നന്നത്തെ വരുമാനം കൊണ്ട് ജീവിച്ചിരുന്നവരാണ് അധികവും. അതിസമ്പന്നർ വളരെ കുറവായിരുന്നു. കിട്ടുന്ന വരുമാനം കൊണ്ട് അടുത്ത ദിവസത്തേക്കുള്ള കാര്യങ്ങൾ നീക്കിയിരുന്നത്. ഗൂർഖയും കുടുംബവും അതിന് ഒരു ഉദാഹരണമായിരുന്നു. അവരുടെ വരുമാനം സ്ഥിരമല്ല. മാസത്തിൽ ഒരിക്കൽ കിട്ടുന്ന ചെറിയ തുക. രമണി ചേച്ചി അടുത്തൊക്കെ ഉള്ള വീട്ടിൽ ചെറിയ ജോലികൾ ചെയ്തും ഒക്കെയാണ് കഷ്ടപ്പെട്ട് ജീവിച്ചത്.

ഒരു ദിവസം ഗൂർഖ കുട്ടികൾക്ക് കൊടുക്കാനായി കുറച്ച് മുട്ട വാങ്ങി വീട്ടിൽ വെച്ച്. എന്നിട്ട് കതകടച്ചിട്ട് പുറത്തേക്ക് പോയി. അവിടെ മറ്റ് ആരും ഇല്ലായിരുന്നു.

കുറച്ചുകഴിഞ്ഞ് ഗൂർഖ തിരികെ വന്നപ്പോൾ... നേരത്തെ പറഞ്ഞ ആ പെൺപട്ടി വീടിന്റെ അകത്ത് കയറി... ആ മുട്ട അകത്താക്കി...

അരിശം പൂണ്ട ഗൂർഖ അവിടെക്കിടന്ന ഒരു മടൽ കൊണ്ട് ആ പട്ടിയെ അടിച്ചു കൊന്നു. എന്നിട്ടത് കായലിൽ കൊണ്ട് കെട്ടിത്താഴ്ത്തി.. അത് അവിടെയുള്ള കുറച്ചുപേർ അറിഞ്ഞു എന്ന് തോന്നുന്നു...

കുറച്ചു ദിവസങ്ങൾക്കുമുമ്പ് ആ പെൺപട്ടി മൂന്ന് പട്ടി കുട്ടികൾക്ക് ജന്മം നൽകിയിരുന്നു... തൊട്ടുമുന്നിൽ പണി നടന്നുകൊണ്ടിരുന്ന വീട്ടിലെ കരിങ്കൽ പറയുടെ ഇടയിലാണ് അത് കിടന്നിരുന്നത്. നല്ല സുന്ദരൻ മൂന്ന് ബ്രൗൺ കളർ പട്ടി കുട്ടികൾ. ജനിച്ചിട്ട് ഏതാനും ദിവസം മാത്രമേ ആയിട്ടുള്ളൂ....

പാവം പട്ടി കുട്ടികൾ തീർത്തും ഒറ്റപ്പെട്ടു... ആ കാഴ്ച നമ്മളെ വേദനിപ്പിച്ചു. ഞാനും അനികുട്ടനും സന്തുവും വിനോദും കൂടി... ആ പട്ടി കുട്ടികൾക്ക് ദിവസവും പാൽ കൊണ്ടു കൊടുത്തു.

ഈ സംഭവം ഒക്കെ കഴിഞ്ഞു ഏകദേശം ഒരു മൂന്നാഴ്ച കഴിഞ്ഞു ഞാൻ സ്കൂൾ വിട്ട് എന്റെ കായൽക്കരയിലുള്ള കുടുംബ വീട്ടിൽ ചെന്നപ്പോൾ അവിടെ രമണി ചേച്ചി ഇരിക്കുന്നു. വളരെ സ്മാർട്ടായി നടന്ന അവരെ അന്ന് കണ്ടപ്പോൾ വളരെ ക്ഷീണിതയായി തോന്നി. പെട്ടെന്ന് പനി പിടിച്ചപോലെ.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ രമണി ചേച്ചിയെ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു എന്ന് അറിഞ്ഞു. ഗൂർഖ അവരെ നല്ല രീതിയിൽ ചികിത്സിക്കാൻ നോക്കി... അടുത്തുള്ള തെക്കേതിൽ പോയി നേർച്ചയും നേർന്നു... പക്ഷേ ഏതാനും ദിവസത്തിനകം രമണി ചേച്ചി ഈ ലോകത്തോട് വിട പറഞ്ഞു.

പിന്നെ കുറച്ചു നാൾക്കുശേഷം ഗൂർഖയും കുട്ടികളും അവിടെനിന്നും മാറിപ്പോയി.

ഈ സംഭവങ്ങൾ എന്നും ഒരു വേദനയോടെ മാത്രമേ ആ പ്രദേശത്തുള്ളവർക്ക് ഓർക്കാൻ കഴിയൂ.







# Starbucks ശനിയും അവിയൽ ഞായറും

## ഒരു കൺഫ്യൂസ്ഡ് മലയാളി ജീവിതം



ലേഖ നായർ

ഒരു കാലത്ത്, ABCD എന്ന വാക്ക് കേട്ടപ്പോൾ ഞാൻ ചിരിച്ചുപോയിരുന്നു. “American Born Confused Desi” അമേരിക്കയിൽ ജനിച്ച് വലിയൊരു identity crisis തള്ളി നടക്കുന്ന പാവം കുഞ്ഞുങ്ങളെ കുറിച്ചാണ് അതു പറയുന്നത്. എന്നാൽ അവർക്കു അവരുടെ വ്യക്തിത്വത്തെ പറ്റി നല്ല വ്യക്തത ഉണ്ട്. ഉണ്ട് – ഇവിടെ ജനിച്ചു വളർന്നു ഇന്ത്യൻ അക്സെന്റ് ഇല്ലാതെ സംസാരിച്ചു, സമൂഹത്തെപ്പറ്റി മനസിലാക്കുന്ന ഒട്ടും കൺഫ്യൂഷൻ ഇല്ലാത്ത വളരെ സ്ട്രോങ്ങ് ഐഡന്റിറ്റി ഉള്ളവർ. പക്ഷെ നന്നായി ചിന്തിച്ചാൽ മനസിലാകും കൺഫ്യൂസ്ഡ് അവരല്ല. ആ പേര് മുഴുവൻ യോജിക്കുന്നത് നമ്മൾക്കാണ്. അമ്മയുടെ മടിയിൽ ഇരിക്കുകയും വേണം, അച്ഛന്റെ കൂടെ നടക്കുകയും വേണം എന്ന അവസ്ഥ.

നമ്മൾ ആണ് : American Based Confused Desis.

എന്റെ ഐഡന്റിറ്റി ഫേസ്ബുക്കിലെ സ്റ്റാറ്റസ് പോലെ ആണ് – It’s complicated. പുട്ടിനും പിസക്കും ഇടയിൽ കുടുങ്ങിയ ഞാൻ.

കേരളത്തിൽ എത്തിയാൽ ആകെ മൊത്തം പ്രശ്നം – മഴ, ചെളി, കൊതുക്, ഈച്ച, പ്രാണി, ഭക്ഷണശാലയിലെ മോശം സർവീസ്, റോഡിലെ കുഴികൾ അങ്ങനെ പോകും നമ്മുടെ ആവലാതികൾ. എന്നാൽ ഒരു



ചായക്കട കണ്ടാലോ, ആകെ നൊസ്റ്റു അടിച്ചു വർഷങ്ങൾക്കു പുറകിലേക്ക് പോകും ഓർമ്മകൾ.

ഓണം, വിഷു ക്രിസ്മസ് ഒക്കെ വരുമ്പോൾ നമ്മൾ ആകെ സെറ്റ് ആണ് ഓണത്തിന് സദ്യയും വിഷുവിന് കൈനീട്ടവും ദീപാവലിക്ക് വിളക്കുകളും, ക്രിസ്മസിന്റെ പ്ലം കേക്കും എല്ലാം നടക്കും. വാഴയിലയിൽ സദ്യ, വാതുക്കൽ പൂക്കളം, പിന്നെ ഇൻസ്റ്റാഗ്രാം പോസ്റ്റുകളും –"Celebrating Onam miles away from home".

## വീടിന്റെ ഷെൽഫിൽ വനിത, ഫോണിൽ മറുനാടൻ മലയാളി

ഒരുപക്ഷേ നമ്മുടെ ജീവിതശൈലിയെ "filter coffee and Frappuccino combo" വിശേഷിപ്പിക്കാവുന്നതാണ്.

മലയാളം ന്യൂസ് നമ്മൾ ഒഴിവാക്കില്ല. ചെങ്ങന്നൂരിൽ മഴ വന്നത് ഞാൻ പറഞ്ഞായിരിക്കും അച്ഛൻ അറിയുന്നത്. കേരള രാഷ്ട്രീയം, സിനിമാ നടന്റെ അറസ്റ്റ്, ബസ് സമരം  എല്ലാം നമ്മൾ അറിയുന്നു. എന്നാൽ കേരളത്തിൽ പോയി ഒരു KSRTC ബസിൽ കയറേണ്ടി വന്നാൽ – "ഇതിൽ AC ഇല്ല അല്ലെ?"

പിന്നെ നമ്മുടെ ഹിപ്പോക്രിറ്റിക്കൽ സ്വഭാവം അത് ഒരു കലയാണ്.  അവിടെ കൊതുക് ഉണ്ടെന്നു പറഞ്ഞു നിലവിളിക്കും, ഇവിടെ ട്രയലിൽ പോയി സെൽഫി പോസ്റ്റ് ചെയ്യും – "We love nature". അപ്പൊ കിട്ടുന്ന കൊതുകുകടി അമേരിക്കൻ കൊതുകിന്റെ ആയതുകൊണ്ട് കുഴപ്പം ഇല്ല.

അമേരിക്കൻ അച്ചടക്കം നമ്മളുടെ ഇഷ്ടവിഷയം ആണ് – ഇവിടെ നമ്മൾ ട്രാഷ് ക്യാൻ അന്വേഷിച്ചു നടന്നു സാധനങ്ങൾ കളയും, നാട്ടിലെത്തിയാൽ കാറിൽ നിന്ന് തുപ്പാനും സാധനങ്ങൾ പുറത്തേക്കു അറിയാനും ഒരു ബുദ്ധിമുട്ടും ആർക്കുമില്ല. ഇതൊക്കെചെയ്തിട്ടുവൃത്തിയില്ലായ്മയെ പറ്റി ഒരു നീണ്ട സംസാരവും.

മലയാളി ആഹാരം – അത് ഒരു വൈകാരിക പ്രതിബദ്ധത ആണ്. ദിവസവും ചോറ്, മോരുകറി അവിയൽ, തോരൻ – മീൻ "അമ്മ വെക്കുന്ന പോലെ" വച്ചാലേ കഴിക്കൂ, എന്തൊക്കെ ചെയ്താലും ആ പഴയ നാട്ടിലെ ടേസ്റ്റ് ഇല്ല. നാട്ടിൽ പോയി വരുമ്പോൾ ഇമ്മിഗ്രേഷൻ ഓഫീസർ പെട്ടി തുറന്നാൽ ആക്രി കച്ചവടക്കാരെ പോലെ പല പല കുപ്പികളും പാട്ടകളും നിറയെ ഉപ്പേരികളും അച്ചാറുകളും എന്ന് വേണ്ട നാട്ടിൽ കിട്ടുന്ന എല്ലാ വിധ ചപ്പും ചവറും കാണും. എയർപോർട്ട് സെക്യൂരിറ്റി പിടിച്ചു – "What's this?"

നമ്മൾ : "Indian medicinal preserve, sir-anti-inflammatory." കൂട്ടത്തിൽ ഒരു  ആയുർവേദവും.

ഞങ്ങൾ ഒരു 'in-between' തലമുറ ആണ്. നമ്മുടെ വീട് America-യിൽ. നമ്മുടെ സ്വപ്നം കേരളത്തിൽ. പണ്ടാരാണ്ടു പറഞ്ഞപോലെ ഇല്ലത്തുനിന്നു തിരിച്ചും പോയി അമ്മാത്തൊട്ടെത്തിയുമില്ല എന്ന അവസ്ഥ.

## ABCD American Based Confused Desis

ഇനി മുതൽ ABCD എന്നു കേട്ടാൽ, "American Born" അല്ല, "American Based" എന്നു വായിക്കൂ. അത് നമ്മളെപ്പറ്റിയുള്ള സത്യവും പരമാർത്ഥവുമാണ്.

കൺഫ്യൂസ്ഡ് ആണെങ്കിലും ഒരു proud, flavorful, soulful കൺഫ്യൂഷൻ ആണ്.

ഫ്രോസൺ പൊറോട്ട പോലെ സൗകര്യപ്രദം, മുട്ട റോസ്റ്റ് പോലെ സ്പൈസി – അതാണ് നമ്മളുടെ ജീവിതം. നമ്മുടെ കുട്ടികൾ പറയട്ടെ:

"Our parents are ABCDs - and they made both worlds feel like home."





# പൂർവ്വജന്മസുകൃതം



വത്സല ബി. വാര്യർ

രേണുവിന്റെ ജീവിതയാത്ര കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെയായി. ഒരുപാടുപേർ അവളെ വിവാഹം കഴിക്കാനും അല്ലാതെയും പുറകെ നടന്നിരുന്ന കാലം. സാമാന്യം സാമ്പത്തിക ഭദ്രതയും സൗന്ദര്യവും സൽസ്വഭാവവും മറ്റു പല ഐശ്വര്യങ്ങളും വേണ്ടുവോളമുള്ള അവൾ ഗുർഗ്ഗതികൊണ്ടെന്നവണ്ണം വിവാഹത്തിനു സമ്മതിച്ചു. ആഘോഷപൂർവ്വം കൊട്ടും കുരവയുമായി ആ വിവാഹം നടന്നു. പ്രത്യേക വരനെ കണ്ടു വിവാഹത്തിനു സമ്മതിച്ച അവൾ വരാനിരിക്കുന്ന ഗുർഗ്ഗതി അറിയാതെ പോയി. വിവാഹങ്ങൾ ആഘോഷിക്കുകയും നടത്തുകയും ചെയ്യുന്ന അച്ഛനമ്മമാരും ബന്ധുക്കളും പ്രതിശ്രുതവരന്റെ ആരോഗ്യപരമായ കാര്യങ്ങൾ എന്തുകൊണ്ട് അന്വേഷിക്കുന്നില്ല എന്ന ചോദ്യം രേണുവിന്റെ മനസ്സിൽ ഉദിച്ചുണർന്നു. അനുഭവങ്ങൾ പ്രതികൂലമായി വരുമ്പോൾ വിധിയേയോ ജാതകത്തിനേയോ പഴിച്ചാൽ മതിയല്ലോ.

കല്യാണത്തിന്റെ കോലാഹലങ്ങൾ കഴിഞ്ഞു. കൂട്ടുകാരുടേയും സമപ്രായക്കാരായ ബന്ധുജനങ്ങളുടേയും കളിയാക്കലും ബഹളങ്ങളും ഒന്നടങ്ങി. സൂര്യൻ പടിഞ്ഞാറെ ദിക്കിലേക്കു വിടപറഞ്ഞു യാത്രയായി. ഒരുപാടു സ്വപ്നങ്ങളും പ്രതീക്ഷകളും മനസ്സിൽ വച്ചവൾ ശയനമുറിയിൽ കാൽവച്ചു. ഹൃദയമിടിപ്പു കൂടി. എന്നാൽ വിവാഹരാത്രിയിൽതന്നെ തളർന്നുറങ്ങുന്ന രഘു എന്ന ഭർത്താവിനെ കണ്ട് രേണുവിന്റെ ഉള്ളൊന്നു പിടഞ്ഞു. അവൾ തന്റെ വെപ്രാളം പ്രകടിപ്പിക്കാതെ അല്പം ഉണർന്ന ഭർത്താവിനോട് ആരാഞ്ഞു. "എന്താ ചേട്ടാ കിടക്കുന്നത് എന്തുപറ്റി". അയാൾ ഖേദപൂർവ്വം മറുപടി പറഞ്ഞു "എനിക്കു കൂടെക്കൂടെ ഒരു തലവേദന വരും അതു സഹിക്കാൻ കഴിയില്ല." ഇതുകേട്ട് അവൾ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "അസുഖം വരുന്നത് നമ്മളോടു ചോദിച്ചിട്ടല്ലല്ലോ. മരുന്നുകഴിച്ചു വിശ്രമിച്ചാൽ ശരിയാകും." കുറച്ചുകഴിഞ്ഞ് അവർ നിദ്രയിൽ ലയിച്ചു.

ദിവസങ്ങൾ കടന്നുപോയി. അവളുടെ സ്നേഹസമ്പന്നനായ ഭർത്താവും പതിവായി ജോലിക്കുപോയി. അങ്ങനെയിരിക്കെ അവളൊരമ്മയായി

സന്തോഷവതിയായി കഴിഞ്ഞു. എങ്കിലും പഠിക്കാൻ ആഗ്രഹമുള്ള അവൾ പഠിത്തം വിട്ടില്ല. ഒരുദിവസം ജോലികഴിഞ്ഞുവന്ന രഘു "രേണൂ.. എനിക്കു തീരെ വയ്യ. ഞാനൊന്നു കിടക്കട്ടെ" എന്നുപറഞ്ഞു കിടന്നു. തലവേദന കാരണം ഉറങ്ങാൻ പറ്റുന്നില്ല. വിട്ടുവിട്ടുള്ള അസുഖം കാരണം അയാൾ ജോലിക്കു പോകാതെയായി. ആഗ്രഹമുണ്ടെങ്കിലും യാത്ര ചെയ്തു ജോലിക്കുപോകാൻ പ്രയാസമായി. അയാൾ അവളോടു പറഞ്ഞു "രേണൂ നീ പഠിത്തം കഴിഞ്ഞു ജോലിചെയ്തോളൂ. എനിക്കു ജോലി പോയാലും നിനക്കു ജോലി കാണുമല്ലോ". അങ്ങനെ അതിസമർത്ഥയായ അവൾ ജോലി ചെയ്യാൻ തുടങ്ങി. അതിസമർത്ഥയായ അവൾ ശുഷ്കാന്തിയോടെ ജോലിചെയ്തു. നാളുകൾ കഴിഞ്ഞു.

രഘു അങ്ങനെയിരിക്കെ ഒരു ദിവസം ജോലികഴിഞ്ഞുവന്ന് അവളോടു പറഞ്ഞു "ഞാൻ ജോലി റിസൈൻ ചെയ്തു. എനിക്കീ ജോലിയിലെ യാത്ര അസാധ്യമാണ്; നീ ക്ഷമിക്കണം." അവൾ സ്തംഭിച്ചു നിന്നു. വരുമാനമാർഗ്ഗം പെട്ടെന്ന് അടഞ്ഞു കഴിഞ്ഞു. ഒരു കുട്ടിയെ വളർത്താനുണ്ട്. എന്നാലും സംയമനം പാലിച്ച് അവൾ പറഞ്ഞു. "തീരെ നിവൃത്തിയില്ലാഞ്ഞിട്ടാണെന്നറിയാം. ദൈവം എന്തെങ്കിലും വഴി കാണിച്ചുതരും." വരുമാന മാർഗ്ഗത്തിനായി അവൾ പലതും പഠിച്ചു. പഠിച്ചതിലെല്ലാം പ്രാവീണ്യം നേടി. അതിസമർത്ഥയായ അവൾക്കു ജോലിയിൽ പ്രയാസങ്ങൾ ഉണ്ടായില്ല. രഘുവിന്റെ ആരോഗ്യം എന്നുമൊരു പ്രശ്നമായി തുടർന്നു. പെട്ടെന്ന് ഒരു ദിവസം കഠിനമായ നെഞ്ചുവേദന വന്ന് ആശുപത്രിയിൽ പോയി. ഡോക്ടർ തൽക്കാലം വേദന സംഹാരി കൊടുത്തു എന്നിട്ടു പറഞ്ഞു "പ്രശ്നം ഹൃദയത്തിലാണ്. ഒരു ശസ്ത്രക്രിയ വേണ്ടിവരും". മാത്രമല്ല സ്ഥലത്തെ വളരെ പ്രസിദ്ധനായ ഡോക്ടറുടെ പേര് റെക്കമെന്റു ചെയ്തു ചെന്നു കാണാൻ പറഞ്ഞു.

അധികം താമസിയാതെഅടുത്ത ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും സഹായത്തോടെ ശസ്ത്രക്രിയ ചെയ്തു. അതൊരു വിജയമായിരുന്നു. കുറച്ചു ദിവസങ്ങൾക്കകം നിത്യജീവിതം സാധാരണമായി. രഘുവിന്റെ സമ്പാദ്യം ഇല്ലെങ്കിലും അവളുടെ വരുമാനത്തിൽ കുടുംബം സമാധാനമായി കഴിഞ്ഞു.

സൗഖ്യവും സമാധാനവും രേണുവിന് അധികകാലം വിധിച്ചിട്ടില്ല. അങ്ങനെയിരിക്കെ ജോലിക്കുപോകാൻ തയ്യാറായി ഹാളിലേക്കു വന്ന രേണു കണ്ടത് രഘു അനക്കമില്ലാതെ സ്തംഭിച്ചിരിക്കുന്നതാണ്. ഭയഭീതരായ രേണുവും മകനും വളരെ പെട്ടെന്ന് അയൽക്കാരുടെ സഹായത്തോടെ അയാളെ അടുത്തുള്ള ആശുപത്രിയിലാക്കി. ഉടനെ അടിയന്തിര ശസ്ത്രക്രിയക്കു വിധേയനാക്കി. ഏതാനും ദിവസങ്ങൾ കഴിഞ്ഞു വീട്ടിലെത്തി. സംസാരശേഷി നഷ്ടപ്പെട്ടിട്ടും രഘു പരസഹായത്തോടെ കുറച്ചു വർഷങ്ങൾ കഴിച്ചുകൂട്ടി. രേണുവിന്റെ മനോധൈര്യവും സാമർത്ഥ്യവും കാരണം മകൻ കോളേജിലായി. മകൻ വീട്ടിലിരുന്ന് ജോലിചെയ്ത് അച്ഛനെ ശുശ്രൂഷിച്ചു വന്നു. ഒരുദിവസം ഉണർന്നപ്പോൾ രഘു ആക്സമികമായി സ്തംഭിച്ചിരിക്കുന്നതു കണ്ടു. തൊട്ടുനോക്കിയപ്പോൾ അനക്കമില്ല. അടുത്ത വീട്ടിലെ ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. ഡോക്ടർ ചെക്കുചെയ്ത് വിഷണ്ണനായി പറഞ്ഞു "ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു, അര മണിക്കൂറായി." അവൾ ഇതുകേട്ടു തരിച്ചുനിന്നു. ഇതുവരെയുള്ള കഷ്ടപ്പാടും ദുരന്തങ്ങളും ഫലമില്ലാതെയായല്ലോ. ഏകമകനെ കെട്ടിപ്പിടിച്ചു കരഞ്ഞു. അതിനിടെ അവിടെ ജനക്കൂട്ടമായി. അവൾ ബാക്കി കാര്യങ്ങൾ ശ്രദ്ധിക്കാൻ നിർബന്ധിതയായി. അവൾക്കു ജീവിതം ഒരു സ്വപ്നം പോലെ തോന്നി. നല്ലവളായി സാത്വിക ജീവിതം നയിക്കുന്ന രേണുവിന് ഈ ഗതി വന്നതിന് ഒരു ഉത്തരമേയുള്ളൂ; പൂർവ്വജന്മസുകൃതം



# മാറ്റങ്ങളും പ്രതിഫലനങ്ങളും

വേനലവധിക്ക് ഇത്തവണ നാട്ടിൽ പോയപ്പോഴാണ് നാട്ടിലെ ചില മാറ്റങ്ങൾ അനുഭവിച്ചറിയാൻ ഇടയായത്. നാട്ടിൽ പോയതിന്റെ അടുത്ത ദിവസം യു പി സ്കൂൾ സുഹൃത്തുക്കളുടെ ഒരു സൗഹൃദ സംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞു. സുഹൃത്തുക്കളിൽ ചിലരുടെ കുട്ടികൾക്ക് പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയതിന്റെ അനുമോദിക്കുന്ന ചടങ്ങായിരുന്നു അത്. പഠിച്ച സ്കൂളിൽ തന്നെ പരിപാടി സംഘടിപ്പിച്ചത് വേറിട്ട ഒരു അനുഭവം തന്നെ ആയിരുന്നു.

എന്റെ ചെറുപ്പകാലത്ത് അടുത്തൊന്നും ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇല്ലാതിരുന്നതു കൊണ്ടുതന്നെ എല്ലാവരും അടുത്തുള്ള സർക്കാർ സ്കൂളുകളിൽ തന്നെയായിരുന്നു പ്രൈമറി വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും.

ഒരു വട്ടം കൂടിയാ പഴയ വിദ്യാലയ തിരുമുറ്റത്തെത്തുവാൻ മോഹം എന്ന പാട്ടു കേൾക്കുമ്പോൾ ആ യു.പി. സ്കൂളും ഹൈസ്കൂളും ഒക്കെ ഓർമയിൽ വരാറുണ്ടായിരുന്നെങ്കിലും ആ സ്കൂളിന്നടുത്തുകൂടെ പലവട്ടം പോയിട്ടുണ്ടായിരുന്നെങ്കിലും ഇങ്ങനെ ഒരു ഒത്തുകൂടൽ അവിടെ ഉണ്ടാകും എന്ന് പ്രതീക്ഷിച്ചിരുന്നില്ല.

ലീന ടീച്ചറെ അനുമോദനത്തിനു ക്ഷണിക്കാം എന്ന ചർച്ച വന്നപ്പോഴാണ് ടീച്ചറാണ് സ്കൂൾ പ്രിൻസിപ്പൽ എന്നറിയാൻ കഴിഞ്ഞത്. ചില തിരക്കുകൾ കാരണം ടീച്ചർക്ക് അനുമോദനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. സ്കൂളിൽ തന്നെ പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ച സംഘാടകരെ സ്കൂൾ പ്ലാസ്റ്റിക് നിരോധിത മേഖല ആണ് എന്ന് ടീച്ചർ പ്രത്യേകം ഓർമിപ്പിച്ചു. അതുകൊണ്ടുതന്നെ അനുമോദന ചടങ്ങിലെ ലഘുഭക്ഷണം വിതരണം ചെയ്യാനൊക്കെ കുറച്ചു പേപ്പർ പ്ലേറ്റുകൾ ഗ്ലാസ്സുകൾ മാത്രം മേടിച്ചു. ടീച്ചറോടും ആ നാടിനോടും ഒരു പ്രത്യേക ബഹുമാനം തോന്നി അപ്പോൾ.

ഗ്രോസറി ഷോപ്പിൽ അല്ലാതെയുള്ള ഷോപ്പിൽ ഒന്നും പ്ലാസ്റ്റിക് കവർ കൊടുക്കാൻ പാടില്ലെന്ന നിയമം കണ്ണൂരിൽ വന്നിട്ട് കുറച്ചു വർഷങ്ങളായി. അത് പറയുമ്പോൾ ഇവിടുത്തെ കാര്യം കൂടി പറയാം. ഈയടുത്താണ് പ്ലാസ്റ്റിക് ബാഗുകൾക്ക് ചില ഷോപ്പുകളിൽ ചെറിയ തുക ഈടാക്കാൻ ഇവിടെ നിയമം വന്നത്. ആ നിയമത്തെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുകയാണുണ്ടായത് എങ്കിലും പലരും അതിനെ വിമർശിക്കുന്നുണ്ടായിരുന്നു. അങ്ങനെയൊരു നിയമം വന്നപ്പോഴാണ് പ്രകൃതിസ്നേഹി എന്ന് സ്വയം അവകാശപ്പെടുന്ന ഞാൻ പോലും വീട്ടിൽനിന്നും ബാഗ്സ് എടുത്തു ഷോപ്പിംഗിനു പോകാൻ തുടങ്ങിയത്. നേരത്തെ അങ്ങനെ പ്ലാൻ ചെയ്തിരുന്നെങ്കിലും കുറച്ചു ഷോപ്പിംഗ് ബാഗുകൾ അതിനുവേണ്ടി മേടിച്ചു വച്ചിട്ടുണ്ടായിരുന്നിട്ടും മിക്കവാറും എടുക്കാൻ വിട്ടു പോകുമായിരുന്നു. ബാഗിനും കാശു കൊടുക്കണം എന്ന അവസ്ഥ വന്നപ്പോൾ ഓർക്കാൻ തുടങ്ങി എന്നതാണ് യാഥാർത്ഥ്യം. ഇതേ അനുഭവം നിങ്ങളിൽ പലർക്കും ഉണ്ടായി കാണുമെന്ന് കരുതുന്നു. നാട്ടിൽനിന്ന് തിരിച്ചു വരാൻ നേരത്തു തുണികൾ മേടിക്കാൻ അടുത്തുള്ള പട്ടണത്തിൽ പോയി. പല കടകളിൽ കയറി. മേടിച്ച തുണികളെല്ലാം മൂന്നുനാലു പേപ്പർ കവറിലാണ് കിട്ടിയത്. ആ ദിവസം നല്ല മഴ ഉണ്ടായിരുന്നത് കൊണ്ട് തന്നെ ടൗണിൽ

**എസ്. സഞ്ജയ്**



കൂടി നടക്കുന്നതിനിടയിൽ ബാഗുകൾ മഴകൊണ്ട് നനഞ്ഞു ചെറുതായി കീറിത്തുടങ്ങിയിരുന്നു. പക്ഷെ അതൊന്നും എനിക്ക് ഒരു വലിയ ബുദ്ധി മുട്ടായി അനുഭവപ്പെട്ടില്ല.

അത് പറയുമ്പോൾ നമുക്ക് നാട്ടിലെ മഴയെ പറ്റിയും അതിൽ വന്ന മാറ്റങ്ങളെപറ്റിയും പറയാം. ഒരുപാട് വർഷങ്ങൾക്കു ശേഷമാണ് ഞാൻ ജൂണിൽ നാട്ടിലേക്ക് പോകുന്നത്. നാട്ടിലെ മഴ മുൻപൊക്കെ ഇഷ്ടപ്പെട്ടിരുന്നെങ്കിലും ഇപ്പോഴത്തെ മഴ ചിലപ്പോഴൊക്കെ അസ്വസ്ഥത ഉളവാക്കി. ഭയാനകമായി തോന്നി. വലിയൊരു മഴ. ചെറിയ ഇട വേള. പിന്നെയും വലിയ മഴ. അങ്ങനെ തുടർന്ന് കൊണ്ടേയിരുന്നു ദിവസങ്ങളോളം. പണ്ടത്തെ മഴ ഇങ്ങനൊന്നുമായിരുന്നില്ല. വല്ലപ്പോഴും കുറച്ചു ദിവസത്തേക്ക് വിരുന്നുകാരെ പോലെ എത്തുന്ന ഞങ്ങളോട് “ഞാനല്ല, എന്റെ മഴ ഇങ്ങനല്ല”; എന്ന് ഗോഡ്സ് ഓൺ കൺട്രി എന്നറിയപ്പെടുന്ന കേരളം വിലപിക്കുന്നുണ്ടോ എന്ന് തോന്നി. ഈ അടുത്തകാലത്ത് ഉണ്ടായ മാറ്റങ്ങളാണ് ഇതൊക്കെ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രകൃതി സംരക്ഷണം കുറയുന്നത് കൊണ്ടായിരിക്കുമോ ഇങ്ങനെ കാലാവസ്ഥാ വ്യതിയാനങ്ങൾ ഉണ്ടാകുന്നത്; ആയിരിക്കാം.

കഴിഞ്ഞ തവണ നാട്ടിൽ പോയപ്പോ അതായതു രണ്ടു വർഷം മുൻപ് ഫെബ്രുവരിയിൽ കൊച്ചിയിൽ നിന്നാണ് ഫ്ലൈറ്റ് കയറിയത്. കൊച്ചിയിലെ ബ്രഹ്മപുരം കേരളത്തിന്റെ പ്രധാനപ്പെട്ട നഗരത്തിലെ മാലിന്യ സംസ്കരണ പ്ലാന്റ് ഉള്ള സ്ഥലം എന്ന രീതിയിലാണ് അറിയപ്പെടുന്നത്. ആ സമയത്ത് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന് തീ പിടിച്ചിരിക്കുന്ന സമയമായിരുന്നു. പത്രങ്ങളിലും ടിവിയിലും ആ വാർത്തകൾ നിറഞ്ഞുനിന്നിരുന്നു. കൊച്ചിയിൽ മുൻപ് രണ്ടു മൂന്നു വർഷം താമസിച്ചിട്ടുണ്ടായിരുന്നെങ്കിലും മാലിന്യ സംസ്കരണ പ്ലാന്റിന്റെ പരിതാപകരമായ അവസ്ഥ അപ്പോഴാണ് ബോധ്യപ്പെട്ടത്. എല്ലാവരും ആ പ്രശ്നത്തെ കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിലും അതിനു തക്കതായ പരിഹാരം കാണുന്നതായി തോന്നിയില്ല. മാലിന്യം കുറക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതില്ലേ. കേരളം പോലെ ഇത്രയും ജനസാന്ദ്രതയാർന്ന നാട്ടിൽ നിത്യോപയോഗസാധനങ്ങൾ സസ്റ്റെയിനബിൾ മെറ്റീരിയൽസ് ഉപയോഗിച്ച് നിർമിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നിയത്. യു.എസ്. പോലുള്ള രാജ്യത്തെ വച്ച് നോക്കുമ്പോൾ ഇവിടുത്തെ പോലെ മാലിന്യ സംസ്കരണം കേരളത്തിൽ നടപ്പാക്കാൻ എളുപ്പമല്ല. സ്ഥലപരിമിതി തന്നെ പ്രധാന കാരണം. ഇവിടെ ലാൻഡ്ഫിൽ ചെയ്യാനും ഒക്കെ സ്ഥലം ഉണ്ടല്ലോ. ഇവിടെ എല്ലാ ആഴ്ചയും ഒരു വലിയ ബോക്സ് റീസൈക്കിൾ വസ്തുക്കൾ ഇടാൻ മാറ്റിവെച്ചിട്ടുണ്ടെങ്കിലും എല്ലാം വേണ്ട വിധം റീസൈക്കിൾ ചെയ്യപ്പെടുന്നുണ്ടോ എന്നൊന്നും അറിയില്ല.

വെറുമൊരു മൂന്നു നാല് മണിക്കൂർ നേരത്തെ ഒത്തുചേരലിനു വേണ്ടി നമ്മൾ ഉപയോഗിക്കുന്ന വസ്തുക്കളും അതുസംബന്ധിച്ചു ഉണ്ടാകുന്ന മാലിന്യകൂമ്പാരങ്ങൾ കാണുമ്പോൾ വിഷമം തോന്നാറുണ്ട്. ലാൻഡ് ഫിൽ ഒക്കെ ഉണ്ടെന്നു വച്ച് പ്രകൃതിയെ ഇങ്ങനെ അവഗണിക്കാൻ പാടുണ്ടോ.

ഇത്തവണ തിരിച്ചു വരാൻ നേരം കൊച്ചിയിലെ ഒരു തുണിക്കടയിൽ കയറി ഒരു സാരിയും രണ്ടു ചുരിദാർ ടോപ്സും എടുത്തു. കോട്ടൺ തുണികൾ ആയതുകൊണ്ടുതന്നെ

അതെല്ലാം ഒരു കവറിൽ പാക്ക് ചെയ്യാനുള്ളതേ ഉണ്ടായിരുന്നുള്ളൂ എങ്കിലും രണ്ടു പ്ലാസ്റ്റിക് കവറുകളിലായാണ് പാക്ക് ചെയ്തു തരുന്നത് എന്ന് കണ്ടപ്പോൾ കൊച്ചിയിലും പേപ്പർ ബാഗ് നിയമം ഉണ്ടാവും എന്ന് പ്രതീക്ഷിച്ച ഞാൻ തെല്ലൊന്നു അതിശയിച്ചു.

പ്ലാസ്റ്റിക് ബാഗ്സ് ബോസ്സ് കുപ്പികൾ എല്ലാം പലപ്പോഴും കൺവീനിയൻസ് എന്ന കാരണം കൊണ്ടാണല്ലോ എല്ലാവരും ഉപയോഗിക്കാൻ താൽപര്യപ്പെടുന്നത്. ചെലവ് കുറവ് എന്ന കാരണം കൊണ്ട് കടകളിൽ സുലഭം. ഏറ്റവും ചെലവ് കുറഞ്ഞ സ്റ്റൈറോഫോം കൊണ്ടുള്ള പ്ലേറ്റുകളും ഇപ്പൊ എല്ലായിടത്തും കാണാം.

വെളിച്ചെണ്ണ കുപ്പിയും ഒരു ബാഗും എടുത്തു ആളുകൾ കടയിൽ പോയിരുന്നതും പേപ്പറിൽ പൊതിഞ്ഞു പച്ചക്കറികളും ചെറുധാന്യങ്ങളും കടയിൽ നിന്ന് മേടിച്ച കാലം ഓർക്കുന്നുണ്ടോ. ആ കാലം അത്ര വിദൂരമല്ല. ഒരു ഇരുപതു മുപ്പതു വർഷത്തിൽ എത്ര മാറ്റങ്ങളാണ് നാട്ടിൽ വന്നിരിക്കുന്നത്. ഏതു ജനറേഷൻ ആണ് ഈ മാറ്റങ്ങൾ കൊണ്ടുവന്നത്. മില്ലേനിയൽസ് ആണോ. ജെൻ സീ ആവാൻ സാധ്യതയില്ല. അവർ ഇതൊക്കെ അനുഭവിക്കാൻ വിധിക്കപ്പെട്ടവരായിട്ടാണ് തോന്നിയിട്ടുള്ളത്.

ഇലയിലെ സദ്യയും കോട്ടൺ മുണ്ടും നേര്യതും സെറ്റു സാരിയും ഖാദി തുണികളും മൺചട്ടിയിലെ പാചകവും ഒക്കെ പ്രകൃതിയോടിണങ്ങിയ ജീവിതരീതിയായിരുന്നു.

വസ്ത്രധാരണത്തിലെ മാറ്റങ്ങൾ കാലത്തിന്റെ മാറ്റങ്ങൾ ആണ്. മാറ്റങ്ങൾ നമ്മൾ ഉൾക്കൊള്ളണം. പക്ഷെ പ്രകൃതിയെ ബാധിക്കുന്ന മാറ്റങ്ങൾ അത് തിരിച്ചറിഞ്ഞു മാറ്റങ്ങൾ കൊണ്ട് വരേണ്ടതില്ലേ.

പ്രകൃതി ഭംഗിയുള്ള കേരളം ടൂറിസം മേഖലയിൽ വികസിക്കാൻ സാധ്യതയുള്ള പ്രദേശമാണ്. അത് ഇങ്ങനെ മലിനപ്പെടുത്തുന്നതിലുള്ള പരിഭവം ഇവിടെ പങ്കുവച്ചു എന്ന് മാത്രം.

പ്രകൃതി സംരക്ഷണത്തിൽ നമ്മൾ ഓരോരുത്തരും അവരവരുടെ പങ്കു വഹിക്കേണ്ടതുണ്ട് എന്നാണ് എന്റെ അഭിപ്രായം. എന്റെ ഈ അഭിപ്രായത്തോട് നിങ്ങളും യോജിക്കുന്നുണ്ടോ. ഉണ്ടെങ്കിൽ ലൈക് സബ്സ്ക്രൈബ് ആൻഡ് കമന്റ്. :) ഓ ക്ഷമിക്കണം ഇത് സോഷ്യൽ മീഡിയ അല്ലല്ലേ.

അമേരിക്കൻ മലയാളി സുഹൃത്തുക്കൾക്ക് എന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ.



# Onam

Onam is a festival filled with colours and happiness.
With pookalamalsaram, Pulikali,
Vallamkali and Vadamvali!
Next we have sadhya. Sadhya is a whole different journey.
Sadhya is filled with different flavours and different curries!
Onam brings joy and happiness just like king Mahabali!
Onam is something that I look forward to.
That how fun Onam is! Now its time
for pookalam. Whenever I'm with my mom
finding flower petals for the pookalam I tell her
I get to choose the way we put it!
Pookalams can also be fun
when your friends
are there too.





*Happy Onam*







Sadhikaa Cheviry



# Rediscovering India's Ancient Unity Beyond Colonial Narratives

"India, that is Bharat, shall be a Union of States," the start of the Indian Constitution beautifully highlights the nation's longstanding history. A history of shadowed strength and forgotten stories, the Constitution was written as the nation regained power. British colonial rule of India had suppressed India's strength for decades, ignoring centuries-old social, political, and economic systems to maximize colonial control. Ancient economic structures were redesigned as rigid castes, and traditional political networks were replaced with British rule. For almost a century, India remained repressed and powerless, its culture and history subdued and ignored. However, in the 20th century, a new era began; independence leaders used images of a nostalgic pre-colonial India to kindle a longing for sovereignty. These leaders used the idea of Indian unity, characterized by its wide variety of cultures, languages, and landscapes, but united by a shared history, to garner support as they pushed back against the institutions that dampened the nation's power. The post-independence era saw a surge of nationalism as new generations celebrated India's past and future, looking towards the revival of the nation.

Nevertheless, this nationalism was soon dissipated as British-style schools and institutions outlined the British Raj as the centerpiece of Indian history. Stories of a beautiful ancient India were overshadowed by narratives of Britain's seemingly noble efforts to unite and strengthen the nation. Just as independence leaders used forgotten feelings of nostalgia to inspire the fight for freedom, current generations are tasked with promoting forgotten stories of the past to strengthen the nation's unity. Fighting colonial narratives with ancient stories can bring India's past back into the limelight.

**Anagha Indira Namboodiri**

Life in India began as early as 5000 B.C.E., with the Indus River Valley Civilization. By 2600 B.C.E., it was home to complex cities, a shared written language, and



several advances in technology. The Mauryan, Gupta, and Mughal empires followed the Indus River Valley Civilization. During these periods, India developed strong political, economic, and social systems that allowed the nation to thrive. However, this era of prosperity began to change when British traders landed on Indian shores in the early 17th century. By the mid-18th century, the British East India Company had amassed vast military and large areas of land, essentially controlling the country. That control was made official by the British Crown in 1857 when the British Raj was established.

The British first noticed India for its flourishing economy. Small societies within ancient India were home to skill-based groups. Bankers, blacksmiths, scribes, and physicians provided a service to their community. Talented Indian artisans provided invaluable products to the world through the flourishing Indian Ocean trade. An abundance of spices, traditional handicrafts, and cloth made India highly valued in the world economy. India's share of the world economy when Britain arrived on its shores was 23%, a percentage highlighting India's prominent role in world trade.

However, British rule suppressed these traditional handicrafts, forcing workers to harvest raw materials that were then shipped to Britain and returned as British-manufactured goods. While the British believed they had laid a firm foundation for economic development, Indian officials cited increasing poverty rates as a sign of economic degradation. Rather than respect and build upon India's prosperous economy, the British exploited the system for their benefit. The economic policy established by the British caused a process of deindustrialization, and without a modern industrial transformation taking place, India's economy grew weak. Indians faced extreme poverty caused directly by British economic systems, becoming a mere source of raw materials and a market for British goods. By the end of the 19th century, India had become the biggest importer of British goods, and India's share of the world economy was down to below 4%. As said by Shashi Tharoor during a debate at the Oxford Union, "We literally paid for our own oppression".

Ancient India's economic strength was partnered with a robust and flourishing political system. Small kingdoms and republics characterized India's political landscape. United by strong alliances, local rulers created a network of cooperation that stretched across the entire subcontinent, entangling a web of political unity that was both efficient and powerful. This network was surrounded by well-established borders, defined by geography, with the Himalayan mountains in the North and the Indian Ocean in the South, as well as mapped pilgrimage paths as religious leaders like Adi Shankaracharya traveled to the four corners of Bharat, mapping the borders modern India holds today.





However, the British East India Company entirely dismantled these traditional systems, breaking apart each component of the political structure until India was entirely ruled by British constructions. According to Nicholas Dirks, a professor of History and Anthropology at Columbia University, “India was a patchwork quilt of principalities and powers, colonized remnants of vital political histories” by the time the British Crown assumed direct rule. Colonial leaders spread the idea that they were the first to define political systems in India, and in turn, some historians began to frame historical narratives based on this concept. Well-established royal empires with states and cities that were both politically and culturally united were rewritten as loosely connected independent states. These narratives are the reason why India’s ancient unity is so often forgotten or overlooked. As history was written to uplift the voices of those in power, society began to lose sight of the rich history and political strength the nation held before colonial rule.

Through economic and political changes, one aspect of the Indian nation has remained strong: a shared culture. During the Vedic Period, in the 2nd century BC, stories of a beautiful ancient India were written in great epics. These ancient stories are told across a vast ancient Indian subcontinent, highlighting a shared and united culture. As Indian scholars like Adi Shankaracharya travelled across the nation, they carried the Prasthanathrayi, the three foundational texts that united India under core beliefs. Written in Sanskrit, a scholarly language recognized across the sub-continent, the texts connected people across the country, promoting a culture with Vedic philosophies and shared values. Perhaps the most prominent of these values is Vasudhaiva Kutumbakam – “the world is one family”. Family, not just by blood or community, but across the nation. India has always welcomed people of all religions, shaping a legacy as the nation of tolerance, home to those of all backgrounds.

Across India, small villages were home to tight-knit communities. Each individual played a role in society, harnessing skills passed down from earlier generations. Although communities were split into these occupational groups, divisions were fluid and not necessarily



hierarchical. According to Baden Henry Baden-Powell, an English civil servant who lived in Bengal in the late 20th century, every village was considered a united entity rather than a collection of people, an idea of community that persists in India even today.

However, the introduction of the British census redefined economic divisions as hierarchical class systems. The Raj renamed existing occupational groups as castes, a separation of society far more rigid than previous systems. This transformation undermined traditional societal and economic structures, destroying centuries-old administrative systems and culture. The caste system became highly discriminatory, tarnishing India's image of equality and tolerance. Although the caste system has since been abolished, India still struggles to overcome the discrimination it promoted.

By the early 20th century, India was ready for independence. After almost a century of British rule, independence leaders turned to memories of pre-colonial India to spark a desire for sovereignty, a longing to break free of the overpowering systems that controlled and redefined every aspect of Indian life. As political and economic systems were beginning to shift, a reminder of India's longstanding history and strength reassured the country. The ancient nostalgia united Indians to push forward, strive for independence, and appreciate centuries of strength.

However, that pride dwindled in the coming decades. This decay was mainly due to the Indian education system: an education system established by British officials during colonial rule. The textbooks written during the British Raj were shaped to reflect colonial perspectives, largely neglecting traditional teachings of pre-colonial India and opting to include only modern knowledge to be taught in schools. Without a true understanding of ancient Indian history, the children of future generations lost their pride and nationalism.

India's unity, the product of hundreds of years of shared cultural, economic, and political systems, is far stronger than the unity British narratives claim to have created. While British rule had an immense effect on the country, it was not the unifying force it is often remembered as. Understanding India beyond the colonial

narratives that shadowed its legacy is crucial to its future. Just as India's united history was first written down in the Vedic period, current generations are tasked with transferring those stories to modern mindsets, remembering India's history with the power it once held. By observing the strength of ancient India and understanding the systems that allowed it to prosper, we envision a stronger Indian future.

References


1. Ambedkar, Bhimrao Ramji, et al. "Constitution of India." Legislative Department | India, 2024, legislative.gov.in/constitution-of-india/.
2. Dirks, Nicholas B. Castes of Mind. Princeton University Press, 2001.
3. Thapar, Romila. "The History Debate and School Textbooks in India: a Personal Memoir." History Workshop Journal, vol. 67, no. 1, 1 Mar. 2009, pp. 87–98, https://doi.org/10.1093/hwj/dbn054.
4. Sarangapani, Padma M. "Knowledge, Curricula, and Teaching Methods: The Case of India." Revue Internationale d'éducation de Sèvres, June 2014, https://doi.org/https://doi.org/10.4000/ries.3851.
5. Knable, Cynthia. "Ancient Civilizations: India." National Geographic, 7 May 2024, education.nationalgeographic.org/resource/ancient-civilizations-india/.
6. Govindarajan, Mathura. "Remapping the British Raj - An Indian Perspective." ADJACENT, New York University, 31 Oct. 2018, itp.nyu.edu/adjacent/issue-4/india-by-numbers/.
7. Chandra, Bipan. "Colonial India: British versus Indian Views of Development." Review (Fernand Braudel Center), vol. 14, no. 1, 1991, pp. 81–167, https://www.jstor.org/stable/40241206?origin=JSTOR-pdf.
8. Kosambi, Damodar Dharmananda. "The Basis of Ancient Indian History (II)." Journal of the American Oriental Society, vol. 75, no. 4, Oct. 1955, pp. 226–237, https://doi.org/10.2307/595386.
9. Tharoor, Shashi. Britain Does Owe Reparations. Youtube, Oxford Union, 28 May 2015, https://www.youtube.com/watch?v=f7CW7S0zxv4. Accessed 28 Mar. 2025.
10. Clémentin-Ojha, Catherine. "'India, that is Bharat…': One country, two names." South Asia Multidisciplinary Academic Journal, no. 10, 25 Dec. 2014, pp. 1–21, https://doi.org/10.4000/samaj.3717.
11. Khilnani, Sunil. "Democracy." The Idea of India, Farrar Straus Giroux, New York City, New York, 1997.
12. Chandra, Sharmila. "Storytellers and the Tradition of Storytelling in India: A Look into the Past and Present." Studies in Humanities and Social Sciences (SH&SS), vol. 26, no. 2, 2019.
13. Baden-Powell, Baden Henry. The Origin and Growth of Village Communities in India. Batoche Books, 2003.
14. Madhusoodanan, Sriram. "The Development of Nationalism in the Indian Case." Digital Commons @University of South Florida, University of South Florida, Grace Allen Scholars Theses, 4 June 2009, https://digitalcommons.usf.edu/cgi/viewcontent.cgi?article=1002&context=honors_gast. Accessed 9 Mar. 2025.
15. Goghari, Vina M., and Mavis Kusi. "An introduction to the basic elements of the caste system of India." Frontiers in Psychology, vol. 14, 20 Dec. 2023, https://doi.org/10.3389/fpsyg.2023.1210577.
16. Jha, Sadan. "The Life and Times of Bharat Mata Nationalism as Invented Religion." Manushi, no. 142, Aug. 2004, pp. 34–38.
17. Morrison, Kathleen D., and Carla M. Sinopoli. "Economic Diversity and Integration in a Pre-Colonial Indian Empire." World Archaeology, vol. 23, no. 3, Feb. 1992, pp. 335–352.
18. Singh, Devender. "Identity of Memory and Nostalgia in Narratives of Indian Partition." International Journal for Multidisciplinary Research , vol. 7, no. 2, Mar. 2025.

# I AM FROM

I am from
A place in India known for its natural beauty and rich cultural heritage.
I am from what we call as the Venice of India
From the backwaters, beaches, tea plantations, and festivals,
And the bustling streets and humid, tropical rain.
A place honored with the title
"The Land of Coconuts".
I am also from the Old Dominion;
From the beautiful coastal and mountain landscapes,
Their blue outlines I can see from a distance.
The soft, light pink cherry blossoms that grow in my backyard during spring;
Nearly pure white, tingled with the palest pink.

I am from
The sounds of waking up to the loud sweet chirps of the birds outside the window,
Sitting there, calmly, as they sing their song to nature.
The sound of my mom's cooking fills the air with a delightful aroma of spices.
I hear the mustard seeds popping on the pan
And the spicy smell of the red chillies.
As I study in my room I hear my sister playing joyfully with her dolls.
I am from the sounds of the heater buzzing in the winter as I watch TV
on the smooth, brown couch.
I am from the chirping sounds of the crickets in the backyard
And the lovely fragrance of my mom's flowers and plants.



**Aadya Jayan Vakkom**

I am from
The million flowers in the front yard;
Vibrant, glowing flowers that are showered everyday
with water, sunlight, air, and care.
I am from the small mushroom lights
That glow in the silent night, creating a bright path for anyone that comes to visit.
Its light invites visitors to come.
I am from my craft box that I hide in my drawer.
Its capacity to its fullest;
Filled with all of my gems and supplies to the tiniest flowers that I find outside.
I am from the refrigerator with pictures from the time I opened my eyes
to all the wonderful places we've been to.

I am from
The loving hands of my mother's care and
My dad, who tells me to always do what's right.
I am from my cute little sister who steals all of my stickers just for excitement,
And always wants to play no matter what.
My sister is like a fox who can steal and show love at the same time.
I am from my grandmother and my grandfather's dear love.
I love my grandmother's stories that I will always remember.

I am made up of
Joy and possibility that nothing is impossible.
Confidence sparks inside of me.
I compete and love to win
But I will help anyone who seeks help.
I am made of the booming creativity inside of me,
And the overachieving nature that helps me accomplish anything.
Above and beyond,
I am from the million competitions,
Singing, dancing, spelling, writing, taekwondo, and more
To the many shining trophies on the stand.
I am a rainbow that shines its beautiful, different colors.
I am a firework that loves excitement, amazement, and surprises.

I am the first daughter.
I am creativity.
I am from competitions that allow me to reveal my talents.
I am kindness, intelligence, and love.
I am from the love of my family.
I have always been told to go in the direction of my dreams
And always know that I am braver, stronger, and smarter than I think.
That is who I truly am!

# Jingle Bells









# BODIES OF WATER

This is how we uncover a mind:
Beaches floating inside of bodies,
Open stretches of salt and water
Blue-green-turquoise hands full of
Sea foam [and maybe, just maybe
This is how we also love]

In between the meeting of the waves, lies a poem.
When the water rises and rises because the shore is too far and lonely,
lies another.

This is also how we learn to spot admiration and
Aching in one another. How we learn to tell the difference.
How we begin to scoop up our beloved's saltwater and
Compliment the palm trees dotting the narrow
Strip of sand lining the bottom of their lung cavities and

Then i tell them that my body is made up of
Beaches from generations ago. That the land
My ancestors come from is said to
Have risen from water itself- when an angry part sage/ part warrior,
fully a god in a human body,
threw a bloodied ax and the land bursting above was
The fruit of his rage.

I [we] was [were] born and reborn and reborn,
And i can proudly say that i am earth and water molded into
One and that the air smells of sweet-salt-seawater-
Hurt-fish-seashells-dreams-
And i am ready to pinpoint the wounds

Underneath the surface. I am ready to
Love and love and love.
The beaches in our collective bodies slowly and
Quickly seep across boundary lines and blend and blur and
Fill us up to the point our

Hearts and bodies cannot even recall what it
Felt like to be before

This expanse of water that
Opens and opens and opens.



**Mahitha Vijay**

  

# EINSTEIN, CHURCHILL AND TENNYSON



Krish Murti

When faced with a serious challenge, many of us turn to an expert for advice. But what if we looked to multiple experts for advice? If the experts give us basically the same advice, all is well; what if some of the advice was contradictory? This is what happened to me.

Albert Einstein said, “Insanity is doing the same thing over and over and expecting different results.” Winston Churchill exhorted us, “If you are going through hell, keep going.” Hmmmm…

Luckily for my sanity, Queen Victoria’s poet laureate, Alfred Lord Tennyson, resolved the apparent contradiction for me with his poem, “Ulysses.”

As a child, I was an enthusiastic Couch Potato. My mother would often scold me, “Rama! Rama! You are going to wear out that couch. Go outside and play like other boys!” I would get up and go outside, only as far as a nearby tree; climb a few feet to a conveniently shaped branch; and settle down to be a Tree Potato.

But, in my middle age, faced with an expanding mid-section, I took up bicycling, to fight stress, to stay fit and as my personal battle of the bulge. Just before Labor Day, I set out on my first 100 km ride – 62 miles – and promptly threw out something in my back. It hurt like hell, so I heeded Churchill and kept going. I did the ride – all 100 km of it. The following month I did a century ride – yes, one hundred miles. Excruciating pain set in at around mile 75. Again, I kept going through hell and completed the ride. Four years later, I was hit by a pickup truck while bicycling. I fell on gravel, passed out, and woke up in the Emergency Room with a broken shoulder. I kept going through the hell of weeks of treatment and months of rehab. Then I was back in the saddle, riding on the same road where I was hit.

I had followed Churchill and kept going through hell three times. If you were keeping score, you would have said Churchill 3, Einstein 0.

But then, in my seventies, the “Itis” brothers took over my body - arthritis, tendonitis, and bursitis. Nothing I tried helped mitigate

the pain, so I heeded Einstein and avoided the insanity of doing the same thing over and over. Similarly, I gave up paddling a kayak because of shoulder pain. I gave up rowing due to debilitating back ache. Unexpected, unpredictable, unbearable muscle cramps put an end to my bicycling. The score was now tied, with Churchill 3, Einstein 3.

Then, insult was added to injury. I had always been able to walk for an hour or more, at the drop of a …. turban. Now, sciatic pain forced me to stop after walking for 10 minutes, and sit for 5 minutes, before continuing. I retired to my recliner to ponder.

My attempts to remain fit kept resulting in pain; was it insanity to persist? Should I take up permanent residence in my recliner? "Grandpa, come!" urged a childish voice, as a tiny hand grasped my finger, urging me out of my recliner. My elder granddaughter was the highlight of my life; I could not say "no" to her. What could I do?

That was when I came across Tennyson's poem, Ulysses, about the hero of Greek mythology. In his old age, Ulysses abdicates his kingdom to his son and sets out, with a group of like-minded contemporaries, to seek adventure. He says, "How dull it is to pause, to make an end/ To rust unburnish'd; not to shine in use/ As though to breathe were life" I too wanted more from life than breathing. So I had to try to attain, retain and maintain fitness, without going insane.

Tennyson helped me to understand that there was no real contradiction between Einstein and Churchill. Einstein told us not to do the exact same thing over and over; instead, adjust for what failed the last time and aim for a better outcome. Churchill did not tell us to take every obstacle head on; we can go over, under, or around an obstacle. The destination is what matters, not the route, as even a GPS knows. Along the way, I learned that mental toughness often helps us to accomplish things, in spite of physical weakness.

I turned from conventional medicine to Ayurveda. Massages, yoga, ayurvedic medicines, herbal supplements, giving up a statin drug, and adopting a less toxic diet, finally allow me to walk, without pain, for more than half an hour.

Thus, the real score stands at Tennyson 1, Surrender 0! When faced with an obstacle, I keep going, after making necessary course corrections.

What are your goals, your dreams? How are you doing in attaining those? Will you join me and Tennyson in declaring,

"Tho' much is taken, much abides; … / ..., that which we are, we are; /… Made weak by time and fate, but strong in will."

"I cannot rest from travel; I will drink life to the lees."

"To strive, to seek, to find, and not to yield."





# The Dance of Connection

When "perfect" wasn't enough, I had to unlearn control and learn to dance with my soul, not just my steps. Ishita moved like memory, her Kuchipudi carried generations in every ankle bell. Kavya danced like sculpted fire, her Bharatanatyam etched with centuries of discipline and defiance. Tara? She was a summer storm, her folk dance wild, untamed, unpredictable, like wind through open fields. Some girls had never worn ghungroos before, but they danced with the kind of raw joy that couldn't be choreographed.

And me? I was the checklist, the textbook, the trophy. Bharatanatyam, Mohiniyattam, Kathak, folk. I had trained in every form, every foot placement drilled into my bones. I was always precise, always punctual, always praised for technique. I was the statue in the room, never corrected, but never embraced.

They giggled in corners, shared secret steps, adjusted each other's dupattas with affection. When I danced? Silence. Not the awe-filled kind, the isolating kind. That silence was a wall, thick as fog, and I was dancing on the other side of it.

I told myself it didn't matter. "Let my dancing speak," I thought. But silence echoed louder than applause. It scratched beneath my skin.

I started rehearsing longer, staying after everyone left. One night, I broke. My body rebelled against perfection. I moved without form, without fear. It wasn't dance, it was a storm escaping from inside me. I didn't know they had returned for forgotten water bottles or left earrings. I didn't know they were watching.

"You looked… free," Ishita said, as if seeing me for the first

**Aadya Jayan Vakkom**

time. Kavya's smile was slow, warm. "Finally, you danced like you meant it." That moment lit something in me—not a spark, a wildfire.

From then on, something shifted. The silence softened. I was no longer the statue. We began to build together, not in unison, but in unity. Slowly, I let go of my armor of exactness. I let them see the human under the dancer.

Rehearsals deepened. They weren't just steps anymore—they were stories, stitched in sweat and laughter. Kavya taught me how to breathe through stillness. Ishita made me close my eyes and feel the rhythm, not count it. Tara spun until we were dizzy with laughter and color.

There were stumbles. Once I missed a beat and crumpled in shame, but Tara pulled me up, shouting, "Mistakes are just new steps trying to be born!"

That night, we fell asleep in the studio, heads resting on folded dupattas, hearts syncing like rhythm. But perfection is a jealous ghost. The closer I got to them, the louder it haunted me. What if I failed? What if I slipped on stage? What if I let them down?

The day of the performance, the dressing room throbbed with nerves. Anklets clinked like restless thoughts. Lipstick smeared. Someone cried. Someone meditated. I sat in the corner like a statue cracked in half, holding my ghungroos like they might slip from my fingers and shatter.

My hands didn't shake. My heart did. Not from fear of the stage, but of returning to loneliness, to the perfect cage I'd lived in for years. Then, like lightning through a storm, Tara grabbed my hand. "Don't overthink," she said. "Just dance with us."

The music cue came. We stood behind the curtain, a semicircle of shivering breath and still bodies. The stage loomed like a sleeping dragon. The lights dimmed. The air held its breath. We looked less like a troupe and more like sixteen rivers, ready to crash into one sea. The curtain rose.

Ishita struck first, sharp and silken, the past echoing through her feet. Kavya followed, bold and burning. Then Tara, a lightning bolt, let loose. The others melted in, their rhythms weaving together like strands of a single braid.

Then me. I didn't aim to be flawless. I aimed to feel. I let go. I let my body remember what my soul knew. I didn't dance—I surrendered. My breath became the beat. My feet wrote poetry in the dust of the stage. We weren't dancing steps. We were dancing stories.

The applause started slow, a murmur, then grew, like rain sweeping across a dry field. When we bowed, I didn't feel like the best dancer. I felt like a dancer with a home.

That night, someone from the audience came backstage, eyes wet. "You looked like you were dancing with your souls tied together," they said. "The dance of connection." They were right.

